ഉത്തരം

(എ&ബി) വയനാട് ജില്ലയിൽ കഴിഞ്ഞ നാലുവർഷങ്ങളിൽ നടപ്പാക്കിയ പദ്ധതികളും ഓരോ പദ്ധതിയിലും ചെലവഴിച്ച തുകയും അനുബന്ധമായി* ചേർത്തിരിക്കുന്നു.

## കേരള സാഹിത്യ അക്കാദമിയുടെ ഭരണസമിതി

83 (2108) ശ്രീ.എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സാഹിത്യ അക്കാദമിയുടെ ഇപ്പോഴത്തെ ഭരണസമിതി എന്നാണ് നിലവിൽ വന്നത്; ആരെല്ലാമായിരുന്നു അംഗങ്ങൾ; ഇപ്പോഴത്തെ അംഗങ്ങൾ ആരെല്ലാം ;

(ബി) സാഹിത്യ അക്കാദമിയിലെ അംഗങ്ങൾക്ക് റ്റി.എ., ഡി.എ. യാത്രപ്പടി, മറ്റ് ആനുകൂല്യങ്ങൾ എന്നീ ഇനങ്ങളിൽ ഇതുവരെ എത്ര രൂപ നല്കിയിട്ടുണ്ട് ; വിശദവിവരം വെളിപ്പെടുത്താമോ ;

(സി) സാഹിത്യ അക്കാദമിയിൽ അംഗങ്ങളായിട്ടുള്ള ആരെങ്കിലും സർക്കാരിന്റെ മറ്റേതെങ്കിലും സമിതിയിൽ അംഗങ്ങളാണോ; വിശദവിവരം വെളിപ്പെടുത്താമോ ;

(ഡി) ഒന്നിൽകൂടുതൽ സമിതിയിൽ അംഗങ്ങളായിട്ടുള്ളവർ ഒരേ സമയം രണ്ടു സമിതികളിൽ നിന്നും റ്റി.എ.,ഡി.എ. യാത്രാപ്പടി എന്നിവ വാങ്ങിയിട്ടുണ്ടോ ; എങ്കിൽ ഇതേക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 23-6-1998 ൽ നിലവിൽ വന്നു. അംഗങ്ങളുടെ ലിസ്റ്റ് അനുബന്ധമായി * ചേർക്കുന്നു.

(ബി) ഇതുവരെയായി 1,89,815 രൂപ (ഒരു ലക്ഷത്തി എൺപത്തിയൊമ്പതിനായിരത്തി എണ്ണൂറ്റി പതിനഞ്ച് രൂപ മാത്രം) ടി.എ.,ഡി.എ. ഇനത്തിൽ നല്കിയിട്ടുണ്ട്. വിശദവിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) സാഹിത്യ അക്കാദമിയിലെ ചുവടെ ചേർത്തിരിക്കുന്ന ഏഴ് അംഗങ്ങൾ അവരുടെ പേരുകൾക്ക് നേരെ ചേർത്തിട്ടുള്ള ഭരണ സമിതികളിൽ അംഗങ്ങളാണ്.

1. ശ്രീ എഴുച്ഛേരി രാമചന്ദ്രൻ - കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി.
2. ശ്രീ. കെ.വി. തിക്കുറിശ്ശി - കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി.
3. ശ്രീ. പി.വി.കെ. പനയാൽ - കേരള സംഗീത നാടക അക്കാദമി.
4. ശ്രീ. കെ.പി. മോഹനൻ - കേരള കലാമണ്ഡലം.
5. പ്രൊഫ. പ്രയാർ പ്രഭാകരൻ - കേരള ലളിതകലാ അക്കാദമി.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

6. ശ്രീ. ഇളയടത്തു വേണുഗോപാൽ- കേരള ഫോക്‌ലോർ അക്കാഡമി.

7. പ്രൊഫ. ദാമോദരൻ കാളിയത്ത് - സർവ്വ വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്

(ഡി) വാങ്ങാറില്ല.

## കേരള സംഗീത നാടക അക്കാദമി

84 (2109) ശ്രീ.എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംഗീത നാടക അക്കാഡമി എന്നാണ് പുനഃസംഘടിപ്പിച്ചത് ;

(ബി) ഇതിന്റെ കമ്മിറ്റി അംഗങ്ങൾ ആരെല്ലാമാണ് ;

(സി) ടി.എ., ഡി.എ. എന്നീ ഇനങ്ങളിൽ ഇവർക്ക് ഓരോരുത്തർക്കും നല്കിയിട്ടുള്ള തുക എത്രയാണെന്ന് വെളിപ്പെടുത്താമോ ;

(ഡി) മറ്റേതെങ്കിലും സർക്കാർ സമിതികളിൽ അംഗങ്ങളായിട്ടുള്ളവർ സംഗീത നാടക അക്കാദമിയിൽ അംഗങ്ങൾ ആയിട്ടുണ്ടോ ;

(ഇ) എങ്കിൽ ആരൊക്കെയെന്ന് വ്യക്തമാക്കുമോ ; ഇവർക്ക് സംഗീത നാടക അക്കാഡമിയിൽ നിന്നും നല്കിയിട്ടുള്ള ചെലവുകളുടെ വിവരം വെളിപ്പെടുത്താമോ ;

## ഉത്തരം

(എ) 10-8-1999-ൽ

(ബി&സി) ലിസ്റ്റ് അനുബന്ധമായി * ചേർക്കുന്നു.

(ഡി) ഉണ്ട്.

(ഇ) ടി.എ./ ഡി.എ ഇനത്തിൽ നല്കിയ തുക.

| | | |
|---|---|---|
| 1. | ശ്രീ. പിരപ്പൻകോട് മുരളി എം.എൽ.എ. | 3,758 രൂപ |
| 2. | ശ്രീ. പി.വി.കെ. പനയാൽ (കേരള സാഹിത്യ അക്കാദമി പ്രതിനിധി) | 6,689 രൂപ |
| 3. | ശ്രീ. ടി.എ. സത്യപാൽ (കേരള ലളിതകലാ അക്കാദമി പ്രതിനിധി) | 872 രൂപ |
| 4. | ശ്രീ. കലാമണ്ഡലം കേശവൻ (കേരള കലാമണ്ഡലം പ്രതിനിധി) | 1,232 രൂപ |
| 5. | ശ്രീ. വി.ടി. മുരളി (കേരള ഫോക്‌ലോർ അക്കാദമി പ്രതിനിധി) | 3,542 രൂപ |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

## സാംസ്കാരിക വകുപ്പ് പുറത്തിറക്കുന്ന പ്രസിദ്ധീകരണങ്ങൾ

**85 (2110)** ശ്രീ.എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാംസ്കാരിക വകുപ്പ് പുറത്തിറക്കുന്ന പ്രസിദ്ധീകരണങ്ങൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ ; ഓരോന്നിനും എത്ര കോപ്പികൾ വീതം അച്ചടിക്കുന്നുണ്ട് ; ഇതിന്റെ ഓരോ ഇഷ്യൂവിനും എത്ര രൂപാ വീതം ചെലവു വരുന്നുണ്ട് ;

(ബി) ഈ പ്രസിദ്ധീകരണങ്ങൾക്ക് ആർട്ടിക്കിൾസ് നൽകുന്നവർക്ക് പ്രതിഫലം നല്കാറുണ്ടോ ;

(സി) എങ്കിൽ കഴിഞ്ഞ നാലു വർഷം ആർക്കെല്ലാം എത്ര രൂപ പ്രതിഫലം നല്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

### ഉത്തരം

(എ) സാംസ്കാരികകാര്യ വകുപ്പ് പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കുന്നില്ല, എന്നാൽ സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ് കല, സംസ്കാരം, ചരിത്രം എന്നീ മേഖലകളിലുള്ള പഠനഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണം, മൺ മറഞ്ഞ മഹാന്മാരുടെ ജീവചരിത്രങ്ങൾ, സംസ്കാര കേരളം ത്രൈമാസിക എന്നീ പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കുന്നുണ്ട്. പുസ്തകങ്ങൾ 3000 കോപ്പികൾ വീതവും സംസ്കാര കേരളം ത്രൈമാസിക 2000 കോപ്പികൾ വീതവും അച്ചടിക്കുന്നുണ്ട്. പുസ്തകങ്ങൾക്ക് ഏകദേശം ഒരു ലക്ഷം രൂപയും ത്രൈമാസികയ്ക്ക് ഏകദേശം 70,000 രൂപയും ചെലവു വരുന്നുണ്ട്.

(ബി) ഉണ്ട്.

(സി) വിവരം അനുബന്ധമായി * ചേർക്കുന്നു.

## എഴുത്തുകാർക്ക് പുസ്തകം പ്രസിദ്ധീകരിക്കുന്നതിന് ധനസഹായം

**86 (2112)** ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഴുത്തുകാർക്ക് തങ്ങളുടെ പുസ്തകം പ്രസിദ്ധീകരിക്കുന്നതിനായി സാംസ്കാരിക വകുപ്പിൽ നിന്നും ധനസഹായം നല്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിനകം എത്ര പേർക്ക് ധനസഹായം നല്കിയിട്ടുണ്ടെന്നും ഇതിനായി എന്തു തുക വിനിയോഗിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) സഹായധനം അനുവദിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ഉത്തമ പഠനഗ്രന്ഥങ്ങൾക്ക് സാമ്പത്തിക സഹായം എന്ന പേരിലുള്ള പദ്ധതി അനുസരിച്ച് ഓരോ വർഷവും ഡിസംബർ മാസത്തിൽ പത്രദ്വാരാ അപേക്ഷകൾ ക്ഷണിച്ച് അവ സാംസ്ക്കാരിക പ്രസിദ്ധീകരണ വകുപ്പിന്റെ ഉപദേശക സമിതി പരിശോധിച്ച് അർഹരായവർക്ക് പതിനായിരം രൂപ വരെ പരമാവധി ധനസഹായം നല്കിവരുന്നു. ധനസഹായം സ്വീകരിക്കുന്ന ഗ്രന്ഥകാരൻ പുസ്തകം അച്ചടിച്ച് അതിന്റെ 20 പ്രതി സാംസ്ക്കാരിക പ്രസിദ്ധീകരണ വകുപ്പിന് സൗജന്യമായി നല്കേണ്ടതുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിനകം 98 പേർക്കായി മൊത്തം 8,02,000 രൂപ (എട്ടുലക്ഷത്തി രണ്ടായിരം രൂപ മാത്രം) ധനസഹായം നല്കിയിട്ടുണ്ട്.

(സി) സഹായധനം അനുവദിയ്ക്കുന്നതിന് നിലവിലുള്ള പ്രധാന വ്യവസ്ഥകൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

## എൻസൈക്ലോപീഡിയയുടെ ഭരണ സമിതി

87 (2113) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻസൈക്ലോപീഡിയയുടെ എത്ര വാല്യങ്ങൾ ഇതുവരെ പുറത്തിറക്കിയിട്ടുണ്ട് ;

(ബി) എൻസൈക്ലോപീഡിയയുടെ ഭരണസമിതി അംഗങ്ങൾ ആരെല്ലാം ;

(സി) സർക്കാർ സർവ്വീസിൽ നിന്നും പെൻഷൻപറ്റി പിരിഞ്ഞ ആരെങ്കിലും പ്രസ്തുത വകുപ്പിൽ ജോലിചെയ്യുന്നുണ്ടോ ; എങ്കിൽ ഇവരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും എത്രയാണെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഇത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവുകൾ നിലവിലുണ്ടോ ;

(ഇ) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) എൻസൈക്ലോപീഡിയയുടെ 11 വാല്യങ്ങൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞു.

(ബി)1. മുഖ്യമന്ത്രി - പ്രസിഡന്റ്.

2. ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി - വൈസ് പ്രസിഡന്റ്.

3. ധനകാര്യ വകുപ്പ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹത്തിന്റെ നോമിനി.

4. സെക്രട്ടറി, സാംസ്ക്കാരിക വകുപ്പ്.

5. അഡീഷണൽ സെക്രട്ടറി, സാംസ്ക്കാരികവകുപ്പ്.

6. ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ- മെമ്പർ സെക്രട്ടറി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

7. പ്രൊഫ. എം. കെ. പ്രസാദ്, ഹൗസ് നം. 621, ഗിരിനഗർ, എറണാകുളം, അനൗദ്യോഗിക അംഗം.

8. പ്രൊഫ. കെ. ദാമോദരൻ കാളിയത്ത്, പ്രിയദർശിനി നഗർ, അയ്യന്തോൾ. തൃശ്ശൂർ- അനൗദ്യോഗിക അംഗം.

(സി-ഇ) ഉണ്ട്. ജി.ഒ. (എം.എസ്.) 16/97/സി.എ.ഡി. സർക്കാർ ഉത്തരവ് പ്രകാരം തൃശ്ശൂർ കേരളവർമ്മ കോളേജിൽ നിന്നും റിട്ടയർ ചെയ്ത പ്രൊഫ. വി. അരവിന്ദാക്ഷനെ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറായി നിയമിച്ചിട്ടുണ്ട്. 25-4-1998-ലെ ജി.ഒ. (എം.എസ്.) 26/98/സി.എ.ഡി. ഉത്തരവ് പ്രകാരം 5,100-5,700 രൂപ ശമ്പള സ്കെയിൽ നിശ്ചയിക്കുകയും ആ സ്കെയിലിൽ ഡി.എ., എച്ച്.ആർ.എ., ഐ.ആർ., സി.ബി.എ. മുതലായവ നല്കുകയും ചെയ്തിട്ടുണ്ട്. ഇദ്ദേഹത്തിന്റെ ഡയറക്ടറായുള്ള നിയമന കാലാവധി ദീർഘിപ്പിക്കുവാൻ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

**കെ.പി.എ.സി. യുടെ സുവർണ്ണ ജൂബിലി ആഘോഷത്തെ സംബന്ധിച്ച്**

88 (2114) ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാ സാംസ്ക്കാരിക രംഗത്ത് വിലപ്പെട്ട സംഭാവനകൾ നല്കിയിട്ടുള്ള കെ.പി.എ.സി. അതിന്റെ സുവർണ്ണജൂബിലി ആഘോഷിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെ.പി.എ.സി. യുടെ സുവർണ്ണ ജൂബിലി പരിപാടികളുമായി സഹകരിച്ച് നാടകപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് സഹായകമായ പ്രവർത്തനങ്ങൾക്ക് സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) കെ.പി.എ.സി. യുടെ സംഭാവനകളെ ബന്ധപ്പെടുത്തി ഒരു ഗ്രന്ഥം രചിക്കുന്നതിനും ഒരു ഡോക്കുമെന്ററി തയ്യാറാക്കുന്നതിനും സാംസ്ക്കാരിക വകുപ്പിനെ ചുമതലപ്പെടുത്തുമോ?

ഉത്തരം

(എ) കെ.പി.എ.സി. അതിന്റെ സുവർണ്ണ ജൂബിലി ആഘോഷിച്ച വിവരം പത്രദ്വാര അറിഞ്ഞിട്ടുണ്ട്.

(ബി &സി) തല്ക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

**കലാമണ്ഡലത്തിലെ പ്ലസ് ടു കോഴ്സുകൾ**

89 (2115) ശ്രീ. കെ. നാരായണക്കുറുപ്പ്:
ശ്രീ. കെ. എം. മാണി:
ശ്രീ. തോമസ് ചാഴികാടൻ:
ശ്രീ. സി. എഫ്. തോമസ്:
ശ്രീ. മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കലാമണ്ഡലത്തിൽ ഏതൊക്കെ കോഴ്സുകൾക്ക് നിലവിൽ പ്ലസ്ടു ഉണ്ടെന്നും, പുതുതായി ഏതൊക്കെ കോഴ്സുകൾക്ക് പ്ലസ്ടു അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കഥകളി, കൂടിയാട്ടം, മോഹിനിയാട്ടം, തുള്ളൽ, കഥകളി സംഗീതം, കഥകളി ചെണ്ട, കഥകളി മദ്ദളം, ചുട്ടിയും കോപ്പു പണിയും, മിഴാവ് എന്നീ കോഴ്സുകൾക്ക് പ്ലസ് ടു നിലവിൽ ഉണ്ട്. പുതുതായി കോഴ്സുകൾ അനുവദിച്ചിട്ടില്ല.

**മ്യൂസിയം കോമ്പൗണ്ടിലെ കച്ചവട സ്ഥാപനങ്ങളെ ഒഴിപ്പിക്കുന്ന നടപടി**

90 (2116) ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മ്യൂസിയം/മൃഗശാല കോമ്പൗണ്ടിലെ കച്ചവട സ്ഥാപനങ്ങളെ മാറ്റാൻ ഹൈക്കോടതിയിൽ പൊതുതാല്പര്യഹർജി സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ മ്യൂസിയം കോമ്പൗണ്ടിലെ കച്ചവട സ്ഥാപനങ്ങളെ ഒഴിപ്പിച്ചെടുക്കുന്ന സ്ഥലത്ത് ചിൽഡ്രൻസ് പാർക്കിന്റെ വികസനം നടത്താൻ നടപടി സ്വീകരിക്കുമോ ;

(സി) മ്യൂസിയം കോമ്പൗണ്ടിൽ നിന്നും ഡി.റ്റി.പി.സി. യ്ക്ക് എന്ത് ആവശ്യത്തിന് വേണ്ടിയാണ് പ്രസ്തുത സ്ഥലം കൊടുത്തിട്ടുള്ളതെന്നും എത്ര സ്ഥലം വിട്ടുകൊടുത്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സ്ഥലം തിരിച്ചെടുത്ത് മ്യൂസിയത്തിന്റെ ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ നടപടി എടുക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹൈക്കോടതിയിൽ നിലവിലുള്ള ഹർജ്ജിയിന്മേൽ തീരുമാനമായിട്ടില്ല. കോടതി വിധിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടി സ്വീകരിക്കുന്നതാണ്.

(സി) പൊതുജനങ്ങൾക്കുവേണ്ടി 'പെയ്ഡ് ടോയ്ലറ്റ്' നടത്തുവാൻ ഡി.റ്റി.പി.സി. യ്ക്ക് ഒരു സെന്റ് സ്ഥലം മ്യൂസിയം കോമ്പൗണ്ടിൽ നിന്നും വിട്ടുകൊടുത്തിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

*(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)*

# II അറിയിപ്പ്

## ചോദ്യങ്ങൾ വെബ്സൈറ്റിൽ ലഭ്യമാക്കുന്നത് സംബന്ധിച്ച്

9.30AM] മി. സ്പീക്കർ : ചോദ്യോത്തരങ്ങൾ സംബന്ധിച്ച് ഒരു പ്രധാനപ്പെട്ട അനൗൺസ്മെന്റ് ഈ സഭയിൽ നടത്താനുണ്ട്. അനൗൺസ്മെന്റ് ഇപ്രകാരമാണ്. നിയമസഭാ ചോദ്യോത്തരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാക്കുകയാണ്. ഇന്ന് (17-7-2000) മുതൽ നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളും അവയ്ക്കുള്ള ഉത്തരങ്ങളും നിയമസഭാ സെക്രട്ടേറിയറ്റിന്റെ സ്വകാര്യ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു. തുടക്കത്തിൽ പ്രധാനമായും മാധ്യമങ്ങളെ ഉദ്ദേശിച്ചാണ് ഈ സൗകര്യം നടപ്പാക്കുന്നത്. അതാത് തീയതികളിലെ ചോദ്യോത്തരങ്ങൾ നോക്കുന്നതിനുള്ള സൗകര്യം ഇതിലുണ്ടായിരിക്കും. ഒരേ സമയം 10 പേർക്ക് പുറത്തുനിന്ന് ടെലിഫോൺ വഴി ഈ വെബ് സൈറ്റിൽ ബന്ധപ്പെടാം. ഈ സൈറ്റിന്റെ അഡ്രസ് Assembly. gov. എന്നാണ്. ഇതിന്റെ ഡീറ്റെയിൽസിന് നിയമസഭാ സെക്രട്ടേറിയേറ്റുമായി ബന്ധപ്പെടണം. ഇത് നല്ലൊരു തുടക്കമാണ്. ഇതിനെ അപ്രീഷിയേറ്റ് ചെയ്യുക.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, ഞാൻ പറഞ്ഞ കാര്യം ................

മി. സ്പീക്കർ : അത് പരിശോധിച്ചു. ഇൻസിന്യൂവേഷനോടുകൂടിയുള്ള പരാമർശം രേഖയിൽ നിന്നും നീക്കം ചെയ്തു. അതൊന്നും ഇപ്പോൾ പ്രസക്തമല്ല.

# III അടിയന്തിരപ്രമേയം

## പ്ലസ്ടു കോഴ്സുകൾ അനുവദിച്ചത് സംബന്ധിച്ച് ഹൈക്കോടതി വിധി

മി. സ്പീക്കർ : സംസ്ഥാന ഗവൺമെന്റ് രൂപം നൽകിയ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ലംഘിച്ചുകൊണ്ട് ഈ വർഷം പ്ലസ്ടു കോഴ്സുകൾ അനുവദിച്ച നടപടികളെ സംബന്ധിച്ച് കേരളാ ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് പുറപ്പെടുവിച്ച വിധിയെത്തുടർന്ന് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം ചട്ടം 50 പ്രകാരം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. ഉമ്മൻ ചാണ്ടി, കെ.എം. മാണി, പി.കെ. കുഞ്ഞാലിക്കുട്ടി, ആർ. ബാലകൃഷ്ണപിള്ള, ടി. എം. ജേക്കബ്, ആര്യാടൻ മുഹമ്മദ്, പ്രൊഫ. എ.വി. താമരാക്ഷൻ, ശ്രീമതി കെ.ആർ. ഗൗരിയമ്മ, എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, മാനദണ്ഡങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും ഈ സർക്കാർ തന്നെ ലംഘിച്ചുകൊണ്ട് ഈ വർഷം പ്ലസ്ടു കോഴ്സ് അനുവദിച്ച നടപടിയെ സംബന്ധിച്ചുള്ള .......

LIBRARY ARCHIVES Kerala Legislative Assembly

ഹൈക്കോടതി വിധിയുടെ 54-ാം പേജിൽ പറഞ്ഞിരിക്കുന്നത് "If a procedure laid down by the executive has not been followed by the executive itself, there is no hesitation in our mind that it would suffer from the vice of arbitrariness and malafides. It would, therefore violate the mandate of Article 14 of the Constitution". (ബഹളം............) ഇത് ഒരു ജനറൽ സ്റ്റേറ്റ്മെന്റാണ്. ഏത് റിട്ട് പെറ്റീഷന്റെ അടിസ്ഥാനത്തിലും ഒരു ഗവൺമെന്റ് ഓർഡർ ഹൈക്കോടതി റദ്ദാക്കുമ്പോൾ ഉപയോഗിക്കാറുള്ള സാധാരണ വാചകങ്ങളാണിത്. സർ, എന്റെ കയ്യിലിരിക്കുന്നത് 1996-ലെ ഹൈക്കോടതിയുടെ ഒരു ജഡ്ജ്മെന്റാണ് ......... അതിൽ ......... "We therefore, hold that the two tier tax measure levying higher tax in contract carriage operating Inter-State service offends Article 14 of the Constitution. In the result, we declare that the higher tax imposed on Contract Carriages operating Inter-State service is unconstitutional". (ബഹളം.......) രണ്ടാമത്തെ കേസ് 1996-ൽ തന്നെ വരുന്ന Vandana Vs State of Kerala അതിലുള്ള finding It is illegal and clear violation of the Principles of Equality in the Selection guaranteed under Article-14 of the Constitution........ ഒരു കലത്തിലെ അരി മുഴുവൻ വെന്തിട്ടുണ്ടോ എന്ന് നോക്കാൻ ഒരു വറ്റ് എടുത്ത് നോക്കിയാൽ മതി. ബഹുമാനപ്പെട്ട എ.കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന സമയത്ത് Gomathy Vs. State of Kerala ഇതിലെ ജഡ്ജ്മെന്റ് ഉണ്ട്. ശ്രദ്ധിച്ചുകേൾക്കുക. Admission to post graduate course in superspeciality in the Medical Colleges - Amendment of the prospectus after conducting the written examination and publishing the selection list, reserving certain seats for Lecturers/ Assistant Professors to be selected on seniority basis on a wrong understanding of the law, is illegal, arbitrary and unconstitutional. (ബഹളം..... ) ഇത് മുഴുവനായിട്ടില്ല, മുഴുവൻ കേൾക്കണം. ഈ പ്രശ്നത്തിൽ ഈ ഗവൺമെന്റിനെതിരെ നടത്തിയതിനെക്കാൾ എത്രയോ രൂക്ഷമായ വിമർശനങ്ങളാണ് നിങ്ങൾ നടത്തിയതെന്ന് അറിയണം. മെഡിക്കൽ കോളേജുകളിൽ പി.ജി. കോഴ്സ് പ്രവേശനത്തിനുവേണ്ടി ഇറക്കിയ പ്രോസ്പെക്ടസ് ഭേദഗതി ചെയ്ത് ലക്ചറർമാർക്കും അസിസ്റ്റന്റ് പ്രൊഫസർമാർക്കും സംവരണം ഏർപ്പെടുത്തിയതായിരുന്നു തർക്ക വിഷയം. ഈ കേസിൽ സുപ്രീം കോടതിയുടെ സുപ്രധാന വിധിയും കേരള ഗവൺമെന്റ് തന്നെ കക്ഷിയായ മറ്റൊരു കേസിലെ വിധിയും ഗവൺമെന്റ് അറിഞ്ഞില്ല എന്ന നിലപാടിനെ കോടതി ഇങ്ങനെ വിമർശിച്ചു. The action of the Government is nothing but disrespectful to the law as settled for the past nearly 10 years. (ബഹളം.......) കേൾക്ക് ....... ആയിട്ടില്ല.... ലക്ചറർമാരുടെ അവിഹിത സ്വാധീനത്തിന് വഴങ്ങിയാണ് ഗവൺമെന്റ് തീരുമാനം എടുത്തത് എന്ന് കണ്ടെത്തിയ കോടതി ഇങ്ങനെ പറഞ്ഞു. The same had been passed on extraneous consideration on account of the undue influence exerted by the Lecturers........ extraneous considerations അഴിമതി തന്നെ .... (ബഹളം.....) ആയിട്ടില്ല, വരുന്നതേയുള്ളൂ...... വിധിയുടെ മറ്റൊരു ഭാഗത്ത് ഇപ്രകാരം പറയുന്നു. In the light of my findings as to the

LIBRARY ARCHIVES Kerala Legislative Assembly

Page 9 of 63

Legal aspect of the matter and binding nature of the Supreme Court decisions the irresistible conclusion is that .......... ബഹുമാനപ്പെട്ട ആന്റണി മുഖ്യമന്ത്രിയും ശ്രീ. വി.എം. സുധീരൻ ആരോഗ്യവകുപ്പുമന്ത്രിയും ആയിരിക്കുമ്പോൾ ചെയ്ത കാര്യത്തെപ്പറ്റിയാണ് പറയുന്നത്. "..... Irresistible conclusion is that the Government has not revised the stand on merits, but on other not bona fide considerations as stated by the petitioners". ഗവൺമെന്റ് ഓർഡർ റദ്ദാക്കിക്കൊണ്ട് കോടതി ഇങ്ങനെ പറഞ്ഞു. "I set aside the Government Order as illegal arbitrary and unconstitutional". ശ്രീ. ആന്റണി അങ്ങേയ്ക്ക് അന്തസ്സുണ്ടെങ്കിൽ പൊതുപ്രവർത്തനം അവസാനിപ്പിക്കണം. ഇത് അങ്ങ് മുഖ്യമന്ത്രിയായിരിക്കുമ്പോൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുള്ളതാണ്. ഇതാണ് നിങ്ങളുടെ സ്ഥിതിയെങ്കിൽ ...................... "The contention of the petitioners in (O.P. No. 4584/96 in ground "B") is to the effect that in the counter filed on 6-2-1996 the 1st respondent has completely supported and sustained the prospectus. The 1st respondent made a volte-face and re-introduced the reservation in favour of the Lecturers. Therefore it is obvious that pressure exerted by the Lecturers and their organisation is responsible for quashing Ext. P3 order. The same had been passed on extraneous consideration on account of the undue influence exerted by the Lecturers on the 1st respondent. Therefore, mala fide is writ large on the face of the order". ഇനി എന്തൊക്കെ വേണം. "In the light of my fidnings as to the legal aspect of the matter and binding nature of the Supreme Court decisions the irresistible conclusion is that the Government has not revised the stand on merits......." ഉത്തരം മുട്ടുമ്പോൾ കൊഞ്ഞനം കാട്ടുകയാണ് നിങ്ങൾ. (ബഹളം.....)

<u>മി. സ്പീക്കർ</u> : ഇത് ചട്ടപ്രകാരമുള്ള നിയമസഭാ നടപടിയാണ്. (ബഹളം.....). അത് ചട്ടപ്രകാരം തന്നെ നടക്കണം, അതിനെ അലങ്കോലപ്പെടുത്താൻ അനുവദിക്കില്ല. Please........ Please.......... ഇവിടെ നൽകിയ നോട്ടീസിനെ ആസ്പദമാക്കിക്കൊണ്ട് മന്ത്രിയുടെ മറുപടിയുണ്ടാകും. ഇവിടെ നോട്ടീസ് അവതരിപ്പിക്കും, വീണ്ടും മറുപടിയുണ്ടാകും. അതിനെ തടസ്സപ്പെടുത്താൻ പാടില്ല. അത് കർശനമായി പറയാൻ ചെയർ ആഗ്രഹിക്കുകയാണ്. ഇത് അനുവദിക്കാൻ പറ്റില്ല. (പ്രതിപക്ഷത്ത് പിൻനിരയിൽ നിന്നും പലവിധ അപശബ്ദങ്ങളും കേൾക്കാമായിരുന്നു..............) ചട്ടപ്രകാരം നടക്കുന്നതാണിത്. പ്രതിപക്ഷത്തിന് കൂടുതൽ അവകാശമുള്ളതാണ് റൂൾ 50 എന്നുപറയുന്നത്. ചട്ടപ്രകാരം തന്നെ നടക്കണം, അത് അലങ്കോലമാക്കാൻ അനുവദിക്കുന്ന പ്രശ്നമില്ല. വളരെ കർശനമായി പറയുകയാണ്. അപശബ്ദങ്ങളുണ്ടാക്കുകയും, ചെയറിനുപോലും ശ്രദ്ധിക്കാൻ കഴിയാത്ത അവസ്ഥയിൽ സഭയെ എത്തിക്കുകയും ചെയ്യുന്നത് ഭരണകക്ഷിയായാലും, പ്രതിപക്ഷമായാലും, ആരായാലും അനുവദിക്കുന്ന പ്രശ്നമില്ല. ചെയർ താക്കീത് തരികയാണ്, ആരും തന്നെ ശബ്ദമുണ്ടാക്കരുത്, ശബ്ദമുണ്ടാക്കുന്നവരുടെ പേര് മെൻഷൻ ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോസഫ് : ഞാൻ ഒന്നുകൂടി ആവർത്തിച്ച് പറയുകയാണ്. ഈ കേസ് ബഹുമാനപ്പെട്ട ആന്റണി മുഖ്യമന്ത്രിയായിരിക്കുമ്പോൾ ഉള്ളതാണ്. ആ കേസിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗം "Admission to post graduate course in superspeciality in the medical colleges - Amendment of the prospectus after conducting the written examination ........." അതിനെ സംബന്ധിച്ച് ഹൈക്കോടതി പറഞ്ഞിരിക്കുന്നു. "The first respondent has completely supported and sustained the prospectus. The 1st respondent made a volte-face and re-introduced the reservation in favour of the Lecturers. Therefore it is obvious that pressure exerted by the Lecturers and their organisation is responsible for quashing Ext. P3 order. The same has been passed on extraneous consideration on account of the undue influence exerted by the Lecturers on the 1st respondent". ആന്റണി ഗവൺമെന്റിന് മേൽ അൺഡ്യൂ ഇൻഫ്ളുവൻസ് ചെലുത്തി ഓർഡർ ഇറക്കി എന്നാണ്. Therefore, mala fide is writ large on the face of the order. ഇത്ര ശക്തമായ ഒരു ഓർഡർ Extraneous consideration എന്നുപറഞ്ഞാൽ എന്താണ് ? അഴിമതി. അവരുടെ അൺഡ്യൂ ഇൻഫ്ളുവൻസ് ഉണ്ടായിരിക്കുന്നു. അതുകൊണ്ട് mala-fide is writ large on the face of the order. ഇതാണ്. അതുകൊണ്ട് സുപ്രീംകോർട്ട് ഓർഡർ quash ചെയ്തുകൊണ്ട് പറഞ്ഞു. "In the light of my findings as to the legal aspect of the matter and binding nature of the Supreme Court decision the irresistible conclusion is that the Government has not revised the stand on merits, but on other not bona-fide considerations as stated by the petitioners. For all these reasons I set aside the Government Order dated 28-2-1996 as illegal and arbitrary and unconstitutional." ഇതിൽപ്പരം എന്തുവേണം ? എന്നിട്ട് ഇപ്പോൾ ഇവിടെ "If a procedure laid down by the executive has not been followed by the executive itself, there is no hesitation in our mind that it would suffer from the vice of arbitrariness and mala fides. It would, therefore violate the mandate of Article 14 of the Constitution". We will refer to a few decision on this point. ഇതൊരു ജനറൽ സ്റ്റേറ്റ്മെന്റിനുശേഷം പറഞ്ഞതാണ്. ഈ mala fides അതിനുശേഷം ഈ ഓർഡറിൽ ഒരു സ്ഥലത്തും പറഞ്ഞിട്ടില്ല. ആർക്കും പരിശോധിക്കാം. ജനറൽ സ്റ്റേറ്റ്മെന്റാണിത്. അതിനുശേഷം മുഖ്യമന്ത്രിയും ഞാനുമായി നടത്തിയ ചില സ്റ്റേറ്റുമെന്റുകളെ സംബന്ധിച്ചെല്ലാം ഇവിടെ റീ-എക്സാമിൻ ചെയ്യാനാണ് പറഞ്ഞിരിക്കുന്നത് എന്നെല്ലാം ഇവിടെയുള്ളവർ വിമർശിച്ചു. In the light of the above decision, the State Government will re-examine all the applications received for permission to start Plus Two Course for the academic year 2000-2001. റദ്ദാക്കിയാലേ റീ-എക്സാമിന് പറ്റുകയുള്ളൂ. ബഹുമാനപ്പെട്ട ജേക്കബ് പറഞ്ഞതുകൊണ്ട് ഒരു കാര്യംകൂടി പറയാം, പ്രീ ഡിഗ്രി കോളേജുകളിൽ തുടരണമെന്നായിരുന്നു പ്രധാനപ്പെട്ട ഒരപേക്ഷ. നിർദ്ദാക്ഷിണ്യം ഹൈക്കോടതി അത് തള്ളിക്കളഞ്ഞു. നിങ്ങൾക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ ഈ നിയമസഭയിൽ 1997 ഡിസംബർ

LIBRARY ARCHIVES Kerala Legislative Assembly

18-ാം തീയതി ഏകകണ്ഠമായി പാസാക്കിയ ഒരു നിയമമുണ്ട്. പ്രീ-ഡിഗ്രി അബോളിഷൻ ബിൽ മൂന്നു കൊല്ലക്കാലം കൊണ്ട് പ്രീ ഡിഗ്രി അബോളിഷ് ചെയ്യാനുള്ള നിയമം. ആ നിയമത്തിനെതിരെ നിങ്ങൾ റിട്ട് പെറ്റീഷനുമായി നടക്കുകയാണ്. പ്രീഡിഗ്രി കോളേജുകളിൽ തുടരണമെന്നുള്ള പ്രസ്താവനകളുമായി പ്രതിപക്ഷ നേതാവ് നടക്കുകയാണ്. എന്താണ്, ഈ നിയമസഭ പാസാക്കിയ നിയമമല്ലേ ? ഈ സഭ ഏകകണ്ഠമായി പാസാക്കിയതാണ്. സൗകര്യമില്ല എന്നു നിങ്ങൾ ആദ്യം പറഞ്ഞു. ഇന്ന് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നോട്ടീസിൽ സൗകര്യത്തെപ്പറ്റി ഒറ്റ അക്ഷരമില്ല. കാരണം യാഥാർത്ഥ്യമൊക്കെ അദ്ദേഹം മനസ്സിലാക്കിയിരിക്കുന്നു. ഇന്ന് ഒന്നാം വർഷം പ്ലസ്ടു ക്ലാസുകൾ 528 സ്കൂളുകളിൽ തുടങ്ങിയിരിക്കുകയാണ്. ഈ ഗവൺമെന്റ് വളരെ ഉത്തരവാദിത്വത്തോടുകൂടിയാണ് ഈ കാര്യത്തിൽ നടപടി സ്വീകരിച്ചത്. 1997-ൽ കാശുമേടിച്ചവരും അഴിമതി നടത്തിയവരും അവിടെ ഇരിപ്പുണ്ട്...... 5 മന്ത്രിമാർക്കെതിരെ അഴിമതി ആരോപണം വന്നു, ഒറ്റ ആള് രാജിവച്ചോ ? പ്രതികൂട്ടിലായി കൽത്തുറുങ്കിൽ കഴിയേണ്ടവർ ഇവിടെ ഇരിക്കുകയാണിന്ന്. ഇല്ലേ? അതുകൊണ്ട് രാജിവയ്പ്പിച്ചതിനെപ്പറ്റിയൊന്നും പറയണ്ട. ഈ വിധി വരുന്നതിന് മുമ്പേ പറഞ്ഞ ഗോമതി കേസ്, മുൻ നിയമ വകുപ്പുമന്ത്രി ശ്രീ. കെ.എം. മാണിയും കണ്ടിട്ടുള്ളതാണ്. ആ ഭാഗം ഞാൻ വായിച്ചിട്ടില്ല. ആ നിയമത്തെ മറികടന്നുകൊണ്ട് ആർബിട്രറിയായി, അൺ കോൺസ്റ്റിറ്റ്യൂഷണലായി extraneous consideration എന്ന് ഹൈക്കോടതി പറഞ്ഞാൽ എന്താ ? അഴിമതി, അഴിമതിയുടെ ആൾക്കാർ അവിടെ ഇരിക്കുന്നു. ഹൈക്കോടതി പറഞ്ഞതാണ്, ഞാൻ പറഞ്ഞതല്ല. ഹൈക്കോടതി ശിക്ഷിച്ചവർ വേറെ, ഇന്നിപ്പോൾ നിങ്ങൾക്ക് ഒരക്ഷരം ഉരിയാടാൻ അവകാശമില്ല. Extraneous consideration ന്റെയും അൺ ഡ്യൂ ഇൻഫ്ളുവൻസിന്റെയും പേരിൽ ഉത്തരവിറക്കിയ മുഖ്യമന്ത്രിയായിരുന്നു ശ്രീ. എ.കെ. ആന്റണി. ഒരു കാര്യത്തിൽ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും ശ്രീ. ജേക്കബും വിജയിച്ചു. അപ്പുറത്തുള്ളവരെല്ലാം അഴിമതിക്കാരാണെന്ന് അവർ തെളിയിച്ചു. ഇപ്പോൾ ശ്രീ. ആന്റണിയും, ശ്രീ. സുധീരനും അഴിമതിക്കാരായി. Extraneous consideration എന്താ അർത്ഥം ? അവരെയും കൂടി ഒന്നാന്തരം അഴിമതിക്കാരാക്കി. ഇനിയും സമരം തുടരണം. എല്ലാവരെയും ഒരേ കുടക്കീഴിൽ കൊണ്ടുവരണം. നിങ്ങൾ അവിടെയിരുന്ന് പറയുന്ന ഒരു പരാമർശവും ഹൈക്കോടതി വിധിയിൽ ഇല്ല. നിങ്ങൾ 1991- മുതൽ 1996 വരെ അഞ്ചുകൊല്ലം ഭരിച്ചല്ലോ, പ്രീഡിഗ്രി ഡീലിങ്ക് ചെയ്യുന്നതിനെപ്പറ്റി ആത്മാർത്ഥതയുണ്ടായിരുന്നുവെങ്കിൽ ശ്രീ. കരുണാകരനും ശ്രീ. എ.കെ. ആന്റണിയും മുഖ്യമന്ത്രി ആയിരുന്നപ്പോൾ പ്രീഡിഗ്രി ഡീലിങ്ക് ചെയ്യുന്നതിന്, ചെറുവിരൽ അനക്കിയോ? നിങ്ങൾക്ക് അതൊന്നും വലിയ താൽപ്പര്യമുള്ള കാര്യമല്ല. ആ കാലത്ത് ഇതിനൊന്നും താൽപ്പര്യമില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം ചില നയപരമായ തീരുമാനങ്ങൾ എടുത്തു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ആദ്യ വർഷംതന്നെ വ്യക്തമായ ചില തീരുമാനങ്ങൾ എടുത്തു. ആ തീരുമാനങ്ങൾ ഓരോന്നും സമയബന്ധിതമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസ രംഗത്ത് പ്രീഡിഗ്രി ഡീലിങ്ക് ചെയ്യുന്നതിനെപ്പറ്റി ഞാൻ ഒറ്റയ്ക്ക്



LIBRARY ARCHIVES Kerala Legislative Assembly

ഒരു തീരുമാനം എടുത്തതല്ല. അതാണ് നിങ്ങൾ മനസ്സിലാക്കേണ്ടത്. ഇത് നിയമസഭയിൽ കൊണ്ടുവരുന്നതിനുമുമ്പ് ടെക്നോ പാർക്കിൽ വച്ച് കത്ത് അയച്ചതിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. പ്രതിപക്ഷ നേതാവ് ഉൾപ്പെടെ ഇവിടെയുള്ള എല്ലാപേർക്കും ഇൻവിറ്റേഷൻ അയച്ചു. ഹയർ സെക്കന്ററി എഡ്യൂക്കേഷനെ സംബന്ധിച്ച് നടന്ന നാഷണൽ സെമിനാറിൽ ഒരു തീരുമാനമെടുത്തു. എല്ലാ സംസ്ഥാനങ്ങളോടും ഇന്ന് ഇന്ത്യാഗവൺമെന്റ് പറയുന്നത് എന്താണ്? യൂണിവേഴ്സലൈസേഷൻ ഓഫ് പ്രൈമറി എഡ്യൂക്കേഷൻ. കേരളത്തിൽ ഇത് പോരാ, കേരളത്തിൽ ഇനി ലക്ഷ്യം യൂണിവേഴ്സലൈസേഷൻ ഓഫ് ഹയർ സെക്കന്ററി എഡ്യൂക്കേഷൻ, അതാണ് ലക്ഷ്യം. 'തിരുവനന്തപുരം ഡിക്ലറേഷൻ' എന്ന പേരിൽ അന്ന് ഒരു തീരുമാനമെടുത്തു.

ശ്രീ. ടി. എം. ജേക്കബ് : ശ്രീ. അച്യുതാനന്ദന് അത് അറിയില്ലേ?

ശ്രീ. പി. ജെ. ജോസഫ് : ശ്രീ. അച്യുതാനന്ദൻ പറഞ്ഞ കാര്യം ഞാൻ പറയാം. ധൃതി പിടിക്കേണ്ട. തോക്കിൽകയറി വെടിവെയ്ക്കണ്ട, (ബഹളം......) ശ്രീ. അച്യുതാനന്ദൻ അന്ന് (ബഹളം......) I am on my legs. എന്നെ സംസാരിക്കാൻ അനുവദിക്കണം, അങ്ങ് പ്രൊട്ടക്ഷൻ തരണം. അസഹിഷ്ണുതയുടെ പേരിൽ ഇത്തരത്തിൽ പെരുമാറുന്നത് അങ്ങേയറ്റം സങ്കടകരമാണ്. പറഞ്ഞു കേട്ടതിനുശേഷം .............. ഈ ഫോറം എന്തിനാണ്. കേൾക്കുക. മറുപടി പറയുക, ജനാധിപത്യത്തിന്റെ ഈറ്റില്ലം നിങ്ങൾ ഇന്ന് ശവപ്പറമ്പ് ആക്കുകയാണ്. കേൾക്കാൻ തയ്യാറല്ല, അസഹിഷ്ണുത, ............ തിരുവനന്തപുരം ഡിക്ലറേഷൻ നടത്തി, അത് ഇവിടെ മാത്രമല്ല, ദേശീയ തലത്തിൽ കേരളത്തിന്റെ ലക്ഷ്യം യൂണിവേഴ്സലൈസേഷൻ ഓഫ് ഹയർ സെക്കന്ററി എഡ്യൂക്കേഷൻ എന്നാണ്. ഈ നിയമസഭയിൽ, 1997 ഡിസംബർ മാസം 18-ാം തീയതി പ്രീ-ഡിഗ്രി അബോളിഷൻ ബിൽ ഏകകണ്ഠമായി സഭ പാസാക്കി. ഇനി തുടരണമെങ്കിൽ ശ്രീ. പി.ജെ. ജോസഫ് നിയമസഭയിൽ പറഞ്ഞ കാര്യമല്ല, ഏകകണ്ഠമായി സഭ പാസ്സാക്കിയ നിയമമാണ്. ശ്രീ. അച്യുതാനന്ദൻ പറഞ്ഞത് നിങ്ങൾ മുഴുവൻ വായിച്ചില്ല, ഞങ്ങൾ അത് തുടരാൻ തീരുമാനിച്ചിരുന്നുവെങ്കിൽ വാഗ്ദാനലംഘനം നടത്തിയെന്നു പറഞ്ഞുകൊണ്ട് യു.ഡി.എഫ്. സമരം ഉണ്ടാക്കുമായിരുന്നു. അതാണ് ശ്രീ. അച്യുതാനന്ദൻ പറഞ്ഞത്, അതു വായിക്കുകയില്ല, ഞങ്ങൾക്ക് സമ്പത്തിന് ബുദ്ധിമുട്ട് ഉണ്ടായിരുന്നുവെങ്കിലും ഏകകണ്ഠമായി തീരുമാനിച്ച് എടുത്ത ആ തീരുമാനം നടപ്പിലാക്കണം. അത് ഈ ഗവൺമെന്റിന്റെ കാലത്തു തന്നെ പൂർത്തിയാക്കണം. ഈ നിയമസഭയിൽ പാസ്സാക്കിയ നിയമമാണ്. 528 സ്കൂളുകളിൽ പ്ലസ്ടു കോഴ്സ് ആരംഭിക്കുകയാണ്. നിങ്ങൾ ആ സ്കൂളുകളിലൊക്കെ പോകണം. കോട്ടൺഹിൽ സ്കൂളിലേയ്ക്ക് നിങ്ങൾ ഒന്നു പോയി നോക്കണം. പത്തു ബാച്ചുകളാണ് ഈ വർഷം, അഞ്ഞൂറു കുട്ടികൾക്ക് പ്രീഡിഗ്രിയ്ക്കുള്ള എല്ലാ സൗകര്യങ്ങളോടുംകൂടി അവിടെ ഇന്ന് ക്ലാസ് തുടങ്ങുകയാണ്. കെട്ടിട ഫണ്ടൊക്കെ പി.ടി.എ. പിരിക്കുന്നതിനെ സംബന്ധിച്ച് (ബഹളം........) ഒരു ഗവൺമെന്റ് സ്കൂളിൽ നിങ്ങൾ പോകണം. ജനകീയ പങ്കാളിത്തത്തോടുകൂടിയാണ് അവിടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങൾ നടത്തുന്നത്. ഗവൺമെന്റ് അഞ്ചു ലക്ഷമേ കൊടുത്തിട്ടുള്ളൂ. അഞ്ചു ലക്ഷം ഗവൺമെന്റ് കൊടുത്തിട്ടുള്ള കോട്ടൺഹിൽ സ്കൂളിൽ 30 ലക്ഷം രൂപ മുടക്കി കെട്ടിടവും ലാബും ഉണ്ടാക്കിയിരിക്കുന്നു. നിങ്ങൾ പോയി കാണണം. പത്തു ബാച്ച് എന്നുപറഞ്ഞാൽ അഞ്ഞൂറ് കുട്ടികൾ പഠനം ആരംഭിക്കുകയാണ്. ഇങ്ങനെ കേരളത്തിലെ 528 സ്കൂളുകളിൽ ഇന്നും നാളെയുമായി ഒരു ലക്ഷത്തി പതിനാലായിരം കുട്ടികൾ ക്ലാസിൽ കയറുകയാണ്. നിങ്ങൾ ഇതു കാണണം. ഒരു ലക്ഷത്തി ആറായിരം കുട്ടികൾക്ക് പഠിക്കാൻ അവസരം ഉണ്ടായിരുന്നിടത്ത് കഴിഞ്ഞ വർഷം അനുവദിച്ച എൺപത്തിനാലായിരവും ഇത്തവണ അനുവദിച്ച അഡീഷണൽ ബാച്ച്. അഡീഷണൽ ബാച്ച് എല്ലാ സൗകര്യങ്ങളും ഉള്ളിടത്താണ് കൊടുത്തിരിക്കുന്നത്. മുപ്പതിനായിരം കുട്ടികൾ ഉൾപ്പെടെ ഒരു ലക്ഷത്തി പതിനാലായിരം കുട്ടികൾ ക്ലാസിൽ പ്രവേശിക്കുന്ന യഥാർത്ഥ ചിത്രം നിങ്ങൾ കാണണം. ഹൈക്കോടതി വിധിയെത്തുടർന്ന് ഇതു മുഴുവൻ മൂന്നംഗ കമ്മിറ്റി പരിശോധിച്ചുവരികയാണ്. 22-ാം തീയതിയ്ക്കുള്ളിൽ റിപ്പോർട്ട്, 24-ാം തീയതിയ്ക്കുള്ളിൽ ഉത്തരവ്. 31-7-2000 തിങ്കളാഴ്ച രാവിലെ അറുപതിനായിരത്തിൽപരം കുട്ടികൾ ഇനിയും ക്ലാസിൽ കയറാൻ പോകുകയാണ്. നിങ്ങൾ കാണണം. എലിജിബിൾ ലിസ്റ്റിൽനിന്ന് സ്കൂൾ അനുവദിക്കും. കഴിഞ്ഞ തവണത്തേക്കാൾ ഒരു സ്കൂൾപോലും കുറയ്ക്കുകയില്ല. സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടായിരുന്നിട്ടും ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രിയും, മുഖ്യമന്ത്രിയും ഈ വലിയ ഒരു പരിഷ്ക്കാരം കേരളത്തിൽ വർഷങ്ങളായി നടത്താൻ കഴിയാത്ത നിങ്ങൾ അഞ്ചുകൊല്ലം ഭരിച്ചിട്ടും ചെറുവിരൽപോലും അനക്കാൻ കഴിയാത്ത ഒരു കാര്യം, ആ ഒരു കാര്യത്തിൽ നിങ്ങൾ പറയുന്നു ബഡ്ജറ്റിൽ തുകയില്ല, പതിനഞ്ചു കോടി രൂപയേ ഉള്ളൂ. എന്തൊരു സങ്കടമാണ്. കഴിഞ്ഞ വർഷവും പതിനഞ്ചുകോടി രൂപയേ ഉണ്ടായിരുന്നുള്ളൂ. ബഡ്ജറ്റിനെപ്പറ്റി അറിയാവുന്നവരല്ലേ. ടോക്കൺ പ്രൊവിഷൻ ഉണ്ടെങ്കിൽപൈസ കൊടുക്കാം, അൻപത്തിയാറ് കോടിരൂപ കഴിഞ്ഞ തവണ ചെലവാക്കി. ബഡ്ജറ്റിൽ പതിനഞ്ച് കോടി രൂപയേ ഉണ്ടായിരുന്നുള്ളൂ. ഇത്രയും കാലം ഈ നിയമസഭയിൽ ഇരുന്നിട്ട് ഒരു തുക ചെലവാക്കണമെങ്കിൽ മുഴുവൻ തുകയും ബഡ്ജറ്റിൽ കൊള്ളിക്കണമെന്ന് ആരെങ്കിലും കണക്കാക്കുമോ ? പതിനഞ്ച് കോടി കഴിഞ്ഞ വർഷം പ്രൊവിഷൻ, ചെലവാക്കിയത് അൻപത്തിയാറു കോടിരൂപ ഈ വർഷവും പതിനഞ്ച് കോടിയേ ഉള്ളൂ, ആവശ്യത്തിനു തുക അനുവദിച്ചുതരും. അൻപത്തിയാറു കോടി ചെലവായിടത്ത് ഇപ്പോൾ അറുപത്തിയഞ്ച് കോടിയാകും. അല്ലെങ്കിൽ നൂറ് കോടി ആകും. നിങ്ങളുടെ സങ്കടം അദ്ധ്യാപകർ മുഴുവൻ കോളേജിൽ തുടരുന്നു. കോളേജിൽ ഒരു അദ്ധ്യപകനും വെറുതെ ഇരിക്കുകയില്ല. അവരെല്ലാം സമ്മതിച്ചിട്ടുണ്ട്. പ്ലസ്ടു സ്കൂളുകളിലേയ്ക്ക് വരികയാണ് അവർ, ഒരാളും വെറുതെ ഇരിക്കുകയില്ല. നിങ്ങളുടെ കൂടെ കൂട്ടാൻ ഒരദ്ധ്യാപകനും ഇല്ല. ഇവിടെ നിങ്ങൾ എന്തെല്ലാം കാര്യങ്ങളെയാണ് എതിർത്തത്. വിദ്യാഭ്യാസ പരിഷ്ക്കാരങ്ങളെ മുഴുവൻ നിങ്ങൾ എതിർത്തു. അഭിമാനത്തോടുകൂടി പറയുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് കൂടുതൽ മാർക്ക് മോഡറേഷൻ കൊടുത്ത് ഉള്ള വിജയശതമാനം ഇന്ന് മോഡറേഷൻ

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലാതെ പത്തു ശതമാനം വർദ്ധിച്ചിരിക്കുന്നു. പ്രീഡിഗ്രിയ്ക്കും ഒന്നാംതരം വിജയശതമാനമാണ്. അടുത്ത വർഷം മോഡറേഷനില്ലാതെ അൻപത്തിയാറു ശതമാനം വിദ്യാർത്ഥികളെ വിജയിപ്പിക്കാനുള്ള എല്ലാ പരിപാടിയും ചെയ്തിട്ടുണ്ട്. ആയിരത്തിയിരുന്നൂറ്റിയൻപത് സ്കൂളുകൾ അഡോപ്റ്റ് ചെയ്തിരിക്കുകയാണ്. അവിടെയെല്ലാം നിങ്ങൾപോയി കാണണം. കണക്കിനും ഇംഗ്ലീഷിനുമാണ് കുട്ടികൾ മുഴുവനും തോൽക്കുന്നത്. ആയിരത്തിയിരുന്നൂറ്റിയൻപത് സ്കൂളുകളിൽ നടത്തുന്ന പരിഷ്ക്കാരങ്ങൾ-ഇടുക്കിയിൽ നൂറ് ശതമാനം തോറ്റ സ്കൂളിൽ ഞങ്ങൾ നടത്തിയ പരിഷ്ക്കാരം മൂലം എഴുപതു ശതമാനം വിജയിപ്പിച്ചു. ആയിരത്തിയിരുന്നൂറ്റിയൻപത് സ്കൂളുകളിൽ നമ്മൾ നടത്തിയ ഈ പരിഷ്ക്കാരം വഴി അടുത്ത വർഷം മോഡറേഷനില്ലാതെ അൻപത്തിയാറു ശതമാനത്തിലധികം വിദ്യാർത്ഥികൾ വിജയിക്കും. ഉറപ്പായി പറയാൻ കഴിയും. അത്തരത്തിലുള്ള മാറ്റങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. പത്തു കൊല്ലംകൂടി പ്രി-ഡിഗ്രി കോഴ്സ് തുടരണം എന്നല്ലേ ശ്രീ. ആന്റണി പറയുന്നത്. ആധുനിക കംപ്യൂട്ടർ യുഗത്തിൽ നാണമില്ലേ ഇങ്ങനെ ശ്രീ. ആന്റണിക്ക് പറയാൻ. പത്തുകൊല്ലം പ്രീഡിഗ്രി തുടരണമെന്ന് പാസാകുന്ന മുഴുവൻ കുട്ടികൾക്കും പഠിക്കാൻ അവസരം ഉണ്ടാക്കണം. അങ്ങയുടെ കാലത്ത് ഉണ്ടായിരുന്നോ ? ഇന്ന് ഇവിടെ എന്താണ് സ്ഥിതി ? എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് മൂന്നു ലക്ഷത്തിയെണ്ണായിരം കുട്ടികൾ പാസായി. മുന്നൂറ് മാർക്കിൽ കൂടുതലുള്ളവർ ഒരു ലക്ഷത്തി ഇരുപത്തിയെണ്ണായിരമാണ്. ഇരുന്നൂറ്റിയെഴുപത് മാർക്കിൽ കൂടുതലുള്ളവർ ഒരു ലക്ഷത്തി അറുപത്തിയെണ്ണായിരമാണ്. പ്ലസ്ടൂവിന് അനുവദിച്ചിരിക്കുന്ന സീറ്റ് ഒരു ലക്ഷത്തി എഴുപത്തി അയ്യായിരം. (ബഹളം.......) നിങ്ങളുടെ കയ്യിൽ കണക്കുണ്ടോ? നിങ്ങൾ തോന്നിയ കണക്ക് പറയും. ഇതെല്ലാം ഗവൺമെന്റിനുവേണ്ടി പറയുന്ന കാര്യങ്ങളാണ്. ഒരു ലക്ഷത്തി എഴുപത്തിയയ്യായിരം സീറ്റ്, ഇരുന്നൂറ്റി നാൽപ്പത് മാർക്കിൽ കൂടുതൽ ഉള്ളവർ ഒരു ലക്ഷത്തി തൊണ്ണൂറ്റിയൊൻപതിനായിരം. കോടതി ഇതിലേയ്ക്കൊന്നും കടന്നിട്ടില്ല. കോടതി ഒരു പ്രൊസീഡ്യുവറും അഡോപ്റ്റ് ചെയ്തിട്ടില്ല. ഗവൺമെന്റ് പ്രൊസീഡ്യുവർ പൂർത്തിയാക്കി. എലിജിബിൾ ലിസ്റ്റിൽനിന്ന് സ്കൂൾ അനുവദിച്ച് 31-ാം തീയതി ക്ലാസ് തുടങ്ങും. നിങ്ങളുടെ സമരമെല്ലാം അതുകൊണ്ട് ചീറ്റിപ്പോകും ; ഒരു സംശയവുമില്ല. ഇന്നത്തോടുകൂടി തീർന്നു. ഒരുലക്ഷത്തി നാൽപ്പത്തിരണ്ടായിരം കുട്ടികൾ ക്ലാസ്സിൽ കയറിയത് നിങ്ങളുടെ സമരത്തിന് അടിസ്ഥാനമില്ലാ എന്നുള്ളതിന്റെ തെളിവാണ്. പിള്ളേർക്ക് പഠിക്കാൻ സൗകര്യമില്ല എന്നതായിരുന്നു നിങ്ങളുടെ പ്രധാനപ്പെട്ട ആക്ഷേപം. നിങ്ങളൊന്ന് കേൾക്കണം. ഒരുലക്ഷത്തി തൊണ്ണൂറ്റൊൻപതിനായിരം കുട്ടികൾ മാത്രമാണ് 240 മാർക്കിൽ കൂടുതലുള്ളവർ. ഇരുപത്തയ്യായിരം സീറ്റുകൾ വൊക്കേഷണൽ ഹയർ സെക്കണ്ടറിക്ക്. മുഴുവൻ സീറ്റിലും കുട്ടികൾ കയറിയില്ലേ ? അത് രണ്ടുംകൂടി ആകുമ്പോൾ രണ്ടു ലക്ഷം സീറ്റുകൾ. 240 മാർക്കിൽ കൂടുതലുള്ളവർ ഒരു ലക്ഷത്തി തൊണ്ണൂറ്റൊമ്പതിനായിരം. വൊക്കേഷണൽ ഹയർ സെക്കണ്ടറിക്കും പ്ലസ്ടുവിനും കൂടി രണ്ട് ലക്ഷം സീറ്റുകൾ ; ഐ.ടി.ഐ. യ്ക്കും ഐ.ടി.സി. യ്ക്കും കൂടി മുപ്പത്തൊന്നായിരം സീറ്റുകൾ. പോളിടെക്നിക്കുകളിൽ പതിനായിരം സീറ്റുകൾ ഇത് രണ്ടും കൂടി

LIBRARY ARCHIVES Kerala Legislative Assembly

രണ്ടുലക്ഷത്തി നാൽപ്പത്തിരണ്ടായിരം സീറ്റുകളാണ്. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ അവസരം ഈ ഗവൺമെന്റ് ഒരുക്കിയിരിക്കുന്നു. എസ്.എസ്.എൽ.സി. പാസ്സായ ബഹുഭൂരിപക്ഷം കുട്ടികൾക്കും പഠിക്കാനുള്ള അവസരമുണ്ടാക്കിയ ഒരു ഗവൺമെന്റാണിത്. രണ്ടുലക്ഷത്തി നാൽപ്പത്തിരണ്ടായിരം സീറ്റുകളാണ്. പിന്നോക്ക പ്രദേശങ്ങൾക്ക് മുന്തിയ പരിഗണന കൊടുത്തിരിക്കുന്നു. നിങ്ങൾ ഇത് പൂർത്തിയാകുമ്പോൾ കാണാൻ പോകുകയാണ്. എല്ലാ പ്രദേശങ്ങളേയും തുല്യമായി കണക്കാക്കിക്കൊണ്ട് അടിയന്തിര പ്രമേയമായതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. അതൊക്കെ പലവട്ടം പറഞ്ഞതാണ്. അങ്ങനെ ഒരു പ്രദേശത്തേയും അവഗണിക്കുന്ന ഒരു ഗവൺമെന്റല്ല. എല്ലാ മേഖലകളേയും ഒരു പോലെയാണ് കാണുന്നത്. ബഹുമാനപ്പെട്ട മുസ്ലീംലീഗ് അംഗങ്ങൾ ഒരു കാര്യം മനസ്സിലാക്കണം. ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ ഒപ്പിട്ടുതന്ന നിവേദനത്തിൽനിന്ന് 23 സ്കൂളുകളാണ് അനുവദിച്ചിട്ടുള്ളത്. എന്റെ കയ്യിൽ ആ ലിസ്റ്റ് ഉണ്ട്. വേറെ രണ്ട് എം.എൽ.എ. മാരും തന്ന ലിസ്റ്റുണ്ട്. അപ്പുറത്തുനിന്ന് നാൽപ്പതോളം സ്കൂളുകളുടെ ലിസ്റ്റ് തന്നു. ഇപ്പോൾ നിങ്ങൾ അഴിമതിയെപ്പറ്റി പറയുന്നുണ്ടല്ലോ ; ഗവൺമെന്റ് സ്കൂളിൽ അഴിമതി ഉണ്ടോ ? പത്തനാപുരത്തെ മഹമ്മദൻസ് സ്കൂളിൽ പ്ലസ്ടു കൊടുക്കാൻ റവന്യൂ വകുപ്പുമന്ത്രി 5 ലക്ഷം രൂപ കൈക്കൂലി വാങ്ങി എന്നാണ് പറയുന്നത്. എഴുതി കൊടുത്തുവിട്ടതാണ്. മഹമ്മദൻസ് സ്കൂൾ എന്നു കേട്ടപ്പോൾ വിചാരിച്ചു പ്രൈവറ്റ് സ്കൂളാണെന്ന്. ഒടുവിലല്ലേ അറിഞ്ഞത് അത് ഗവൺമെന്റ് സ്കൂളാണെന്ന്. നിങ്ങളുടെ ആക്ഷേപങ്ങളൊന്നും ...... (ബഹളം)....... ഇത്തരത്തിലുള്ള അടിസ്ഥാനരഹിതമായ ആക്ഷേപങ്ങളാണ്. 50 ശതമാനം ഗവൺമെന്റ് സ്കൂളുകളാണ്. കൈക്കൂലി നടക്കുമോ ? 75 ശതമാനം കോർപ്പറേറ്റ് മാനേജ്മെന്റുകൾക്കാണ് ; കൈക്കൂലി നടക്കുമോ? ................. (ബഹളം)............................ ബഹുമാനപ്പെട്ട എ. കെ. ആന്റണിയുടെ മണ്ഡലത്തിൽ എട്ട് പ്ലസ്ടു സ്കൂളുകൾ അനുവദിച്ചിട്ടുണ്ട്. അവിടെ എവിടെയെങ്കിലും അഴിമതി നടന്നിട്ടുണ്ടോയെന്ന് അദ്ദേഹം അന്വേഷിക്കണം. ബഹുമാനപ്പെട്ട കെ.എം. മാണിയുടെ മണ്ഡലത്തിലും 8 പ്ലസ്ടു സ്കൂളുകൾ അനുവദിച്ചു. വല്ലയിടത്തും അഴിമതി നടന്നിട്ടുണ്ടോയെന്ന് അന്വേഷിച്ച് പറയണം. ഒരാൾ എന്നെ ഫോണിൽ വിളിച്ചു പറഞ്ഞു. അഴിമതി നടന്നിട്ടുണ്ട് എന്ന്. ആ സ്കൂളിന്റെ പേരൊന്നു പറയാമോ എന്ന് ഞാൻ ചോദിച്ചപ്പോൾ പറയുകയാണ്. കൈക്കൂലി മേടിച്ചിട്ടുണ്ട്. പക്ഷേ സ്കൂൾ കൊടുത്തിട്ടില്ല എന്ന്. ഇത്തരത്തിലാണ് പറയുന്നത്. ഇവർക്ക് ഒരൊറ്റ കേസ് പറയാൻ കഴിഞ്ഞിട്ടില്ല. പറഞ്ഞിടത്തെല്ലാം അവിടത്തെ മാനേജർമാരും പി.ടി.എ. യും രംഗത്തു വന്ന് ശക്തമായ തിരിച്ചടി നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള അടിസ്ഥാനരഹിതമായ ആരോപണങ്ങളുമായി നടക്കുകയാണ്. ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് ഇവിടെ നടത്തിയ വിദ്യാഭ്യാസ പരിഷ്ക്കാരം ഹൈക്കോടതി തള്ളിയിട്ട് ഇപ്പോഴും പറയുന്നത് പ്രീഡിഗ്രി തുടരണമെന്ന്. എന്താണ് മനസ്സിലിരിപ്പ്? നിങ്ങൾക്ക് നടത്താൻ കഴിയാതിരുന്നത് ഈ ഗവൺമെന്റ് നടപ്പാക്കി എന്നുള്ളത് മാത്രമേയുള്ളൂ. സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടായിട്ടും ഒന്നേമുക്കാൽ ലക്ഷം സീറ്റുകൾ ഒരുക്കിയിട്ട്, എന്നുപറഞ്ഞാൽ മുമ്പ് ഉണ്ടായിരുന്നതിനേക്കാൾ ഏകദേശം എഴുപതിനായിരത്തിലധികം സീറ്റുകൾ ഈ ഗവൺമെന്റ് ഒരുക്കിയിട്ടും

LIBRARY ARCHIVES Kerala Legislative Assembly

സൗകര്യമില്ല എന്നുള്ള പല്ലവിയുമായി നടക്കുകയാണ്. മുഴുവൻ സൗകര്യങ്ങളോടുംകൂടി രണ്ടുകൊല്ലം മുമ്പ് പ്ലസ്ടു അനുവദിച്ച 528 സ്കൂളുകളിൽ ക്ലാസ് തുടങ്ങിയിരിക്കുന്നു. അതുകൊണ്ട് എനിക്ക് പറയാനുള്ളത്, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഈ കാര്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് ഈ സമരത്തിൽ നിന്ന് പിൻമാറണം. ഇവിടെയുള്ള രക്ഷകർത്താക്കൾ താൽപ്പര്യത്തോടുകൂടി കുട്ടികളെ സ്കൂളിലേയ്ക്ക് അയയ്ക്കുകയാണ്. നിങ്ങൾ അവരെ തടയരുത്. അവർക്ക് എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയിരിക്കുകയാണ്. ഇനി ഒരാഴ്ചത്തെ താമസമേയുള്ളൂ. ജൂലൈ 31-ാം തീയതി. ഹൈക്കോടതി പറഞ്ഞത് ആഗസ്റ്റ് ഒന്ന് എന്നാണ്. അതിന് ഒരു ദിവസം മുമ്പേ, ജൂലൈ 31-ാം തീയതി ഏകദേശം അറുപതിനായിരം കുട്ടികൾ ഇവിടെ പ്ലസ്ടുവിന് ചേരുകയാണ്. വി.എച്ച്.എസ്.സി. യിലും പോളിടെക്നിക്കുകളിലും സീറ്റ് വർദ്ധിച്ചിരിക്കുന്നു. അതിൽ എനിക്ക് സന്തോഷമുണ്ട്. ഒൻപത് എഞ്ചിനീയറിംഗ് കോളേജുകൾക്കുകൂടി അനുവാദം കിട്ടിയിരിക്കുന്നു. ഞാൻ ഈ നിയമസഭയിൽ പറഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ നിന്ന് പോകുന്നതിന് മുമ്പ് പതിനായിരം സീറ്റുകൾ-നാലായിരമേ ഉണ്ടായിരുന്നുള്ളൂ ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ, കഴിഞ്ഞവർഷം ആറായിരം സീറ്റുകൾ. ഇത്തവണ 8,500 സീറ്റുകൾ വിദ്യാഭ്യാസ രംഗത്തുള്ള ഈ സൗകര്യങ്ങൾ നിങ്ങൾ കണ്ണുതുറന്നു കാണണം. രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടിയെ ടെസ്റ്റ് ചെയ്തു മലയാളം ഒന്നാംതരമായിട്ട് എഴുതുന്നു. ഈ കുട്ടികൾ അടുത്ത വർഷം 56 ശതമാനം-2004-ൽ ആറാം ക്ലാസ്സിൽ പഠിക്കുന്ന ഈ കുട്ടികൾക്ക് അടുത്ത വർഷം മുതൽ കമ്പ്യൂട്ടർ എയിഡഡ് എഡ്യൂക്കേഷനാണ്. 90 ശതമാനം കുട്ടികളേയും പാസ്സാക്കുന്ന ഒരു സ്ഥിതിവിശേഷത്തിലേയ്ക്ക് കൊണ്ടുവന്നിരിക്കുന്നു. ഈ വിദ്യാഭ്യാസ പരിഷ്ക്കാരങ്ങളോട് സഹകരിക്കണം. കോളേജുകളിൽ നിന്ന് പ്രീഡിഗ്രി ഡീലിംങ്ക് പൂർത്തിയാക്കിക്കൊണ്ട് ഈ 30-ാം തീയതി ഉത്തരവ് പുറപ്പെടുവിച്ചു. ആ ജി.ഒ. എന്റെ കയ്യിലുണ്ട്. പ്രീഡിഗ്രി കോളേജുകളിൽനിന്ന് മാറ്റി സ്കൂളിന്റെ ഭാഗമായിരിക്കുന്നു. 170 കോളേജുകൾ ഉണ്ടായിരുന്നത് ഏകദേശം 900 സ്കൂളുകളിലായി കുട്ടികൾക്ക് അതാത് പ്രദേശത്തെ സ്കൂളുകളിൽ തന്നെ പഠിക്കാനുള്ള സൗകര്യമുണ്ടാക്കിയിരിക്കുന്നു. അതിനോട് നിങ്ങൾ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ : ശ്രീ. ഉമ്മൻചാണ്ടി, അങ്ങയുടെ നോട്ടീസ്.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഞങ്ങൾ നോട്ടീസ് നൽകിയ അടിയന്തിര പ്രമേയത്തിൽ ഏകദേശം നാൽപ്പത് മിനിട്ട് എടുത്ത് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി നടത്തിയ മറുപടി കേട്ടപ്പോൾ എനിക്ക് വളരെ ദുഃഖവും അദ്ദേഹത്തോട് സഹതാപവും തോന്നി. വിദ്യാഭ്യാസ രംഗത്തെ ഇന്നത്തെ സ്ഥിതിഗതികൾ അദ്ദേഹം മനസ്സിലാക്കിയിട്ടാണോ ഇങ്ങനെ സംസാരിക്കുന്നത്. എസ്.എസ്.എൽ.സി. യുടെ റിസൾട്ട് വന്ന് അമ്പത് ദിവസം കഴിഞ്ഞപ്പോൾ പ്ലസ്ടുവിന്റെ ക്ലാസ്സ് തുടങ്ങുന്നു എന്നുള്ളതാണ് അദ്ദേഹം ഏറ്റവും വലിയ നേട്ടമായിട്ട് പറഞ്ഞത്. പ്ലസ്ടു അനുവദിച്ച സ്കൂളുകളിലെ അടിസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

സൗകര്യങ്ങൾ സംബന്ധിച്ച പരിശോധന ഇപ്പോഴും നടക്കുകയാണ്. അഡീഷണൽ ബാച്ചിന്റെ കാര്യത്തിൽ ഇന്നും അനിശ്ചിതത്വം നില നിൽക്കുകയാണ്. ഇങ്ങനെയുള്ള ഒരു സാഹചര്യത്തിൽ ആ പ്രശ്നങ്ങളൊന്നും കാണാത്തവിധത്തിലാണ് അദ്ദേഹം മറുപടി പറഞ്ഞത്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി, ഞങ്ങൾ ഇന്ന് നോട്ടീസ് നൽകിയത് കോടതി വിധിയുടെ പശ്ചാത്തലത്തിൽ ആയതുകൊണ്ടാണ്. അത് മുഖ്യമായിട്ട് ഇന്ന് പ്ലസ്ടുവിൽ എല്ലാ സൗകര്യങ്ങളും ഉണ്ടായി. ഇന്നത്തെ നോട്ടീസിൽ അത് പറഞ്ഞിട്ടില്ലെന്ന് സൂചിപ്പിച്ചു. ഇന്നത്തെ സ്ഥിതിയെന്താണ് ? ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇതൊന്ന് കേൾക്കണം. അങ്ങയുടെ സ്റ്റേറ്റ്മെന്റ് വന്നു. 240 മാർക്ക് വാങ്ങി എസ്.എസ്.എൽ.സി. പാസായ എല്ലാ കുട്ടികൾക്കും പ്ലസ്ടുവിന് അഡ്മിഷൻ കിട്ടുമെന്നാണ് അങ്ങ് പറഞ്ഞത്. എന്റെ നാട്ടിൽ ഒരു ഗവൺമെന്റ് സ്കൂളുണ്ട്. വലിയ സൗകര്യങ്ങളുള്ള സ്കൂളല്ല. പ്രവേശനത്തിന് തിരക്കുള്ള സ്കൂളുമല്ല. അവിടെ പ്രവേശനത്തിനുള്ള മിനിമം മാർക്ക് 340 ആണ്. ഇന്ന് ക്ലാസ് തുടങ്ങുകയാണ്. 340 മാർക്കാണ് വലിയ തിരക്കില്ലാത്ത ഗവൺമെന്റ് സ്കൂളിൽ അഡ്മിഷൻ കിട്ടാൻ വേണ്ടതെന്നാണ് എനിക്ക് ഇന്നലെ അന്വേഷിച്ചപ്പോൾ കിട്ടിയ വിവരം. രക്ഷകർത്താക്കൾ കുട്ടികളുടെ അഡ്മിഷനുവേണ്ടി ഓടിനടക്കുകയാണ്. വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇതൊന്നും അറിയാത്ത മട്ടിൽ കുറേയധികം കാര്യങ്ങൾ ഇവിടെ പറയുകയാണ്. അങ്ങയോട് എനിക്ക് സഹതാപം തോന്നി. പ്രീ-ഡിഗ്രി വേർപെടുത്തിയതിൽ അങ്ങ് അഭിമാനം കൊള്ളും. കഴിഞ്ഞ ഗവൺമെന്റ് എന്തുകൊണ്ടാണ് അത് നടത്താത്തതെന്ന് ചോദിച്ചു ? ഇന്ന് വിദ്യാഭ്യാസരംഗത്ത് നടക്കുന്നത് തുഗ്ളക്കിന്റെ പരിഷ്ക്കാരങ്ങളല്ലേ ? ഈ നിയമസഭയിൽ 22-6 -2000 ത്തിന് ഒരു ചോദ്യത്തിന് ഗവൺമെന്റ് തന്ന മറുപടിയാണ് ഇത്. ഓപ്പൺ സ്കൂളിൽ സയൻസ് ഗ്രൂപ്പ് അനുവദിക്കുമെന്ന് പറഞ്ഞിരുന്നു. എൻ.സി.ഇ.ആർ.ടി. യുടെ ഒരു യൂണിറ്റായിട്ടാണ് ഇപ്പോൾ പ്രവർത്തിച്ചു വരുന്നത്. ഇവിടെ കഴിഞ്ഞവർഷം ഹയർ സെക്കന്ററി കോഴ്സ് ആരംഭിച്ചു. ഹയർ സെക്കന്ററി പോലെതന്നെ സയൻസ്, കോമേഴ്സ്, ഹ്യൂമാനിറ്റീസ് എന്നീ ഗ്രൂപ്പുകൾ ഇവിടെ പഠിപ്പിക്കുന്നുണ്ട്. എന്നാൽ ഇപ്പോൾ ഓപ്പൺ സ്കൂളിൽ നിന്ന് സയൻസ് ഗ്രൂപ്പ് മാറ്റാൻ തീരുമാനിച്ചിരിക്കുന്നു. എന്തൊക്കെ പരിഷ്ക്കാരമാണിത് ? എന്നിട്ട് നിങ്ങൾ ഇന്ന് അഭിമാനം കൊള്ളുന്നു. ലക്ഷക്കണക്കിന് രക്ഷിതാക്കൾ അവരുടെ കുട്ടികളുടെ അഡ്മിഷനെ സംബന്ധിച്ച് വേദനയോടുകൂടി കഴിയുകയാണ്. അതിൽ നിന്നൊക്കെ വ്യത്യസ്തമായി വിദ്യാഭ്യാസ വകുപ്പുമന്ത്രി കോടതി വിധിയെ മറികടക്കാൻവേണ്ടി നടത്തിയ ശ്രമം കണ്ട് എനിക്ക് സഹതാപം തോന്നി. കോടതി വിധി വന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ആദ്യം പറഞ്ഞത് എന്താണ് ? വിധി ഞങ്ങൾക്ക് അനുകൂലമാണെന്നാണ്. കാള പെറ്റെന്ന് കേട്ടപ്പോൾ കയറെടുക്കുന്നതുപോലെയാണ്. ഇന്ന് ഇപ്പോൾ ജഡ്ജ്മെന്റ് മുഴുവൻ വന്നു. ജഡ്ജ്മെന്റ് മുഴുവൻ വന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഇപ്പോൾ പറയുന്നത് ഇഞ്ചി തിന്ന കുരങ്ങിനെപോലുള്ള മറുപടിയാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി, അങ്ങ് ഈ ജഡ്ജ്മെന്റിനെ ന്യായീകരിക്കാൻവേണ്ടി 4 കേസുകൾ ഇവിടെ പറഞ്ഞു. അതിൽ രണ്ടെണ്ണം ഇൻഡിവിജുവൽ കേസുകളാണ്. ഒരു കേസ്

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന ഗവൺമെന്റിന്റെ വരുമാനം വർദ്ധിപ്പിക്കാൻവേണ്ടിയുള്ള കേസാണ്. സംസ്ഥാന ഗവൺമെന്റിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി നിയമങ്ങൾ കൊണ്ടുവരും. ടാക്സ് പിരിക്കാനുള്ള നടപടികൾ വരും. അഫക്ടഡ് ആയിട്ടുള്ള പാർട്ടികൾ കോടതിയിൽ പോകും. ചിലപ്പോൾ സുപ്രീംകോടതി വരെ പോകാം. അവർക്ക് സാമ്പത്തിക സൗകര്യമുണ്ട്. വലിയ വക്കീലന്മാരെ എൻഗേജ് ചെയ്യും. ഗവൺമെന്റിന്റെ തീരുമാനം ചിലപ്പോൾ റദ്ദ് ചെയ്തു എന്നിരിക്കും. റദ്ദ് ചെയ്താൽ അത് മറികടക്കാൻ നിയമം കൊണ്ടുവരും. അങ്ങനെ ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. ധനകാര്യ വകുപ്പുമന്ത്രിക്ക് അറിയാം. സംസ്ഥാന ഗവൺമെന്റിന് വരുമാനം കൂട്ടാൻവേണ്ടി കൊണ്ടുവന്ന ഒരു നിയമത്തിനെതിരെ വന്ന കോടതിയുടെ പരാമർശം ഇവിടെ കോഴ വാങ്ങാനും അഴിമതി നടത്താനുംവേണ്ടി കൊണ്ടുവന്നതിന് ഉദ്ധരിച്ചത് എത്രയോ ദയനീയമാണ്. ഈ വിധിയിൽ ഒരു ഗവൺമെന്റിനോട് പറയാവുന്ന എല്ലാ പദപ്രയോഗങ്ങളും നടത്തിയിട്ടില്ലേ? ദുരുദ്ദേശപരം, സ്വേച്ഛാപരം, ഭരണഘടനാവിരുദ്ധം. വളരെ വ്യക്തമായി പറഞ്ഞിട്ട് അങ്ങ് പറഞ്ഞുപിന്നെ ഒന്നും പറഞ്ഞിട്ടില്ലെന്ന്. അങ്ങയുടെ കയ്യിൽ ജഡ്ജ്മെന്റിന്റെ കോപ്പി ഉണ്ടല്ലോ. പേജ് 59-ൽ പറഞ്ഞിരിക്കുന്നത് എന്താണ് ? അങ്ങ് പറഞ്ഞു വേറൊന്നും കൂടുതലായിട്ട് പറഞ്ഞിട്ടില്ലെന്ന്. It is difficult to appreciate how the very Government has now exercised the power in a manner which is totally arbitrary. What is worse is it is totally contrary to the procedure established by the Government itself under five orders which are issued in exercise of the executive powers of the Government under Article 154 r/w Article 162 of the Constitution. അങ്ങ് ഇവിടെ ഒരു വാചകം വായിച്ചത്. If a procedure laid down by the executive has not been followed by the executive itself, there is no hesitation in our mind that it would suffer from the vice of arbitrariness and malafides. It would, therefore, violate the mandate of Article 14 of the Constitution. പിന്നെ ഇതിനെക്കുറിച്ച് ഒന്നും പറഞ്ഞിട്ടില്ലെന്നാണ് അങ്ങ് പറഞ്ഞത്. ജഡ്ജ്മെന്റ് അങ്ങയുടെ കയ്യിലുണ്ടല്ലോ. അങ്ങ് വായിച്ചില്ലേ ? പേജ് 59-ൽ പാരഗ്രാഫ് 57-ൽ totally arbitrary എന്ന് വളരെ വ്യക്തമായി എഴുതിയിരിക്കുകയാണ്. പിന്നെ വീണ്ടും പറയുന്നു. We can only come to the conclusion that the State Government has not followed the procedure for the applications received during the academic years 1998-99, 1999-2000 and 2000-2001. ഇതിൽ കൂടുതൽ ഒരു ജഡ്ജ്മെന്റ് ഗവൺമെന്റിന്റെ നടപടിയെക്കുറിച്ച് എന്തിനാ വേണ്ടത് ? എന്നിട്ട് അങ്ങ് അതിനെ ന്യായീകരിക്കാൻ ശ്രമിച്ചത് കേരളത്തിലെ ജനങ്ങളോടുള്ള വെല്ലുവിളിയാണ്. വളരെ വ്യക്തമായിട്ട് സ്വേച്ഛാപരവും ദുരുദ്ദേശപരവും എന്ന് പറഞ്ഞിട്ടുണ്ട് സ്വേച്ഛാപരമെന്ന് പറഞ്ഞാൽ ഏകാധിപത്യരീതി. ദുരുദ്ദേശപരമെന്ന് പറഞ്ഞാൽ ഉദ്ദേശശുദ്ധിയില്ലാതെ അതിലേയ്ക്ക് നീങ്ങുന്നു. ആ പദപ്രയോഗം അഴിമിതിയിലേക്ക് നീങ്ങുകയല്ലേ ? എന്നിട്ട് ചില ഇൻഡിവിഡുവൽ കേസുകളിൽ സ്റ്റേറ്റ് ഗവൺമെന്റിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി കൊണ്ടുവന്ന വിധിയെ ന്യായീകരിക്കാൻ ശ്രമിച്ചത് വളരെ നിർഭാഗ്യകരമായിപ്പോയി. എനിക്ക് ഒരുകാര്യംകൂടി സൂചിപ്പിക്കാനുള്ളത് ഗവൺമെന്റിന് എതിരായി വന്നിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവും വലിയ Government Officers' signatures and seals, this last compilation lacks any of the necessary attributes of a Government record. It is not possible to know who is the officer who had signed it and who has checked it. There are no dates. There is no heading given to the Chart. None of the signatures bear any date എന്നാണ്. ഏറ്റവും പ്രധാനപ്പെട്ട കമന്റ് We do not wish to comment further on the last bunch of papers which was produced today in support of the plea that there was some adherence to the rule of law. പരാമർശനം ഗവൺമെന്റ് കൊടുത്ത രേഖകൾ വിശ്വസനീയമല്ല. ഇതുപോലെ ഒരു ഗവൺമെന്റിന് എതിരായി എന്തെങ്കിലും ഒരു വിധി വന്നിട്ടുണ്ടോ ? വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് ഞാൻ ചോദിക്കുകയാണ്. പല ജഡ്ജ്മെന്റുകളും ഇവിടെ ഉദ്ധരിച്ചല്ലോ. സംസ്ഥാന ഗവൺമെന്റ് ഹാജരാക്കിയ രേഖകൾ വ്യാജമാണ്. അത് വിശ്വസിക്കാൻ കൊള്ളില്ല. ഒപ്പും സീലും ഇല്ലാത്ത ഒരു കെട്ട് കടലാസ് എന്ന് പറഞ്ഞുകൊണ്ട് ഒരു ഡിവിഷൻ ബഞ്ച് വിധി പറയുക. ആ വിധിക്ക് അപ്പീൽ പോകാനുള്ള തന്റേടം പോലും കാണിക്കാതെ ഈ നിയമസഭയിൽ വന്നുനിന്നുകൊണ്ട് അതിനെ ന്യായീകരിക്കുകയാണ്. ഞാൻ എന്താണ് അതിനെക്കുറിച്ച് പറയേണ്ടത് ? ജഡ്ജ്മെന്റിൽ പറയുന്നത്. We find that this document has not authenticity, seems to be a hand written sheet prepared without any seal. It does not inspire any confidence in us. Unlike the earlier three compilations for the previous years, which has initials of officers, printed forms, typed notings, ഇവർ പറഞ്ഞതിനേക്കാൾ കൂടുതലായില്ലേ ? "ഇതിനെക്കുറിച്ച് നമ്മൾ കൂടുതലായിട്ടൊന്നും പറയുന്നില്ല" എന്ന് പറഞ്ഞത് ഇന്നുവരെ പറഞ്ഞിട്ടുള്ളതിനേക്കാൾ ഗവൺമെന്റിന് ഏറ്റ കടുത്ത പ്രഹരമാണ്. 1977-ൽ രാജൻ കേസ്സിൽ ശ്രീ.കെ. കരുണാകരൻ കൊടുത്ത സത്യവാങ്മൂലം പരിശോധിക്കാൻവേണ്ടി മജിസ്ട്രേറ്റ് കോടതിയിലേക്ക് അയച്ചു. അത് തെറ്റാണെന്ന് പറഞ്ഞില്ല. അത് കള്ളമാണെന്ന് പറഞ്ഞില്ല. അത് പരിശോധിക്കാൻവേണ്ടി മജിസ്ട്രേട്ട് കോടതിയിലേക്ക് വിട്ടതിന് അന്ന് മുഖ്യമന്ത്രിസ്ഥാനം രാജിവച്ച് ജനാധിപത്യത്തിന് മാതൃക കാണിച്ച നേതാവാണ് ശ്രീ.കെ. കരുണാകരൻ. പക്ഷെ, ഇന്ന് നിങ്ങൾ ഹാജരാക്കിയ രേഖ സംശയങ്ങൾക്കതീതമായി തെറ്റാണ്. അത് വിശ്വസിക്കാൻ കൊള്ളുകയില്ല, ഗവൺമെന്റ് രേഖയായിട്ട് കണക്കാക്കാൻ പറ്റുകയില്ല. ഒരുകെട്ട് കടലാസ്സായിട്ട് മാത്രമേ കണക്കിലെടുക്കാൻ പറ്റുകയുള്ളൂവെന്ന് പറഞ്ഞിട്ട് പിന്നെയും അതിനെ ന്യായീകരിക്കാൻവേണ്ടി ശ്രമിക്കുന്നത് ഏറ്റവും ബുദ്ധിമുട്ടാണ്. കായംകുളത്ത്, ശ്രീ. സുധാകരന് അറിയാം, അവിടെ സ്കൂൾ അനുവദിക്കാതിരുന്നതിനെതിരെ മുതുകുളം ഹൈസ്കൂൾ സമാജം കൊടുത്തകേസിൽ മറ്റൊരു ജഡ്ജുമെന്റ് വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയ്ക്ക് ആ ജഡ്ജുമെന്റ് കിട്ടിയോ ? അങ്ങയുടെ ഗവൺമെന്റിന്റെ തീരുമാനം തള്ളിക്കൊണ്ട് ആ സ്കൂൾ അനുവദിച്ചുകൊണ്ടുള്ള ജഡ്ജുമെന്റ് ഉണ്ട്. "We are not prepared to dismiss this allegation without any basis". പെറ്റീഷനിൽ കൊടുത്തിരിക്കുന്ന ഗവൺമെന്റിനെതിരായിട്ടുള്ള അലിഗേഷൻസ് ഞങ്ങൾ ഡിസ്മിസ് ചെയ്യുന്നില്ല. It was no doubt open for the State to place

LIBRARY ARCHIVES Kerala Legislative Assembly

the relevant files before this Court in order to satisfy ourselves that the allegations levelled are baseless. No such attempt is seen made by the Government. ആ പെറ്റീഷനകത്തെ അലിഗേഷൻസ് ബേയ്സ് അല്ലായെന്ന് തെളിയിക്കുന്നതിനുവേണ്ടിയുള്ള ഫയൽ ഹാജരാക്കാനുള്ള അറ്റംപ്റ്റുപോലും നടത്തിയിട്ടില്ല. പെറ്റീഷനകത്തെ അലിഗേഷൻസ്സെല്ലാം കറക്ടാണെന്ന് പറഞ്ഞ കേരള ഹൈക്കോടതിയുടെ മറ്റൊരു ഡിവിഷൻ ബഞ്ച് വിധിച്ച് നിങ്ങൾ റിജക്ട് ചെയ്ത സ്കൂളിന് പ്ലസ്ടു അനുവദിക്കാൻ പറഞ്ഞ് ഓർഡർ കൊടുത്തിരിക്കുകയാണ്. അതിനെക്കുറിച്ച് അങ്ങേയ്ക്ക് എന്താണ് പറയാനുള്ളത്? ഈ ജഡ്ജുമെന്റിനകത്ത് ഗവൺമെന്റിന് ഒരു നയവുമില്ലെന്ന് പറഞ്ഞിട്ടില്ലേ? പ്ലസ്ടു സംബന്ധിച്ച്, പ്രീഡിഗ്രി വേർപ്പെടുത്തുന്നത് സംബന്ധിച്ച് ഒരു നയമില്ലെന്ന് പറഞ്ഞിട്ടില്ലേ? ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി, അങ്ങ് ഇവിടെ ഊറ്റംകൊണ്ടു, കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് പ്രീഡിഗ്രി വേർപെടുത്തുന്നതിന് നടപടിയൊന്നും സ്വീകരിച്ചില്ല, ഈ ഗവൺമെന്റ് നടപടി സ്വീകരിച്ചു... നിയമം കൊണ്ടുവന്നു, പാസ്സാക്കിയെന്ന് ഞാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് ചോദിക്കട്ടെ, ഈ പ്രാവശ്യം പ്രീഡിഗ്രി വേർപെടുത്തുന്നതിന് ഈ നിയമസഭ പാസ്സാക്കിയ നിയമത്തിലെ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോ? അങ്ങ് ഇതിന് എല്ലാം മറുപടി പറയണം. പ്രീഡിഗ്രി വേർപ്പെടുത്തൽ നിയമം സെക്ഷൻ 3 (1) അനുസരിച്ച് ഒരു നോട്ടിഫിക്കേഷൻ വേണം. സെക്ഷൻ 3 (2) അനുസരിച്ച് ഒരു ആറംഗ കമ്മിറ്റിയുടെ ശുപാർശ വേണം. ആ കമ്മിറ്റിയുടെ ശുപാർശ ഉണ്ടോ? നോട്ടിഫിക്കേഷൻ ഉണ്ടെന്ന് അങ്ങ് പറഞ്ഞാൽ ശുപാർശ ഇല്ലെന്ന് അങ്ങേയ്ക്ക് സമ്മതിക്കേണ്ടിവരും. ഇവിടെ നിയമം കൊണ്ടുവന്നു. പാസ്സാക്കി. എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കിയശേഷം പ്രീഡിഗ്രി വേർപ്പെടുത്തുന്ന കാര്യം വന്നപ്പോൾ ഈ നടപടിക്രമങ്ങളെല്ലാം കാറ്റിൽ പറത്തിയിരിക്കുകയാണ്. ഇത് എന്തിനുവേണ്ടി? ആർക്കുവേണ്ടി? ഇത്രയും ഗുരുതരമായിട്ടുള്ള, ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒരു പ്രശ്നം നിങ്ങൾ എത്ര ലാഘവബുദ്ധിയോടുകൂടിയാണ് കൈകാര്യം ചെയ്തിട്ടുള്ളത്. വിദ്യാർത്ഥികളുടെ ഭാവിയെ പന്താടാൻ യാതൊരു മടിയുമില്ലാത്ത ഒരു നടപടി. ഈ കേസിൽ ഗവൺമെന്റ് അപ്പീൽ പോയില്ല. അതിന്റെ അർത്ഥമെന്താണ്? ഈ ഗവൺമെന്റിനെ കുറിച്ചുള്ള പരാമർശങ്ങളെല്ലാം അംഗീകരിച്ചുവെന്നാണ്. ഇതുവരെ ഇന്ത്യയിലെ ഒരു ഗവൺമെന്റിനും ഇതുപോലൊരു ഗതികേട് ഉണ്ടായിട്ടില്ല. കൊടുത്ത രേഖകൾപോലും വ്യാജമാണ്. വിശ്വസിക്കാൻ കൊള്ളുകയില്ലെന്ന് പറഞ്ഞിരിക്കുന്നു. ഇത് വെറുമൊരു ഒബ്സർവേഷൻ അല്ല, കൺക്ലൂഷനാണ്. അതാണ് അതിന്റെ ഗൗരവം. കോടതി വിചാരണയ്ക്കിടയിൽ പറയുന്ന ഏതെങ്കിലും ഒബ്സർവേഷൻ, ഏതെങ്കിലും രീതിയിലുള്ള ചില കമന്റ്സ് അല്ല.

ശ്രീ. ജി. സുധാകരൻ : വ്യാജമെന്ന് എവിടെയാണ് പറഞ്ഞിട്ടുള്ളത്? ഒപ്പിട്ടിട്ടില്ല എന്നേ പറഞ്ഞിട്ടുള്ളൂ.

ശ്രീ. ഉമ്മൻചാണ്ടി : ബഹുമാനപ്പെട്ട സുധാകരന് ഒന്നുകൂടെ ശ്രീ. ജോസഫ് പറഞ്ഞത് തെറ്റാണെന്ന് വരുത്തണമെന്നുണ്ടോ? മി. സുധാകരൻ, 'It does not

LIBRARY ARCHIVES Kerala Legislative Assembly

inspire any confidence in us.' എന്നു പറഞ്ഞാൽ പിന്നെ എന്താണ്? ഇതിൽ ഞങ്ങൾക്ക് ഒരു വിശ്വാസവുമില്ല. മി. സുധാകരൻ, 'It does not inspire any confidence in us'.എന്നു പറഞ്ഞാൽ പിന്നെ എന്താണ്? ഞങ്ങൾ ഇതിൽക്കൂടുതലൊന്നും പറയുന്നില്ലെന്ന് വച്ചാൽ മി. സുധാകരൻ, ആ ജഡ്ജിമാർ ഏറ്റവും മാന്യമായ നിലയിൽ ഈ റിക്കോർഡുകൾ വിശ്വസിക്കാൻ കൊള്ളുകയില്ല, ഇതിന് യാതൊരു ആധികാരികതയുമില്ലെന്ന് വളരെ വ്യക്തമായിട്ട് പറഞ്ഞിരിക്കുകയാണ്. ഇനി അതിനെയൊന്നും ന്യായീകരിക്കാൻ ശ്രമിക്കരുത്. ഞാൻ ചോദിക്കട്ടെ, എന്തുകൊണ്ട് നിങ്ങൾ അപ്പീൽ പോകുന്നില്ല ? നിങ്ങൾ പോയാൽ ബാക്കി കൂടെ കിട്ടും. അതുകൊണ്ടുതന്നെയാണ്. ബഹുമാനപ്പെട്ട ജോസഫ് പറഞ്ഞു. ശ്രീ. ആന്റണിക്ക് ഇപ്പോൾ ആവശ്യം, പ്രീഡിഗ്രി കോളേജുകളിൽ നിലനിറുത്തണമെന്നുള്ളതാണെന്ന്. ഇന്നത്തെ പത്രത്തിൽ, "പ്രീഡിഗ്രി വേർപ്പെടുത്തുന്നതിന് ധൃതി വേണ്ട" എന്ന് ശ്രീ. അച്യുതാനന്ദൻ പറഞ്ഞിരിക്കുന്നു. ശ്രീ. അച്യുതാനന്ദന്റെ ഈ നിലപാട് ഇന്ന് വന്നതല്ല. ആദ്യം തന്നെ വന്നതാണ്. ഇതൊരു പുതിയ അറിവല്ല. അദ്ദേഹം ആദ്യം തന്നെ പറഞ്ഞതാണ്. ആദ്യം മുഖ്യമന്ത്രിയും ശ്രീ. അച്യുതാനന്ദന്റെ കൂടെ ആയിരുന്നു. പിന്നെയാണ് ഈ നയംമാറ്റം വന്നത്. ഇന്ന് കേരളത്തിലെ ജനങ്ങളും ഇവിടത്തെ വിദ്യാർത്ഥികളും രക്ഷകർത്താക്കളും ആഗ്രഹിക്കുന്നത് എല്ലാവിധ സൗകര്യങ്ങളുമുള്ള കോളേജുകളിൽ പ്രീഡിഗ്രി ഒരു വർഷംകൂടെ തുടരണമെന്നുതന്നെയാണ്. ഇത് പ്രീ-ഡിഗ്രി വേർപ്പെടുത്തുന്നതിനുള്ള നയപരമായ തീരുമാനത്തെ എതിർക്കുന്നതല്ല. നാലുവർഷം നിങ്ങൾക്ക് കിട്ടിയിട്ടും യാതൊരുവിധ ഹോംവർക്കും ചെയ്തില്ല.

ശ്രീ. എം. വി. ജയരാജൻ : നിങ്ങൾക്ക് അഞ്ചുവർഷം കിട്ടിയില്ലേ?

ശ്രീ. ഉമ്മൻ ചാണ്ടി : ഞങ്ങൾ പ്ലസ്ടു നടപ്പിലാക്കാൻ തീരുമാനിച്ചില്ല, നടപ്പിലാക്കിയില്ല. നിങ്ങൾ ഇത് നടപ്പിലാക്കാൻ തീരുമാനിച്ചു. നാലുവർഷം നിങ്ങൾക്ക് കിട്ടി. ഇന്നും സ്കൂൾ ഏതൊക്കെയാണെന്ന് തീരുമാനമായിട്ടില്ല. ഒരു സർവ്വേ നിങ്ങൾ നടത്തിയിട്ടില്ല. എവിടെയൊക്കെ വേണമെന്ന് തീരുമാനിച്ചില്ല. യാതൊരു നടപടികളും എടുത്തിട്ടുമില്ല. ഇത് കോടതി തന്നെ കമന്റ് ചെയ്തില്ലേ ? ഇത് "കുതിരവണ്ടിക്ക് പുറകിൽ കുതിരയെ കെട്ടുന്നതുപോലെയാണ്" എന്നു പറഞ്ഞു. ഈ സംസ്ഥാനത്തിന്റെ ഏറ്റവും പ്രാധാന്യമർഹിക്കുന്ന പ്ലസ്ടു വിദ്യാഭ്യാസ രംഗത്ത് നിങ്ങളുടെ നയംകൊണ്ട് തുഗ്ളക് പരിഷ്ക്കാരംകൊണ്ട് വരുത്തിയിട്ടുള്ള ഏറ്റവും ഗുരുതരമായ പ്രതിഭാസത്തെക്കുറിച്ച് ഇന്നും ബഹുമാനപ്പെട്ട മന്ത്രി ബോധവാനല്ലെന്ന് അങ്ങയുടെ മറുപടിയിൽനിന്ന് ഞങ്ങൾക്ക് ബോദ്ധ്യമായി. ഇതിൽ അങ്ങേയറ്റത്തെ ദു:ഖമുണ്ട്. ഇനിയെങ്കിലും ഈ നയം മാറ്റണം. രക്ഷകർത്താക്കളുടെയും വിദ്യാർത്ഥികളുടെയും പ്രശ്നങ്ങൾ ഗവൺമെന്റ് മനസ്സിലാക്കണം. ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് പറഞ്ഞല്ലോ, പ്രതിപക്ഷത്തിന് സഹിഷ്ണുതയില്ലെന്ന്. ഇത്രയും പ്രധാനപ്പെട്ട ഒരു കാര്യത്തെക്കുറിച്ച് ഞങ്ങളെ വിളിച്ച് ചർച്ച ചെയ്യണമെന്ന് ഞങ്ങൾ എഴുതിതന്നിട്ട് ഒരു ചർച്ചയ്ക്ക് തയ്യാറായോ ? ആർക്കാണ് സഹിഷ്ണുതയില്ലാത്തത് ? ഞങ്ങൾ സമരം തുടങ്ങുന്നതിനുമുൻപുതന്നെ പ്ലസ്ടുവിന്റെ ലിസ്റ്റ് വന്നു, അത്

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചുള്ള പരാതികൾ വന്നു. വളരെയേറെ അപാകതകളുണ്ടെന്ന് ബോദ്ധ്യപ്പെട്ടപ്പോൾ ഞങ്ങൾ മുഖ്യമന്ത്രിക്ക് എഴുതിക്കൊടുത്തു. ആർക്കാണ് സഹിഷ്ണുതയില്ലാത്തത് ? ഞങ്ങൾ സമരം ചെയ്യുന്നതിനുമുൻപ് ഒരു ചർച്ച നടത്തണമെന്ന് ആവശ്യപ്പെടേണ്ടത് ഇവിടത്തെ പ്രതിപക്ഷത്തിന്റെ ചുമതലയല്ലേ ? ഞങ്ങൾ ജനാധിപത്യ രീതിയിൽ ഇവിടത്തെ ഏറ്റവും കാതലായ, ഗുരുതരമായ ഒരു പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ, അതിനുപരിഹാരം കണ്ടെത്താൻ പ്രതിപക്ഷം അങ്ങേയറ്റം സഹിഷ്ണുതയോടുകൂടിയാണ് പ്രവർത്തിച്ചത്. ഞങ്ങളെ വിളിച്ചില്ലെന്നുള്ള പരാതിയൊന്നും ഞങ്ങൾ പറഞ്ഞില്ല. ഞങ്ങളെ വിളിക്കണമെന്ന് അങ്ങോട്ട് എഴുതിത്തന്നു. ചർച്ചയ്ക്കുപോലും തയ്യാറായിട്ടില്ല. ഹൈക്കോടതി വിധി വന്നപ്പോൾ നിങ്ങൾ അപ്പീൽ കൊടുക്കുന്നില്ലെന്ന് തീരുമാനിച്ചു. എന്നാലെങ്കിലും പ്രതിപക്ഷവുമായി ചർച്ച ചെയ്ത് ഇന്നത്തെ ഈ സാഹചര്യത്തിൽ ഈ പ്രശ്നം കുറെകൂടി സ്മൂത്തായിട്ട് കൊണ്ടുപോകാൻ സാധിക്കുമോയെന്ന് നോക്കണ്ടേ? അതെങ്കിലും നോക്കണ്ടേ ? അതൊന്നും ചെയ്തിട്ടില്ല. ഇതിന്റെ ഫലമെന്താണ്? അങ്ങ് ഇന്നത്തെ പത്രം വായിച്ചോ ? കർണ്ണാടകം, തമിഴ്നാട് എന്നിവിടങ്ങളിലേയ്ക്ക് ഇവിടത്തെ വിദ്യാർത്ഥികൾ അഡ്മിഷൻ തേടി പോകുന്നു. എന്നാൽ അത് മുമ്പ് പോയതുപോലെ അല്ല. ബഹുമാനപ്പെട്ട മന്ത്രി ചില യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കണം. അങ്ങ് സീറ്റുകളുടെ നമ്പർ പറയുന്നുണ്ട്. ഞാൻ അതിനെ ചോദ്യം ചെയ്യുന്നില്ല. അങ്ങ് പറഞ്ഞ കണക്ക് തെറ്റാണെന്ന് ഞാൻ പറയുന്നില്ല. പക്ഷെ ഈ നാലുകൊല്ലംകൊണ്ട് വിദ്യാഭ്യാസ രംഗത്ത് വന്നിട്ടുള്ള മാറ്റങ്ങൾ കാണണം. നാലുകൊല്ലംമുമ്പ് എല്ലാത്തിന്റെയും അടിസ്ഥാനം എസ്.എസ്.എൽ.സി. ആയിരുന്നുവെങ്കിൽ ഇന്ന് പ്ലസ്ടു ആയിട്ട് മാറി. പ്രൈവറ്റ് രജിസ്ട്രേഷൻ നിന്നു. ഇന്ന് നേഴ്സിംഗിന് പോകണമെങ്കിൽ പ്ലസ്ടു വേണം. ടി.ടി.സി. യ്ക്കും, ഐ.ടി.സി. യ്ക്കും പ്ലസ്ടു വേണം. അങ്ങനെ എസ്.എസ്.എൽ.സി. എന്നുള്ളത് പ്ലസ്ടു ആയി അടിസ്ഥാന വിദ്യാഭ്യാസം വന്നു. അങ്ങനെയുള്ള സാഹചര്യത്തിൽ നമ്പർ കൂട്ടി എന്നുപറഞ്ഞതുകൊണ്ട് കാര്യമില്ല. വളരെ ഗൗരവമായ പ്രശ്നങ്ങളാണ് ഇതിനകത്ത് ഇൻവോൾവ്ഡായിട്ടുള്ളത്. അതിനെക്കുറിച്ച് ചർച്ച ചെയ്യാൻ പോലും തയ്യാറാകാതെ പ്രതിപക്ഷത്തിന് സഹിഷ്ണുതയില്ലെന്ന് പറഞ്ഞത് അങ്ങേയറ്റത്തെ തെറ്റാണ്. ഇതിനകത്ത് വ്യാപകമായ അഴിമതി നടന്നതായി ജനങ്ങൾ വിശ്വസിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി, ഹൈക്കോടതി പറഞ്ഞിരിക്കുന്ന മാലഫൈഡ് ആരുടെ ഭാഗത്തു നിന്നാണ് ആ ദുരുദ്ദേശപരമായ നടപടി ഉണ്ടായത് എന്ന് തെളിയണ്ടേ ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി കായംകുളത്ത് പ്രസംഗിച്ചു. ശ്രീ. ജോസഫിനെക്കുറിച്ച് ഒന്നും പറയുന്നില്ല. അദ്ദേഹം നല്ലവനാണ്. അദ്ദേഹത്തിന്റെ പാർട്ടിക്കാർ കുറെ കുഴപ്പം കാണിച്ചു എന്ന്. ശ്രീ. ജി. സുധാകരനായിരുന്നു ആ യോഗത്തിലെ അദ്ധ്യക്ഷൻ. ശ്രീ. സുധാകരന്റെ അദ്ധ്യക്ഷതയിൽ കൂടിയ കായംകുളത്തെ പൊതുപരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ ആരാണ് ഇതിൽ ദുരുദ്ദേശപരമായി പ്രവർത്തിച്ചത് ? ഹൈക്കോടതി വിധി വന്നിരിക്കുന്നു. അഴിമതി നടന്നതായി ജനങ്ങൾ വ്യാപകമായി വിശ്വസിക്കുന്നു. നാട്ടിൽ ഒട്ടാകെ സമരങ്ങൾ നടക്കുന്നു. അങ്ങനെയുള്ള സാഹചര്യത്തിൽ ഈ മാലഫൈഡിന്റെ പുറകിലുള്ളത് ആര് ?

LIBRARY ARCHIVES Kerala Legislative Assembly

അതറിയാൻ ഒരു അന്വേഷണം വേണം. അന്വേഷിക്കണം. ആ അന്വേഷണസമയത്ത് ഈ വിദ്യാഭ്യാസ വകുപ്പുമന്ത്രി മാറി നിൽക്കണമെന്ന് നമ്മൾ പറഞ്ഞത് തെറ്റാണോ ? യു.ഡി.എഫ് പറഞ്ഞ സമയത്തുണ്ടായിരുന്ന കാര്യങ്ങളെ സംബന്ധിച്ച് ഇന്ന് കോടതിയുടെ ന്യായീകരണം വന്നിരിക്കുന്നു. അതിന് ജനങ്ങളുടെയിടയിൽ വിശ്വാസനീയത കൂടിയിരിക്കുന്നു. ഇന്ന് ഞങ്ങളുടെ ഡിമാന്റിന് പ്രസക്തി കൂടിയിരിക്കുന്നു. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി മാറി നിന്നുകൊണ്ട് ഈ കോടതി വിധിയുടെ അടിസ്ഥാനത്തിൽ ജുഡീഷ്യൽ അന്വേഷണം നടത്തണം. എല്ലാവിധത്തിലുള്ള ജനാധിപത്യ മര്യാദകളേയും കാറ്റിൽ പറത്തിക്കൊണ്ടുള്ള ഗവൺമെന്റിന്റെ നടപടിയെപ്പറ്റി സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് അപേക്ഷിക്കുന്നു.

ശ്രീ. പി.ജെ. ജോസഫ് : കോടതിവിധിയിൽ പറഞ്ഞിരിക്കുന്ന മാല ഫൈഡ്സിനെ സംബന്ധിച്ച് വളരെ ക്ലിയറായി പ്രമുഖരായ വക്കീലന്മാർതന്നെ-ഹൈക്കോടതിയിലുള്ളവരും കേളു നമ്പ്യാരെപ്പോലുള്ളവരും-അഭിപ്രായം പറഞ്ഞിരിക്കുന്നു. ഇതൊരു ലീഗൽ മാലഫൈഡ് ആണ്. ഒരു ദുരുദ്ദേശവും ഇതിൽ ആരോപിച്ചിട്ടില്ല. ശ്രീ. ഉമ്മൻ ചാണ്ടി രണ്ടാമതും പറഞ്ഞല്ലോ. 54-മത്തെ പേജിൽ If a procedure laid down by the executive has not been followed by the executive itself, there is no hesitation in our mind that it would suffer from the vice of arbitrariness and malafides. ഈ മാലഫൈഡ്സ് പിന്നെ ഒരു സ്ഥലത്തും പ്രയോഗിച്ചിട്ടില്ല. ഇത് ഒരു ലീഗൽ മാലഫൈഡ്സ് എന്നു മാത്രമേയുള്ളൂ. പക്ഷെ ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി വേറെ രണ്ട് ഓർഡറുകളെപ്പറ്റി പറഞ്ഞെങ്കിലും ശ്രീ. വി. എം. സുധീരൻ മന്ത്രിയായിരുന്നപ്പോൾ പുറപ്പെടുവിച്ച ഉത്തരവിനെപ്പറ്റി ഒരക്ഷരം അദ്ദേഹം മിണ്ടിയില്ല. Gomathy Vs state of Kerala ആ കേസിൽ ഒറ്റ കാര്യം നോക്കിയാൽ മതി. ശ്രീമാൻ എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ നിങ്ങൾ പറഞ്ഞ ഈ വാക്കുകൾ ഒന്ന് താരതമ്യപ്പെടുത്തുക. ഈ ഗവൺമെന്റിനെപ്പറ്റി മൂന്ന് വാക്കുകൾ ഉപയോഗിച്ചിട്ടുണ്ട് എന്നുള്ളതാണ് അങ്ങ് പറഞ്ഞത്. അതായത് ആർബിട്രറി, അൺ കോൺസ്റ്റിറ്റ്യൂഷണൽ, മാലഫൈഡ്. എന്നാൽ ശ്രീമാൻ എ.കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ പറഞ്ഞ വിധിയിൽ Arbitrary, Unconstitutional, Malafide, No bonafide, illegal, disrespectable to the law, extraneous consideration. ഇതെല്ലാം പ്രയോഗിച്ചിരിക്കുന്നു. ശ്രീ. ആന്റണി രാജി വച്ചോ ? ശ്രീ. സുധീരൻ രാജി വച്ചോ ? നിങ്ങൾ ഭരിക്കുമ്പോൾ ഇതിനു പുറമെ അഞ്ചു മന്ത്രിമാർക്ക് എതിരായി ആരോപണമുണ്ടായി. ആരെങ്കിലും രാജി വച്ചോ ? എന്നിട്ട് ഇപ്പോൾ ഇവിടെനിന്ന് രാജി വയ്ക്കുന്ന കാര്യമാണ് നിങ്ങൾ പറയുന്നത്. ഏതായാലും പഠന സൗകര്യത്തെപ്പറ്റി ഒന്നും ഞാൻ ആവർത്തിക്കുന്നില്ല. അങ്ങയുടെ കാലത്ത് ശ്രീ. ആന്റണി മുഖ്യമന്ത്രിയായിരിക്കുമ്പോൾ ഒരു ലക്ഷത്തി ആറായിരം കുട്ടികൾക്ക് പഠിക്കാൻ സൗകര്യമുണ്ടായിരുന്ന സ്ഥാനത്ത് ഇന്നിപ്പോൾ ആ ആവശ്യം വർദ്ധിച്ചിട്ടുണ്ട്. ഒരു ലക്ഷത്തി എഴുപത്തയ്യായിരം. ചെറിയൊരു നമ്പരാണോ? (പ്രൈവറ്റ് രജിസ്ട്രേഷനില്ല).......പ്രൈവറ്റ് രജിസ്ട്രേഷനുണ്ട്. നിങ്ങൾ ഇല്ലെന്നു പറഞ്ഞുകഴിഞ്ഞാൽ മുൻപ് പ്രീഡിഗ്രിക്ക് എത്ര പ്രൈവറ്റ് രജിസ്ട്രേഷന് അവസരമുണ്ടായിരുന്നോ ആ അവസരം

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴുമുണ്ടാകും. അന്ന് ആർട്സ് വിഷയങ്ങളിൽ മാത്രമേ പ്രൈവറ്റ് രജിസ്ട്രേഷനുണ്ടായിരുന്നുള്ളൂ. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി എഴുതിത്തരാതെ പറഞ്ഞ ഒരു കാര്യം പ്രീഡിഗ്രി അബോളിഷിനെക്കുറിച്ചാണ്. നിയമപരമായി പ്രീഡിഗ്രി അബോളിഷ് ചെയ്തിട്ടില്ല എന്നാണ്. അങ്ങ് ശ്രദ്ധിക്കണം. 30-5-2000-ത്തിൽ കൂടിയ എംപവേർഡ് കമ്മിറ്റി, The Committee resolved to recommend Government to issue orders prohibiting admission to First Year Pre-degree Course classes in Government and private colleges in the State from the academic year 2000-2001. അറ്റന്റ് ചെയ്തവരുടെ പേരും എഴുതിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മേയ് 30-ാം തീയതി ഇറക്കിയിരിക്കുന്ന ജി.ഒ. യുടെ കോപ്പി (കോപ്പി കാണിച്ചു) ഇതാണ്. അവിടെ നിങ്ങൾക്ക് കിട്ടിയിരിക്കുന്ന ജഡ്ജ്മെന്റിൽ പറയുന്ന ഒട്ടേറെ കാര്യങ്ങളുണ്ട്. ഒരു ആഡിറ്റ് റിപ്പോർട്ട് ഗവൺമെന്റ് ഹാജരാക്കിയാൽ പരിശോധിക്കുന്നതുപോലെ രേഖയിൽ ഒപ്പുണ്ടോ...... സീലുണ്ടോ..... ഈ പറഞ്ഞ പരാമർശങ്ങൾ എക്സ്പഞ്ച് ചെയ്യാൻ അപ്പീൽ പോകുന്നുണ്ട്. റിവിഷൻ പോകാൻ തീരുമാനിച്ചിട്ടുണ്ട്. അന്ന് വിധി പറയുമ്പോൾ ഓപ്പൺ കോർട്ടിൽ ജഡ്ജി പറഞ്ഞ മൂന്നു കാര്യങ്ങളുണ്ട്. We don't attribute any malafides, we don't attribute any political intervention, we don't attribute any extraneous consideration. ഈ മൂന്നു കാര്യങ്ങളും കോടതിയിൽ പറഞ്ഞത് എല്ലാവരും കേട്ടതാണ്...... (തടസ്സം)........ ഇവിടെ മാലഫൈഡ്സ് ആ ഭാഗത്തൊന്നും പറഞ്ഞിട്ടില്ല. Extraneous consideration അവസാനം അവർ എന്താണ് പറഞ്ഞിരിക്കുന്നത് ? അവസാനം നിങ്ങൾ കാണണം ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞ ആ ഭാഗം പോയി. കറക്റ്റായി ഓർഡർ ഇറക്കിയിട്ടുണ്ട്. അതിന്റെ കോപ്പിയുണ്ട്. ഗവൺമെന്റ് ഇറക്കിയ ഓർഡറിന്റെ കോപ്പിയിൽ പറഞ്ഞിരിക്കുന്നത് അവിടെയും ഇല്ലെന്നു പറഞ്ഞിട്ടില്ല. അവിടെ ഹാജരാക്കിയിട്ടില്ല എന്നേ പറഞ്ഞിട്ടുള്ളൂ. രണ്ട് ഓർഡറിന്റെയും കൃത്യമായ കോപ്പിയുണ്ട്. നിയമപരമായി ചെയ്യേണ്ടത് ഒക്കെ ചെയ്തിട്ടുണ്ട്. ഗവൺമെന്റ് ഒരു ഭാഗം അഡ്മിറ്റ് ചെയ്തു. അങ്ങനെ അഡ്മിറ്റ് ചെയ്തപ്പോൾ While we appreciate the fair attitude adopted by learned Advoate General, we wish to clarify and add as under: (1) while re-examining and considering all the applications...... ഫെയർ ആറ്റിറ്റ്യൂഡ് ഗവൺമെന്റ് എടുത്തത് എന്താണെന്നു വച്ചാൽ കുട്ടികളുടെ സമയം കഴിയാൻ പാടില്ല. റീ-എക്സാമിൻ, ഞങ്ങൾ റീ-എക്സാമിൻ ചെയ്തുകൊള്ളാം. റീ-എക്സാമിൻ ചെയ്യാനാണ് മൂന്നംഗ കമ്മിറ്റി. റീ-എക്സാമിൻ ചെയ്തുകൊണ്ടിരിക്കുകയാണ്. അവിടെ ഒരു സ്ഥലത്തും എക്സ്ട്രേനിയസ് കൺസിഡറേഷനും മാലഫൈഡ്സും Political intorvention ഇല്ല. ഓപ്പൺ കോർട്ടിൽ ജസ്റ്റീസ് പറഞ്ഞതാണ്. അതിനുശേഷം വന്ന ഓർഡറിലെ ചില പരാമർശനങ്ങൾ, ആ പരാമർശനങ്ങൾ നീക്കിക്കളയാൻ നടപടി സ്വീകരിക്കുന്നുണ്ട്. ആ പരാമർശനങ്ങൾ ആഡിറ്റ് റിപ്പോർട്ട്പോലെ പറയേണ്ടതല്ല. ഗവൺമെന്റ് അഡ്വക്കേറ്റ് ജനറലിന്റെ റിപ്പോർട്ടിൽ സീലുണ്ടോ. ഇതൊന്നും സാധാരണ പറയാറുള്ള കാര്യങ്ങളല്ല. പക്ഷെ ബഹുമാനപ്പെട്ട ആന്റണി മുഖ്യമന്ത്രിയായിരിക്കുമ്പോൾ പറഞ്ഞിട്ടുള്ള ആ പരാമർശനങ്ങൾ എക്സ്ട്രേനിയസ് കൺസിഡറേഷന്റെ പേരിൽ ഓർഡർ

LIBRARY ARCHIVES Kerala Legislative Assembly

ഇറക്കി എന്നുപറഞ്ഞത്, ഇത്ര കനത്ത വാദഗതി ഉണ്ടായിട്ട് അനങ്ങിയോ, നിങ്ങൾ രാജി വച്ചോ ? Unconstitutional, arbitrary, notbonafide, disrespectable to law അന്നത്തെ നിയമവകുപ്പു മന്ത്രി ക്ഷമിക്കണം. Disrespectable to law ശ്രീ. കെ.എം. മാണി നിയമത്തെ മാനിച്ചിട്ടില്ല. എന്നാണ് പറഞ്ഞിരിക്കുന്നത്. അദ്ദേഹം അവിടെ അനങ്ങാതെ ഇരിക്കുകയാണ്. ഇത്ര കനത്ത തിരിച്ചടി ഉണ്ടായിരിക്കുന്നു. ശ്രീ. ഉമ്മൻ ചാണ്ടി ഒരക്ഷരം ഇതിനെപ്പറ്റി പറഞ്ഞിട്ടില്ല എന്നുള്ളതുകൊണ്ട് എനിക്ക് സന്തോഷമുണ്ട്. അത് അംഗീകരിച്ചതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. അങ്ങനെയാണെങ്കിൽ ഈ രാജ്യത്തെ ജനങ്ങളോട് ക്ഷമ പറയണം. എക്സ്ട്രേനിയസ് കൺസിഡറേഷന്റെ പേരിൽ അൺ കോൺസ്റ്റിട്യൂഷണലായി disrespectable to law, arbitrary അവരുടെ ഇൻഫ്ളുവൻസിന്റെ പുറത്ത് ഓർഡർ ഇറക്കി എന്ന് പറഞ്ഞിരിക്കുകയാണ്. അങ്ങനെ അഴിമതി നടത്തിയെന്നുള്ള ഒരു ആക്ഷേപം ഹൈക്കോടതിവിധിയിലുണ്ടായിട്ടും അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ.കെ. ആന്റണി രാജിവച്ചില്ല. ഇപ്പോൾ ഒരു ആക്ഷേപമുന്നയിക്കുക, ശ്രീ. പി.ജെ. ജോസഫ് രാജിവക്കുക, ശ്രീ. ടി.കെ. രാമകൃഷ്ണൻ രാജിവയ്ക്കുക, ശ്രീ. ശിവദാസമേനോൻ രാജിവയ്ക്കുക ഇങ്ങനെ പതിമൂന്ന് മന്ത്രിമാർ രാജിവച്ച് കഴിയുമ്പോൾ അവസാനം മുഖ്യമന്ത്രിയും രാജിവയ്ക്കുക. അപ്പോൾ ഒരു ഇടക്കാല മന്ത്രിസഭ, ശ്രീ. ആന്റണിയെ മുഖ്യമന്ത്രിയായി അവരോധിക്കുക. നല്ലൊരു കാര്യമാണ്. അങ്ങനെയുള്ള ദിവാ സ്വപ്നങ്ങളുമായി പ്രതിപക്ഷം നടക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പരിപാടികളെ.......... എന്താണ് ശ്രീ. ആന്റണി പറയുന്നത് ? 'കേരളം വെന്തുരുകും'. ഞാൻ ആവർത്തിച്ച് വായിച്ചു നോക്കി. കേരളം വെന്തുരുകും. ബഹുമാനപ്പെട്ട ആന്റണിയിൽനിന്ന് ഞാൻ അത് ഒരിക്കലും പ്രതീക്ഷിച്ചില്ല. ഈ രാജ്യത്ത് ഇത്തരം അക്രമ സമരങ്ങൾ നടത്തിയിട്ട് ആ രാജ്യം വെന്തുരുകുമെന്ന് പറഞ്ഞാൽ എന്താണ് ? കേരളം കത്തിക്കുമെന്ന് അല്ലേ?' അതുകൊണ്ട് അത്തരം സമരങ്ങളിൽനിന്നും നിങ്ങൾ പിൻതിരിയണം. ബഹുമാനപ്പെട്ട എ.കെ. ആന്റണി പഴയ ആന്റണിയായി വരണം. എന്റെ ആഗ്രഹവും അതാണ്. കേരളത്തിൽ ഇത്രമാത്രം ഒരു നിലവാരം പുലർത്തിയ ശ്രീ. എ.കെ. ആന്റണി പഴയ ശ്രീ. എ.കെ. ആന്റണിയായി മാറണം. കേരളം വെന്തുരുകുമെന്ന് പറയുന്ന ആളാകാൻ പാടില്ല. ബഹുമാനപ്പെട്ട കരുണാകരൻ എന്തെങ്കിലുമൊന്ന് പറഞ്ഞു എന്ന് പറഞ്ഞ് ഇതുപോലെ കാണിക്കാൻ പോകരുത്. ഇന്ന് മുതൽ ഒരുലക്ഷത്തി പതിനാലായിരം ........... നമ്മുടെ പിഞ്ചോമനകൾ ക്ലാസിലേക്ക് പോയിക്കൊണ്ടിരിക്കുന്നു. വേറെ എഴുപത്തി അയ്യായിരം അടുത്ത 31-ാം തീയതി ക്ലാസിൽ കയറും. നമുക്ക് അവരെ സ്വാഗതം ചെയ്യാം. ഈ സ്കൂളിലേക്ക് പോകാം. അതുകൊണ്ട് സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു കാര്യവുമില്ല.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, ഇവിടെ പ്ലസ്ടുവിനെ സംബന്ധിച്ചാണ് അടിയന്തിര പ്രമേയം വന്നിരിക്കുന്നത്.

.............................. (തടസ്സം)..........................

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും നോട്ടീസുണ്ട്. വിദ്യാഭ്യാസ വകുപ്പുമന്ത്രി മാത്രം പറഞ്ഞാൽ പൂർണ്ണമാകില്ലല്ലോ. വിദ്യാഭ്യാസമല്ലേ? അതിലൊക്കെ വാശി പിടിക്കേണ്ട വല്ല കാര്യവുമുണ്ടോ?

ശ്രീ. ഇ.കെ. നായനാർ : സർ, ശ്രീ. ആര്യാടന് വാശി ആവശ്യമാണ്. ഇത് വേണ്ട ശ്രീ. ആര്യാടാ.

പുതിയ സ്കൂളുകൾക്കു പ്ലസ്ടു അനുവദിക്കുന്നതിന് കഴിഞ്ഞ നാലുവർഷമായി സർക്കാർ തയ്യാറാക്കിയ മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിന് വീഴ്ചയുണ്ടായിട്ടുണ്ടെന്നും അതിനാൽ 1,429 അപേക്ഷകളിൽനിന്ന് 360 സ്കൂളുകളെ തെരഞ്ഞെടുത്ത ഉത്തരവ് റദ്ദാക്കുന്നുവെന്നുമാണ് കോടതി വിധി. സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി പ്ലസ്ടു അനുവദിക്കാനുള്ള സ്കൂളുകളുടെ പുതിയ പട്ടിക ജൂലൈ അവസാനത്തോടെ തയ്യാറാക്കണമെന്നും ആഗസ്റ്റ് ആദ്യമാവുമ്പോഴേക്ക് പ്ലസ്ടു ക്ലാസ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കണമെന്നുമാണ് കോടതി സർക്കാരിനു നിർദ്ദേശം നൽകിയിട്ടുള്ളത്. ഹൈക്കോടതി ഉത്തരവനുസരിച്ചുള്ള നടപടികൾ ത്വരിതഗതിയിൽ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സർക്കാർ നടത്തിക്കൊണ്ടിരിക്കുകയാണ്. ഹൈക്കോടതി ജഡ്ജ്മെന്റൊന്നും ഞാൻ വായിക്കുന്നില്ല. പ്രസ്ടു പ്രശ്നത്തിൽ വിധി പ്രഖ്യാപനം നടത്തിക്കൊണ്ട് കോടതിയിൽ ചീഫ് ജസ്റ്റീസ് ഉൾപ്പെട്ട ഡിവിഷൻ ബഞ്ച് വ്യക്തമാക്കിയത് ഇങ്ങനെയാണ്. We have not stated anything about political mallafides. We have not considered the malafides alleged by the petitioners. We have only dealt with procedure lapse in sanctioning the plus two course. We are not dealing with the contentions of extraneous considerations raised by the petitioners. ഇതാണ് ജഡ്ജ്മെന്റ്. നിങ്ങൾക്ക് എതിർക്കാം. അതിന് നിങ്ങൾക്ക് അവകാശമുണ്ടല്ലോ. ഹർജിയിൽ ആരോപിച്ച ബാഹ്യ പരിഗണനകളുടേതായ കാര്യങ്ങളിലേക്കൊന്നും ഞങ്ങൾ കടക്കുന്നില്ല. പ്ലസ്ടു അനുവദിച്ചതിലെ നടപടിക്രമങ്ങൾ സംബന്ധിച്ച വീഴ്ചകൾ മാത്രമേ ഞങ്ങൾ കൈകാര്യം ചെയ്തിട്ടുള്ളൂ. ഹർജിക്കാർ ആരോപിച്ച ദുരുദ്ദേശങ്ങളൊന്നും ഞങ്ങൾ പരിഗണിച്ചിട്ടില്ല. ഞങ്ങൾ രാഷ്ട്രീയ ദുരുദ്ദേശത്തെക്കുറിച്ചൊന്നും പറഞ്ഞിട്ടുമില്ല. ഇത് ഓപ്പണായിട്ട് കോടതിയിൽ പറഞ്ഞതാണ്. നിങ്ങൾ പ്രസംഗിച്ചോ ? ഏതായാലും പെറ്റീഷനെപ്പറ്റിയാണ് പറയുന്നതെങ്കിൽ ഞാൻ ചോദിക്കട്ടെ, 1992-ൽ കേരളാ ഗവൺമെന്റിനെപ്പറ്റി സുപ്രീം കോടതി വിധിച്ചത് എന്താണ് ? ഞാൻ വായിച്ചുതരാം. ക്രീമിലെയർ കേസിൽ. അതായത് ഇന്ദിരാ സാഹിനി കേസിൽ. 1992-ൽ നമ്മളല്ല ഭരിച്ചിരുന്നത്. The Kerala Government has been already found to have deliberately violated the direction of this court on that Judgement and held guilty of contempt of court. പോരേ ? അന്ന് രാജിവച്ചോ ? 1992-ൽ രാജിവച്ചോ ? ഇല്ല. പോകട്ടെ, 1992-ൽ ആരും രാജിവച്ചില്ല. Guilty of the contempt of Court ആണ്. contempt of Court-ന് guilty ആയി. സുപ്രീംകോടതി ഇവർക്കെതിരായി വിധി

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്താവിച്ചതാണ് എന്നിട്ടും രാജിവച്ചില്ല. തിങ്ങിനിറഞ്ഞ കോടതിയിൽ ചീഫ് ജസ്റ്റീസ് നടത്തിയ ഈ പ്രഖ്യാപനം എല്ലാ വാർത്താമാധ്യമങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. പ്ലസ്ടു അനുവദിച്ച കാര്യത്തിൽ സർക്കാരിനെതിരായി ഹർജിക്കാർ ഉന്നയിച്ച ആക്ഷേപങ്ങൾ നിരാകരിച്ചുകൊണ്ട് നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ഇനിയും സുപ്രീംകോടതി ജഡ്ജ്മെന്റ് എന്റെ കൈയിലുണ്ട്. വേണമെങ്കിൽ ഞാൻ വായിക്കാം. വീഴ്ചയുണ്ടായിട്ടുണ്ടെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ പുതിയ ലിസ്റ്റു തയ്യാറാക്കാൻ സർക്കാരിനോട് നിർദ്ദേശിക്കുകയാണ് കോടതി ചെയ്തത്. 1996-97, 1997-98, 1999-2000 വർഷങ്ങളിൽ ജില്ലാതല കമ്മിറ്റികൾ പരിശോധിച്ച് പ്ലസ്ടു സ്കൂളിന്റെ ലിസ്റ്റു തയ്യാറാക്കി വന്ന നടപടിക്രമം ഈ വർഷം പാലിച്ചില്ല എന്ന വിമർശനമാണ് കോടതി ഉന്നയിച്ചിട്ടുള്ളത്. ഇതുകൂടി പാലിച്ചുകൊണ്ട് നിശ്ചിത സമയപരിധിക്കകത്ത് നടപടിക്രമങ്ങൾ പൂർത്തിയായി ക്ലാസ് ആരംഭിക്കണം എന്നാണ് കോടതി നിർദ്ദേശിച്ചിട്ടുള്ളത്. ഇതിനെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ടാണ് സർക്കാർ രാജിവയ്ക്കണം. അല്ലെങ്കിൽ രാജിവയ്ക്കുന്നതുവരെ സമരം എന്ന് ശ്രീ. ആന്റണി. ശ്രീ. കരുണാകരൻ അതിന്റെ അപ്പുറത്തുംപോയി. മുഖ്യമന്ത്രിയാകണമെന്നാണ് വയസ്സുകാലത്ത് ഒരാഗ്രഹം. അതിനെ ഞാൻ ആക്ഷേപിക്കുന്നില്ല. മനുഷ്യന്റെ ആഗ്രഹം ആകാശംവരെ പറക്കും. ശ്രീ. കരുണാകരന്റെ ആഗ്രഹം സ്വർഗ്ഗത്തിൽ വരെ പറക്കും. സ്വർഗ്ഗത്തിൽ എവിടെ എത്തുമെന്നറിയാമോ? നിങ്ങൾക്കറിയില്ല, ബഹുമാനപ്പെട്ട ആന്റണിക്കറിയാം. അതുകൊണ്ട് ആണ് സർക്കാർ രാജിവക്കണമെന്ന് വരെയുള്ള ആവശ്യങ്ങളുമായി പ്രതിപക്ഷം ഇറങ്ങി പുറപ്പെട്ടിരിക്കുന്നത്. പ്ലസ്ടു അനുവദിക്കുന്ന കാര്യത്തിൽ സർക്കാരിനെ നയിച്ചത് ഒരേയൊരു താല്പര്യം മാത്രമാണ്. കുട്ടികൾക്കു പഠിക്കാൻ പരമാവധി സൗകര്യമേർപ്പെടുത്തുക അതു കഴിവതും നേരത്തേയാവുകയും ചെയ്യുക. ഏതെങ്കിലുമൊരു പ്രത്യേക സ്കൂളിന് പ്ലസ്ടു കിട്ടിയോ ഇല്ലയോ? നിങ്ങളുടെ കൂട്ടത്തിൽനിന്ന് 40 ആളുകൾ പെറ്റീഷൻ കൊടുത്തിട്ടുണ്ടെന്ന് ശ്രീ. ജോസഫ് എന്നോട് പറഞ്ഞല്ലോ. പ്രതിപക്ഷത്തുനിന്ന് 40 പെറ്റീഷൻ. അതുസംബന്ധിച്ച ലിസ്റ്റ് ബഹുമാനപ്പെട്ട ജോസഫിന്റെ കൈയ്യിലുണ്ട്. ആരാണ് കാശ് കൊടുത്തതെന്ന് നമുക്കറിയില്ല. ഇപ്പോൾ കായംകുളത്തെപ്പറ്റി പറഞ്ഞല്ലോ. ബഹുമാനപ്പെട്ട ജോസഫ് വാങ്ങിയിട്ടില്ല. പ്രതിപക്ഷത്തുനിന്ന് 40 പെറ്റിഷനുണ്ട്. പലരുടേയും പെറ്റീഷനുണ്ട്. ആരാണ് കാശ് കൊടുത്തതെന്ന് എനിക്കറിയില്ല. കൊടുത്തവർതന്നെ പറയണം. ബഹുമാനപ്പെട്ട ജോസഫ് വാങ്ങിയിട്ടേയില്ല. അപ്പോൾ ആരാണ് കൊടുത്തതെന്ന് കൊടുത്തവർതന്നെ പറയണം. പ്രത്യേക സ്കൂളിന് കിട്ടിയോ ? നടപടിക്രമങ്ങൾ പരിശോധിച്ചു. 1,429 സ്കൂളുകളുടെ അപേക്ഷകളിൽനിന്നും 360 സ്കൂളുകൾ തെരഞ്ഞെടുത്ത നടപടിക്രമങ്ങൾ പുനഃപരിശോധനയ്ക്കു വിധേയമാക്കണമെന്ന കോടതിവിധി യാതൊരു മടിയുമില്ലാതെ സ്വീകരിക്കുകയാണ് സർക്കാർ ചെയ്തത്. വിദ്യാർത്ഥികളോടും നാടിനോടും താൽപര്യമുള്ളവർ കോടതിവിധിയനുസരിച്ച് സർക്കാർ നടപടികൾ നീക്കിയപ്പോൾ അതിനെ അംഗീകരിച്ചിട്ടുണ്ട്. അതുകൊണ്ടാണ് ഇതിന്റെ പേരിൽ കോലാഹലമുണ്ടാക്കാനായി ചിലർ രംഗത്തിറങ്ങിയിട്ടും വിദ്യാർത്ഥികളും അധ്യാപകരും രക്ഷകർത്താക്കളും ഇതിനോടു സഹകരിക്കാതിരുന്നത്.



LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങളിൽനിന്നും പൂർണ്ണമായി ഒറ്റപ്പെട്ട സമരക്കാർ ഇപ്പോൾ അക്രമത്തിന്റേയും കലാപത്തിന്റേയും വഴിയിലൂടെ സമരത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചു രാഷ്ട്രീയ മുതലെടുപ്പു നടത്താനാണ് സത്യത്തിൽ ബി.ജെ.പി. യും, യു.ഡി.എഫ്. -ലെ ചില നേതാക്കളും ശ്രമിക്കുന്നത്. കോടതിവിധിയെ ഇവർ ദുർവ്യാഖ്യാനം ചെയ്യുകയാണ്. ഗവൺമെന്റിനെതിരെ കോടതി അത്തരം ഒരു പരാമർശവും നടത്തിയിട്ടില്ല എന്നതാണ് സത്യം. ചില പത്രങ്ങൾ കോടതി വിമർശിച്ചുവെന്ന് എഴുതിയതിന് തൊട്ടു പിറ്റേന്ന് കോടതിതന്നെ അങ്ങനെ ഉണ്ടായിട്ടില്ലെന്ന് വ്യക്തമാക്കിയതാണ്. ഭരണത്തിലിരുന്നപ്പോൾ നിശിതമായ വിമർശനങ്ങൾ കോടതിയിൽനിന്ന് ഏറ്റുവാങ്ങിയിട്ടുള്ളവരാണിവർ. തങ്ങളുടെ ഗവൺമെന്റിനെപ്പോലെയാണ് എൽ.ഡി.എഫ്. ഗവൺമെന്റും എന്ന് വരുത്തി തീർക്കാനാണിവർ ശ്രമിക്കുന്നത്. അത് വിലപ്പോവില്ല. ഹൈക്കോടതിയിൽനിന്ന് നിശിതമായ വിമർശനങ്ങൾ ഏൽക്കേണ്ടിവന്നത് യു.ഡി.എഫ്. ഗവൺമെന്റിനാണ് എന്നു ഞാൻ തെളിയിക്കാം. അതും സമാനമായ വിദ്യാഭ്യാസ പ്രശ്നത്തിൽ തന്നെ. 1994 നവംബർ 21-ന് ജസ്റ്റീസ് കെ. ശ്രീധരനും ജസ്റ്റീസ് വി.വി. കമ്മത്തും പ്രസ്താവിച്ച വിധിന്യായത്തിൽ അതിരൂക്ഷമായാണ് അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റിനെ വിമർശിച്ചത്. 1994 ആഗസ്റ്റ് 4-ന് അന്നത്തെ മന്ത്രിസഭായോഗം കോളേജ് അനുവദിച്ചുകൊണ്ട് എടുത്ത തീരുമാനം ക്രമരഹിതമായിരുന്നു എന്നു കോടതി പറഞ്ഞു. യൂണിവേഴ്സിറ്റിയുമായി ആലോചിക്കുകപോലും ചെയ്യാതെ കോഴിക്കോട് യൂണിവേഴ്സിറ്റിക്ക് കീഴിൽ കോളേജനുവദിച്ചുകൊണ്ട് തീരുമാനമെടുത്ത നടപടിയെ അങ്ങേയറ്റം ക്രമരഹിതവും നിയമവിരുദ്ധവും എന്നു കോടതി റൂൾ ചെയ്തു. കോടതി പറഞ്ഞിട്ടുള്ളത് നോക്കുക. Cabinet sanctioned the college as item No.2 in decision 15 taken on 4-8-1994. This was without reference to the University. The Calicut University within whose territorial limits the college was to be established, was not consulted earlier. The procedure that was adopted by the Government appears to be highly irregular and illegal. ഇതാണ് അന്ന് പറഞ്ഞത്. അതുപോലെ അന്നത്തെ ഗവൺമെന്റ് 71 കോളേജുകൾ അനുവദിക്കാൻ തീരുമാനിക്കുകയും അനാവശ്യമായി നടപടികൾ നീക്കാൻ യൂണിവേഴ്സിറ്റിയോട് ആവശ്യപ്പെടുകയും ചെയ്തതിനെ വണ്ടിക്ക് പുറകിൽ കുതിരയെ കെട്ടുന്ന ഏർപ്പാടായിട്ടാണ് കോടതി വിലിയിരുത്തിയത്. അതിനോട് ഒരുവിധത്തിലും യോജിക്കാൻ ആവുകയില്ലെന്ന് ജഡ്ജിമാർ വ്യക്തമാക്കുകയുണ്ടായി. കോടതിതന്നെ പറഞ്ഞ വാക്കുകൾ ഇങ്ങനെയാണ്. The action of the Government is like putting the cart before the horse. We find it very difficult to persuade ourselves to agree with this decision. 1994-ലെ യു.ഡി.എഫ്. മന്ത്രിസഭാ തീരുമാനത്തിന് എതിരായിട്ട് ഹൈക്കോടതി നിശിതമായ വിമർശനമാണ് നടത്തിയത്. മുഖ്യമന്ത്രി ഉൾപ്പെടെ എത്ര മന്ത്രിമാരാണ് അന്ന് രാജിവച്ചതെന്ന് ബഹുമാനപ്പെട്ട ആന്റണി പറഞ്ഞാൽ കൊള്ളാം. സർക്കാർ ഇറക്കുന്ന നൂറുകണക്കായ ഉത്തരവുകളിൽ ഏതെങ്കിലുമൊക്കെ നടപടിയെ സംബന്ധിച്ച് സൂക്ഷ്മത ഇല്ലാതെ ഇറക്കിയവയാണെന്ന് കോടതി പറയുന്നതിൽ അസ്വാഭാവികതയൊന്നുമില്ല. ക്രീമിലയർ പ്രശ്നത്തിൽ യു.ഡി.എഫ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിനെതിരെ വന്ന കോടതി വിമർശനം നിങ്ങൾ മറന്നിരിക്കാം. അതാണ് ഞാൻ വായിച്ചത്. ഈ കോടതിയുടെ ഉത്തരവ് കേരള സർക്കാർ മന:പൂർവ്വം ലംഘിക്കുമ്പോൾ നിങ്ങളെ ഞങ്ങൾ വെറുതെ വിടണമെന്നാണോ യു.ഡി.എഫ് സർക്കാരിനെക്കുറിച്ച് സുപ്രീംകോടതി പറഞ്ഞത്. കോടതിയുടെ വാക്കുകൾ ഇങ്ങനെയാണ്. When the State is found guilty of deliberately violating orders of this court, and the order was kept in abeyance and subsequently legislation was passed bypassing all norms of reasonableness, should we allow the State to go scot-free? എന്ന് ചോദിക്കുകയാണ് കേരള ഗവൺമെന്റിനോട്. എല്ലാ നടപടി ക്രമങ്ങളും വ്യവസ്ഥകളും മറികടന്ന സംസ്ഥാന ഗവൺമെന്റ് എന്ന് കോടതി പറഞ്ഞത് യു.ഡി.എഫ്. ഗവൺമെന്റിനോടുള്ള പ്രശംസയായിരുന്നോ? ഇങ്ങനെകൂടി കോടതി യു.ഡി.എഫ്. ഗവൺമെന്റിനെക്കുറിച്ച് പറഞ്ഞു. The Kerala Government has been already found to have deleberately violated the direction of this court on that Judgement and held guilty of contempt of court. ഇതിൽപ്പരം എന്താണ് വേണ്ടത് ? എന്നിട്ട് അന്ന് യു.ഡി.എഫ്. ഗവൺമെന്റിൽനിന്നും ആരെങ്കിലും രാജിവച്ചോ ? കോടതി നിർദ്ദേശിച്ചതെല്ലാം ലംഘിച്ച് കോടതിയലക്ഷ്യത്തിനുള്ള കുറ്റം ചാർത്തി നിൽക്കുകയാണ് യു.ഡി.എഫ് ഗവൺമെന്റ് എന്ന് സാരം. യു.ഡി.എഫ്. ഗവൺമെന്റിലെ മന്ത്രിമാർ ആരെങ്കിലും അന്ന് രാജിവച്ചോ ? യു.ഡി.എഫ്. ഗവൺമെന്റ് ഭരണഘടനാ ലംഘനം നടത്തിയെന്ന് വിധിന്യായത്തിലെ മറ്റൊരു ഭാഗത്ത് കോടതി പറഞ്ഞത് ഇങ്ങനെയാണ്. They are also in open violation of the Judgements of the Court which are binding under Article 141 and the fundamental concept of separation of powers which has also been held to be a basic feature of the constitution. The state has already been held guilty of contempt. യു.ഡി.എഫ്. ഗവൺമെന്റ് അന്ന് എന്താണ് ചെയ്തത് ? കോടതി പറഞ്ഞത് guilty of contempt എന്നാണ് നിയമത്തിൽ വളരെ വിദഗ്ദ്ധനായ ശ്രീ.കെ.എം. മാണി ഇപ്പോൾ എന്തോ എഴുതിക്കൊണ്ടിരിക്കുകയാണ്. നിയമ വിദഗ്ദ്ധനാണ് ശ്രീ. കെ. എം. മാണി. In the present case, the state of Kerala did not care if its Chief Secretary was to go behind bars. എന്നാണ് പറഞ്ഞത്. In the present case, the State of Kerala did not care if its Chief Secretary was to go behind bars. യു.ഡി.എഫ്. ഗവൺമെന്റിനെ ആക്ഷേപിക്കാൻ ഇതിൽപ്പരം എന്താണ് വേണ്ടത്. കോടതിയെപ്പറ്റി വല്ല ബഹുമാനവും നിങ്ങൾക്കുണ്ടോ? കോടതിയലക്ഷ്യം നടത്തിയത് ചീഫ് സെക്രട്ടറി മാത്രമല്ല അതിന്റെ ഉത്തരവാദിത്വം അതിനപ്പുറത്തേയ്ക്കുകൂടി നീങ്ങുന്നുണ്ടെന്നുകൂടി കോടതി ചൂണ്ടിക്കാണിച്ചു. ചീഫ് സെക്രട്ടറി ജയിലിൽ പോയാലും ഞങ്ങൾക്കൊന്നുമില്ലെന്ന മട്ടിലാണ് കേരള ഗവൺമെന്റ് കോടതിയലക്ഷ്യം കാട്ടിയിരിക്കുന്നതെന്നുകൂടി കോടതി പറഞ്ഞു. യു.ഡി.എഫ്. ഗവൺമെന്റ് കോടതിയലക്ഷ്യവും ഭരണഘടനാലംഘനവും നടത്തിയെന്ന് സുപ്രീംകോടതി പറഞ്ഞത് യു.ഡി.എഫ്. സർക്കാരിനുള്ള പ്രശംസയായിരുന്നോയെന്ന് ബഹുമാനപ്പെട്ട എ.കെ. ആന്റണി പറയണം. ഇതല്ലേ നിങ്ങൾ കാണിച്ചത് ? ജൂലായ് 13-ാം തീയതി 500-ഓളം ആർഎസ്എസ് കാരും

എ.ബി.വി.പി. ക്കാരും കൊള്ള നടത്തി, ഈ രാജ്യത്തെ നൂറു കണക്കിന് ബസ്സുകൾ തല്ലിത്തകർക്കുകയും കടകൾ കൊള്ളയടിക്കുകയും ചെയ്തു. എന്നിട്ട് ഈ രാജ്യത്ത് നടത്തിയിട്ടുള്ള അക്രമത്തെ ന്യായീകരിക്കാൻ മുതിരുകയാണോ ? ഒരൊറ്റ കോൺഗ്രസ് നേതാവ് സ്ഥലത്തുപോയോ ? നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ കടകളും മറ്റും അടിച്ച് തകർത്തു. കെ.എസ്.ആർ.ടി.സി കണ്ടക്ടറായ രാജേഷിനെ കൊലചെയ്തു. ഒരു കോൺഗ്രസ് നേതാവ് സ്ഥലത്തു പോയോ ? പീടികകൾ മുഴുവൻ തകർത്തപ്പോൾ ഒരൊറ്റ നേതാവ് പോയോ ? അപ്പോൾ അതിന്റെ അർത്ഥം ബി.ജെ.പി. യും കോൺഗ്രസും കൂടി .......... കോൺഗ്രസിന്റെ ഒരൊറ്റ കൊടി പൊളിച്ചിട്ടില്ല. ഭരണകക്ഷി പാർട്ടികളുടേതാണ് പൊളിച്ചത്. ആ അക്രമവും കൊള്ളയും നടത്തിയ ബി.ജെ.പി. യുടെ കൂടെ നിങ്ങൾ നിൽക്കുന്നത് തെറ്റാണ്. തീർച്ചയായും അപമാനകരമാണ്. അതുകൊണ്ട് നിങ്ങളുടെ ഈ ആവശ്യത്തോട് യോജിക്കാൻ സാധിക്കില്ല. സഭ നിർത്തിവച്ചു ഈ വിഷയം ചർച്ചചെയ്യേണ്ട കാര്യമില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും നോട്ടീസുണ്ട്. വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രിയുടേയും വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിര പ്രമേയാവതരണത്തിനുള്ള അനുമതി ചെയർ നിഷേധിക്കുന്നു. (അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : സ്പീക്കർ സാർ, കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ രണ്ട് മാസത്തിലേറെയായി തുടരുന്ന രൂക്ഷമായ പ്രതിസന്ധി നമ്മുടെ സംസ്ഥാനത്ത് ലക്ഷക്കണക്കിന് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഉണ്ടാക്കിയിട്ടുള്ള മാനസിക പീഡനത്തെക്കുറിച്ചോ മറ്റ് പ്രയാസങ്ങളെക്കുറിച്ചോ മുഖ്യമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും സഹതാപം പ്രകടിപ്പിക്കാത്തതിലും അത് അവരുടെ മുഖത്ത് കാണാൻ സാധിക്കാത്തതിലും എനിക്ക് അതിയായ ദുഃഖമുണ്ട്. അടിയന്തിര പ്രമേയത്തിന്റെ ആദ്യ വിശദീകരണത്തിൽതന്നെ ഏതാണ്ട് 40 മിനിട്ടോളം വിദ്യാഭ്യാസവകുപ്പുമന്ത്രി സംസാരിച്ചു. അടിയന്തിരപ്രമേയത്തിന് ആധാരമായ പ്ലസ്ടു പ്രശ്നം മാത്രമല്ല കേരളത്തിലെ വിദ്യാഭ്യാസരംഗത്തെ പ്രധാനപ്പെട്ട പ്രശ്നങ്ങളെല്ലാം വിദ്യാഭ്യാസവകുപ്പു മന്ത്രി ഇവിടെ വിവരിക്കുകയുണ്ടായി. എൻജിനീയറിംഗ് മുതൽ ടെക്നിക്കൽ വിദ്യാഭ്യാസം, പോളിടെക്നിക്ക്, ഐ.ടി.ഐ. തുടങ്ങി എല്ലാ മേഖലകളിലൂടെയും കടന്നുപോയി. പക്ഷെ അങ്ങ് ഇന്ന് കേരളത്തിൽ പ്ലസ്ടു അഡ്മിഷനുവേണ്ടി വിദ്യാർത്ഥികൾ നടത്തിക്കൊണ്ടിരിക്കുന്ന നെട്ടോട്ടത്തെക്കുറിച്ച്, പരക്കംപാച്ചിലിനെക്കുറിച്ച് കാര്യമായ പരാമർശം നടത്താൻ തയ്യാറായില്ല. അങ്ങ് സാങ്കേതികമായിട്ടുള്ള കണക്കുകളിൽ നിൽക്കുകയാണ്. ഞാൻ അതിനെക്കുറിച്ച് ചില വിശദീകരണങ്ങൾ നൽകാൻ ആഗ്രഹിക്കുകയാണ്. ഈ നിയമസഭ സമ്മേളിക്കുന്നത് നീണ്ട ഒരു ഇടവേളക്കുശേഷമാണ്. ജൂൺ 28-ാം തീയതി നാം പിരിഞ്ഞു പോയവരാണ്. അതിനുശേഷം നിർഭാഗ്യവശാൽ നമുക്ക് തമ്മിൽ ഒരുമിച്ച് കാണാനുള്ള

[11 Am.]

അവസരം ഉണ്ടായില്ല. ഇതാണോ ജനാധിപത്യം ? ഇത് മര്യാദയാണോ ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പാർട്ടി, റവന്യൂ വകുപ്പുമന്ത്രിയുടെ പാർട്ടി,

LIBRARY ARCHIVES Kerala Legislative Assembly

ഭരണകക്ഷിയിലുള്ള മറ്റു പാർട്ടികൾ ഇപ്പുറത്തുള്ള ഞങ്ങളുടെ പാർട്ടികൾ ഉൾപ്പെടെയുള്ളവർ തമ്മിൽ എന്തെങ്കിലും ആശയവിനിമയം ഉണ്ടായിട്ടുണ്ടോ ? ചർച്ചയെന്തെങ്കിലും നടന്നിട്ടുണ്ടോ ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) : എം. പി. മാരുടെ കോൺഫറൻസുണ്ടായിരുന്നു.

ശ്രീ. എ. കെ. ആന്റണി : അന്നും കാണാൻ പറ്റിയില്ല. അതല്ലേ എനിക്ക് ദു:ഖം. നമ്മൾ തമ്മിൽ ഇപ്പോൾ കാണുന്നില്ല. സ്വകാര്യമായിട്ടുപോലും കാണുന്നില്ല. ആ നിലയിൽ എത്തിയിരിക്കുന്നു. കേരള രാഷ്ട്രീയം. എന്തുകൊണ്ട് ഇങ്ങനെ സംഭവിച്ചിരിക്കുന്നു ? ഡൽഹിയിൽ ഇന്ത്യൻ പാർലമെന്റിൽ സമീപകാലത്ത് ഒരു വലിയ സ്തംഭനമുണ്ടായി. അപ്പുറത്തിരിക്കുന്ന സകല കക്ഷികളുടെ എം.പി. മാരും ഇപ്പുറത്തിരിക്കുന്ന സകല കക്ഷികളുടെ എം.പി. മാരും കൂടി പത്തു ദിവസം പാർലമെന്റ് സ്തംഭിപ്പിച്ചു. ചോദ്യോത്തരവേളപോലും അനുവദിച്ചില്ല. അങ്ങനെ പത്തു ദിവസവും സഭ സ്തംഭിപ്പിച്ചിട്ടും ആ സ്തംഭനം നടക്കുന്ന എല്ലാ ദിവസവും, ഞാൻ അങ്ങയോട് അനാദരവ് പ്രകടിപ്പിക്കുകയല്ല, എല്ലാ ദിവസവും സ്പീക്കർ പ്രതിപക്ഷത്തെ വിളിച്ച് ചർച്ച ചെയ്തിരുന്നു. ആറു തവണ പ്രധാനമന്ത്രി പ്രതിപക്ഷത്തെ വിളിച്ച് ചർച്ച ചെയ്തു. ഇവിടെ ഇത്രയും മൗലികമായ ഒരു പ്രശ്നത്തിന്റെ പേരിൽ സഭ സ്തംഭിച്ചു. വിദ്യാഭ്യാസരംഗം സ്തംഭിച്ചു. ഞങ്ങൾ കഴിഞ്ഞ ജൂൺ 8-ാം തീയതി കേരളത്തിലെ പ്രതിപക്ഷപാർട്ടികൾ മുഖ്യമന്ത്രിക്ക് ഒരു കത്ത് നൽകി. ആ കത്തിൽ മന്ത്രിസഭ രാജി വയ്ക്കാൻ ഞങ്ങൾ പാറഞ്ഞിട്ടില്ല. മുഖ്യമന്ത്രി രാജി വയ്ക്കാൻ പറഞ്ഞില്ല. വിദ്യാഭ്യാസവകുപ്പുമന്ത്രി രാജി വയ്ക്കാൻ പറഞ്ഞില്ല. ആരേയും കുരിശിലേറ്റാനോ പ്രതിക്കൂട്ടിൽ കയറ്റാനോ ഞങ്ങൾ പറഞ്ഞില്ല. ഞങ്ങൾ പറഞ്ഞത് വിദ്യാഭ്യാസമേഖലയിൽ ഉരുണ്ടുകൂടുന്ന പ്രതിസന്ധിയെക്കുറിച്ച് പ്രതിപക്ഷപാർട്ടികളുമായി ഒരു ചർച്ചയ്ക്ക് ഗവൺമെന്റ് തയ്യാറാകണമെന്നാണ്. ജൂൺ 8 കഴിഞ്ഞു. ഇന്നുവരെ ഒരു ചർച്ച ഉണ്ടായിട്ടില്ല. അതിനുശേഷം ജൂൺ 28-ന് സഭ പിരിഞ്ഞു. ജൂൺ 28-നും ജൂലൈ 17-നും ഇടയ്ക്ക് 25 ദിവസം കടന്നു പോയില്ലേ ? ഇത് സംബന്ധിച്ച് 54 എം.എൽ.എ. മാർ ഒരുമിച്ച് മുഖ്യമന്ത്രിക്ക് കത്ത് നൽകിയില്ലേ ? ഇന്നുവരെ മുഖ്യമന്ത്രിയോ, വിദ്യാഭ്യാസ വകുപ്പുമന്ത്രിയോ പ്രതിപക്ഷ പാർട്ടികളെ വിളിച്ച് എന്താണ് പ്രശ്നം എന്താണ് പരിഹാരം എന്നതിന് ഒരു ചർച്ചയ്ക്ക് തയ്യാറായിട്ടുണ്ടോ ? എന്ത് ജനാധിപത്യമാണിത് ? നിങ്ങൾ എവിടെ പഠിച്ച ജനാധിപത്യമാണിത്? സഹിഷ്ണുത ഇല്ലെന്ന് ഞങ്ങളെക്കുറിച്ച് ആക്ഷേപിക്കുന്നു. ഞങ്ങൾ വിനീതരായി കത്ത് നൽകിയിട്ട്, അഭ്യർത്ഥിച്ചിട്ട് അങ്ങോട്ടുള്ള ചർച്ചയല്ല, പ്രതിപക്ഷത്തെ ഇങ്ങോട്ടു വിളിക്കുകയല്ല, ഞങ്ങളെ വിളിക്കണമെന്ന് അങ്ങോട്ട് പറഞ്ഞിട്ട് ഒരു ചർച്ചയ്ക്ക് തയ്യാറാകാത്ത നിങ്ങളൊക്കെ എവിടെ പഠിച്ച ജനാധിപത്യമാണിത് ? ഈ പ്രതിസന്ധിയുടെ കാരണക്കാർ, നിങ്ങളല്ലേ ? പ്രതിപക്ഷവുമായി പ്രശ്നം ചർച്ച ചെയ്യാൻ പോലും തയ്യാറാകാത്ത, ഇന്ത്യയിലെ ഒരു സംസ്ഥാന ഗവൺമെന്റും, കേരളത്തിൽ ഇതുവരെ ഒരു ഗവൺമെന്റും കാണിക്കാത്ത ധിക്കാരം കാട്ടിയ ജനാധിപത്യമര്യാദകളുടെ ബാലപാഠം അറിയാത്ത ഒരു ഗവൺമെന്റല്ലേ ഇത്. ഈ പ്രതിസന്ധി

LIBRARY ARCHIVES Kerala Legislative Assembly

നീണ്ടു പോകാൻ കാരണക്കാർ നിങ്ങളല്ലേ ? ഈ രാജ്യത്തെ ലക്ഷോപലക്ഷം വിദ്യാർത്ഥികളെ ബാധിക്കുന്ന, അവരുടെ രക്ഷകർത്താക്കളെ ബാധിക്കുന്ന ഈ സംസ്ഥാനത്തെയാകെ ബാധിക്കുന്ന വിദ്യാഭ്യാസ മേഖലയിലെ പ്രതിസന്ധി എൽ.ഡി.എഫ്. ന്റെ കുടുംബകാര്യം പോലെ എ.കെ.ജി. സെന്ററിൽ മാത്രം ചർച്ച ചെയ്യേണ്ട ഒരു വിഷയമാക്കി മാറ്റിയില്ലേ ? നിങ്ങൾ ആ പ്രശ്നത്തെക്കുറിച്ച് പ്രതിപക്ഷവുമായി ചർച്ച ചെയ്തിട്ടുണ്ടോ ? വിദ്യാർത്ഥി സംഘടനകളുമായി ചർച്ച ചെയ്തിട്ടുണ്ടോ ? അദ്ധ്യാപക സംഘടനകളുമായി ചർച്ച ചെയ്തിട്ടുണ്ടോ ? രക്ഷകർത്താക്കളുടെ പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടുണ്ടോ ? മാനേജർമാരുമായി ചർച്ച നടത്തിയിട്ടുണ്ടോ ? വൈസ്ചാൻസലർമാരുമായി ചർച്ച നടത്തിയിട്ടുണ്ടോ ? ഈ പ്രതിസന്ധി ആരംഭിച്ചതിനുശേഷം ഏതെങ്കിലുമൊരു വിഭാഗത്തിന്റെ പ്രതിനിധികളുടെ, വിദ്യാഭ്യസ മേഖലയോട് താല്പര്യമുള്ള കേരളത്തിലെ ഏതെങ്കിലുമൊരു വിഭാഗവുമായി നിങ്ങൾ ചർച്ചയ്ക്ക് തയ്യാറായിട്ടുണ്ടോ ? നിങ്ങൾക്ക് എ.കെ.ജി. സെന്ററിൽ ചർച്ച. ക്യാബിനറ്റിൽ ചർച്ച അത് മാത്രം. കേരളത്തെ എ.കെ.ജി. സെന്ററിൽ മാത്രമായി നിങ്ങൾ ചുരുക്കിയിരിക്കുന്നു. ഇത്രയേറെ വിഭാഗീയത ഒരു ഭരണകൂടത്തിനും നല്ലതല്ല. അതാണ് ഈ പ്രതിസന്ധി ഇവിടെ ഉണ്ടാകാൻ കാരണം. കേരളത്തിലെ സ്ഥിതി എന്താണ് ? മേയ് 15-ാം തീയതി മുതൽ സി.ബി.എസ്.ഇ. സ്കൂളുകളിലും ഐ.എസ്.ഇ. സ്കൂളുകളിലും പഠനം ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു. കർണ്ണാടക, തമിഴ്നാട്, ആന്ധ്ര എന്നീ സംസ്ഥാനങ്ങളിൽ എല്ലാം പ്ലസ്ടു അദ്ധ്യയനം ആരംഭിച്ചിട്ട് ആഴ്ചകളും മാസങ്ങളും ആയിരിക്കുന്നു. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പറയുന്നു കേരളത്തിൽ പ്ലസ്ടു ക്ലാസ്സുകൾ ഇന്നാരംഭിച്ചു കഴിഞ്ഞിരിക്കുന്നു എന്ന്. മുഴുവൻ ക്ലാസ്സുകളും ആരംഭിച്ചിട്ടുണ്ടോ ? ......... ബഹളം........... ഈ വർഷം പുതുതായി പ്ലസ്ടു അനുവദിച്ച സ്കൂളുകളുടെ ലിസ്റ്റ് ഗവൺമെന്റ് സമർപ്പിച്ചത് ഹൈക്കോടതി റദ്ദാക്കിയിട്ട് മുഴുവൻ അപേക്ഷയും പരിശോധിച്ചതിനുശേഷം പുതിയ ലിസ്റ്റ് തയ്യാറാക്കാൻ പറഞ്ഞിരിക്കുന്നു. ആ ലിസ്റ്റ് തയ്യാറാക്കിയതിനുശേഷം ആഗസ്റ്റ് ആദ്യവാരത്തിൽ പഠനമാരംഭിക്കാൻ കഴിയുമെന്നാണ് ഗവൺമെന്റിന്റെ പ്രതീക്ഷ.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : ജൂലൈ 31-ന് തന്നെ തുടങ്ങും.

ശ്രീ. എ. കെ. ആന്റണി : മന്ത്രി പറയുന്നു ജൂലൈ 31-ന് തുടങ്ങുമെന്ന്. ഇന്ന് തുടങ്ങിയെന്നു പറയുന്നത് ശരിയാണോ ? കുറച്ചുപേർക്കല്ലേ ഉള്ളു. ഇന്ന് തുടങ്ങിയിരിക്കുന്നത് നിലവിലുള്ള സ്കൂളുകളിൽ മാത്രമാണ്. അതും അൻപതു ദിവസം കഴിഞ്ഞിട്ട്. മാത്രമല്ല, നിങ്ങൾ ഈ വർഷം 608 പുതിയ പ്ലസ്ടു ബാച്ചുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഈ 608 ബാച്ചുകൾ അനുവദിച്ചത് സംബന്ധിച്ച് ഹൈക്കോടതിയിൽ ഇപ്പോൾ കേസ് നടക്കുകയാണ്. ആ കേസിൽ............ബഹളം.............608 ബാച്ചുകളിലും ഇന്ന് ക്ലാസ് തുടങ്ങുന്നുണ്ടോ ? ............ ബഹളം................ ഇന്ന് തുടങ്ങുകയാണോ 608 ബാച്ചുകളിലും. ഞാൻ അന്വേഷിക്കാം. ഞാൻ അന്വേഷിച്ച് പറയാം. ഏതായാലും വിദ്യാഭ്യാസ വകുപ്പുമന്ത്രി നിയമസഭയിൽ പറഞ്ഞതുകൊണ്ട് അന്വേഷിക്കാതെ

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ അതിനെ ചോദ്യം ചെയ്യുന്നില്ല. വിദ്യാഭ്യാസ വകുപ്പുമന്ത്രിപറയുന്നു. ഈ വർഷം പുതുതായി അനുവദിച്ച 608 അഡീഷണൽ ബാച്ചുകളിലും ഇന്നു മുതൽ പഠനം തുടങ്ങുമെന്ന്. എനിക്കറിയില്ല. ഞാൻ അന്വേഷിക്കട്ടെ. എന്റെ അറിവിൽ അത് ശരിയല്ല. അതേ ഞാൻ പറഞ്ഞുള്ളൂ. പ്ലസ്ടുവിന് ഏത് സ്കൂളിൽ അഡ്മിഷൻ കിട്ടുമെന്ന് കുട്ടികൾക്ക് ഇപ്പോഴും ഉറപ്പില്ല. പല സ്ഥലത്തും അപേക്ഷ കൊടുത്തിട്ടുണ്ട്. എപ്പോൾ കിട്ടുമെന്ന് ഉറപ്പില്ല. കുട്ടികൾ ആകെ അങ്കലാപ്പിലാണ്. അതേ സമയത്ത് ഞാൻ നേരത്തേ പറഞ്ഞതുപോലെ മറ്റു സ്കൂളുകളിൽ പഠനം തുടങ്ങിയിരിക്കുന്നു. മറ്റു സംസ്ഥാനങ്ങളിൽ പഠനം തുടങ്ങിയിരിക്കുന്നു. ഇതാണ് പ്ലസ്ടുവിന്റെ സ്ഥിതി. എൻട്രൻസിന്റെ സ്ഥിതി എന്താണ് ? എൻട്രൻസിന്റെ റിസൾട്ട് പ്രഖ്യാപിച്ചിട്ടുണ്ടോ ? കർണ്ണാടകയിൽ പ്രഖ്യാപിച്ചു. തമിഴ്നാട്ടിൽ പ്രഖ്യാപിച്ചു. അവിടെ അഡ്മിഷനും തുടങ്ങി. ഇവിടെ റിസൾട്ട് വന്നിട്ടില്ല. കേരളത്തിൽ പ്രൊഫഷണൽ കോഴ്സിന് പഠിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പലരും പരിഭ്രാന്തരായി അങ്ങോട്ടു പോകുന്നു. അവിടത്തെ സ്വകാര്യ പ്രൊഫഷണൽ കോളേജുകൾക്ക് കൊയ്ത്തുകാലം വന്നിരിക്കുന്നു. ഇവിടെ എൻട്രൻസിന്റെ ഫലപ്രഖ്യാപനം വൈകുന്നു. എൻട്രൻസിന്റെ ഫലപ്രഖ്യാപനം എന്നുണ്ടാകുമെന്നറിയില്ല. ഫലപ്രഖ്യാപനം വന്നു കഴിയുമ്പോൾ കഴിഞ്ഞ വർഷങ്ങളിലെപ്പോലെ അതിനെക്കുറിച്ച് തർക്കമുണ്ടാകുമോ ഇല്ലയോ എന്ന് ആർക്കു പറയാൻ കഴിയും ? പരിയാരം മെഡിക്കൽ കോളേജ് സഹകരണ മേഖലയിൽ തുടങ്ങിയ കോളേജാണ്. ആ സഹകരണ കോളേജിന് ഗവൺമെന്റ് നിയന്ത്രണം പോരാ എന്നു പറഞ്ഞപ്പോൾ ഞങ്ങളുടെ ഗവൺമെന്റുതന്നെ നിയന്ത്രണം ഏർപ്പെടുത്തി. പക്ഷെ അതുകൊണ്ടും പോരാഞ്ഞിട്ട് ശ്രീ. എം. വി. രാഘവനോടുള്ള വിരോധം തീർക്കാൻ വേണ്ടി ആ കോളേജ് നിങ്ങൾ ഏറ്റെടുത്തു. ഇപ്പോൾ നിങ്ങൾ വെള്ളം കുടിക്കുകയല്ലേ ? രണ്ടുമാസമായി അവിടെ പഠനം നടക്കുന്നില്ല. ഒ. പി. പോലും നടക്കുന്നില്ല. പരിയാരം മെഡിക്കൽ കോളേജിൽ ഡോക്ടർമാരും സ്റ്റാഫും മറ്റെല്ലാപേരും സമരത്തിലാണ്. അവിടെ സ്തംഭനമല്ലേ ? ആ കോളേജ് ഏറ്റെടുക്കാൻവേണ്ടി നിങ്ങൾ 50 കോടി രൂപ നീക്കിവച്ചു. ഫലം എന്താണ് ? മെഡിക്കൽ ഡിപ്പാർട്ടുമെന്റിന്റെ ബഡ്ജറ്റിൽ നിന്നും 50 കോടി രൂപ വെട്ടിക്കുറച്ചതിന്റെ ഫലമായി സർക്കാർ ആശുപത്രികളിൽ ജീവൻരക്ഷാ മരുന്നുകൾ പോലുമില്ലാത്ത സ്ഥിതിവിശേഷം വന്നിരിക്കുന്നു. അങ്ങനെ കേരളത്തിലെ വിദ്യാഭ്യാസ രംഗം മുഴുവൻ ഇന്ന് കലാപകലുഷിതവും സംഘർഷഭരിതവും ആയി മാറിയിരിക്കുന്നു. എന്താണ് കേരളത്തിന്റെ അഭിമാനം ? നിങ്ങൾ ജനകീയാസൂത്രണത്തിന്റെ അന്താരാഷ്ട്ര സെമിനാർ നടത്തിയില്ലേ ? ആ സെമിനാറിലെ പ്രധാനപ്പെട്ട ഒരു വിഷയം, കേരള മോഡൽ, ഡോ. അമർത്യാസെൻ വരെ പറഞ്ഞു. കേരള മോഡൽ അഭിമാനകരം. ആ കേരളാ മോഡലിന്റെ പ്രത്യേകതയെന്താണ് ? വിദ്യാഭ്യാസ രംഗത്തെ വളർച്ച. കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്ത് പ്രത്യേകമായിട്ടുള്ള ഔന്നത്യമാണ് കേരള മോഡലിന്റെ സവിശേഷത. ആ കേരള മോഡലിനെ നിങ്ങൾ ആറടി മണ്ണിൽ കുഴിച്ചു മൂടിയില്ലേ ? വിദ്യാഭ്യാസ രംഗത്തിന്റെ കാര്യത്തിൽ നിങ്ങൾ 50 കൊല്ലം പിറകോട്ടുപോയിരിക്കുന്നു. നിങ്ങൾ കാണിക്കുന്ന ഈ തുഗ്ളക് പരിഷ്ക്കാരങ്ങളുടെ ഫലമായി കേരളത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

ഒരു തലമുറ വിദ്യാഭ്യാസപരമായി പിന്നോക്കം പോയിരിക്കുന്നു. അവർക്ക് കേരളത്തിൽ മാത്രമല്ല, അയൽ പ്രദേശങ്ങളിൽ പോലും ജോലി കണ്ടെത്താനുള്ള സാദ്ധ്യത നിങ്ങൾ നശിപ്പിച്ചിരിക്കുന്നു. നിങ്ങൾ ഈ സംസ്ഥാനത്തെ ഒരു തലമുറയെ നശിപ്പിച്ചു കഴിഞ്ഞിരിക്കുകയാണ്. ഇതിനിടയിലാണ് കോടതിയിൽ നിന്നും ഇതിനെക്കുറിച്ച് വിധിയുണ്ടായത്. വിഷയത്തിനപ്പുറത്ത് വിദ്യാഭ്യാസ വകുപ്പുമന്ത്രി പോയതുകൊണ്ടാണ് ഞാനും അദ്ദേഹത്തിന്റെ മാതൃക അല്പം പിന്തുടരുന്നത്. അദ്ദേഹം ജനങ്ങളുടെ ഉൽകണ്ഠ മാറ്റാൻവേണ്ടി ചില കാര്യങ്ങൾ പറഞ്ഞപ്പോൾ കേരളത്തിലെ രക്ഷകർത്താക്കളുടേയും വിദ്യാർത്ഥികളുടേയും ഉൽക്കണ്ഠ അദ്ദേഹം ഉൾപ്പെടെയുള്ള ഗവൺമെന്റ് അറിയാൻവേണ്ടി ഞാനും വിശദീകരിക്കുകയാണ്. സ്പീക്കർ അദ്ദേഹത്തെ അനുവദിച്ചു. അതുകൊണ്ട് സ്പീക്കർ എനിക്കും അനുവാദം തരുമെന്ന് എനിക്കറിയാമായിരുന്നു. അതുകൊണ്ടാണ് ഞാൻ സംസാരിക്കാൻ തീരുമാനിച്ചത്. ഇപ്പോൾ ഹൈക്കോടതിവിധി വന്നു. ഹൈക്കോടതിവിധിയെക്കുറിച്ച് നിയമത്തിന്റെ നൂലാമാലകൾ എടുത്തുള്ള ഒരു അഭ്യാസത്തിന് ഞാൻ ഒരുങ്ങുന്നില്ല. ഗവൺമെന്റിനെ പ്രയാസപ്പെടുത്തുന്ന ധാരാളം പരാമർശനങ്ങൾ ഹൈക്കോടതിവിധിയിലുണ്ട്. അത് നീക്കം ചെയ്യാൻ സുപ്രീംകോടതിയിൽ പോകുന്ന കാര്യം നിയമജ്ഞൻമാരുമായി ആലോചിക്കണമെന്ന് ആദ്യമായി പറഞ്ഞത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കൺവീനറാണ്. ഞങ്ങളല്ല. ഈ വിധി ഗവൺമെന്റിനുള്ള സർട്ടിഫിക്കറ്റാണെന്ന് മുഖ്യമന്ത്രിയുടേയും വിദ്യാഭ്യാസവകുപ്പു മന്ത്രിയുടേയും ആദ്യ പ്രതികരണത്തെ നിരാകരിച്ചത് നിങ്ങളുടെ മുന്നണി തന്നെയാണ്. ഹൈക്കോടതിയുടെ ജഡ്ജ്മെന്റ് വളരെ വ്യക്തമാണ്. ഒരു വിധിന്യായം വരുമ്പോൾ ആദ്യമേ എടുത്തുചാടരുത്. കാളപെറ്റു എന്നു കേൾക്കുമ്പോൾ കയർ എടുക്കരുത്. കുറച്ചുകൂടി ശാന്തമായി കാര്യങ്ങൾ അന്വേഷിക്കണം. ആദ്യമേ അന്വേഷിച്ചിട്ട് പ്രതികരിച്ചിരുന്നുവെങ്കിൽ ശ്രീ. വി. എസ്. അച്യുതാനന്ദന് നിങ്ങളെ തിരുത്തേണ്ട സാഹചര്യം ഉണ്ടാകുമായിരുന്നില്ല. ജഡ്ജ്മെന്റ് വളരെ ക്ലിയറാണ്; ആർബിട്രറിയാണ്; മാലഫൈഡാണ്; unconstitutional ആണ്. വ്യക്തമായി പറഞ്ഞിരിക്കുന്നു. ലിസ്റ്റ് തിരികെ അയയ്ക്കുന്നു. ഈ സാഹചര്യത്തിൽ ഈ ഗവൺമെന്റിന് തുടരാൻ ധാർമ്മികമായ അവകാശമുണ്ടോ ? മുഖ്യമന്ത്രിയോട് ഞാൻ ചോദിക്കുന്നു, എനിക്ക് അദ്ദേഹത്തോട് വ്യക്തിപരമായി യാതൊരു വിരോധവുമില്ല. ആദരവുണ്ട്. പഴയ ആളാണല്ലോ. അങ്ങ് ഇരട്ടത്താപ്പ് നയം സ്വീകരിക്കുന്നത് ശരിയാണോ ? ശ്രീ. കരുണാകരനും ശ്രീ. ജേക്കബിനും ഒരു ന്യായം അങ്ങേയ്ക്കും ശ്രീ. ജോസഫിനും വേറൊരു ന്യായം അത് ശരിയാണോ ? പ്രീഡിഗ്രി ബോർഡ് രൂപീകരിക്കാൻ കരുണാകരൻ ഗവൺമെന്റ് തീരുമാനിച്ചു. നയപരമായ തീരുമാനം. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി പ്രീ-ഡിഗ്രി ബോർഡ് രൂപീകരിക്കാൻ കരുണാകരൻ മന്ത്രിസഭ നയപരമായതീരുമാനം എടുത്തു. അന്ന് ശ്രീ. ജോസഫും കൂടെയുണ്ട്. നയപരമായ ഒരു തീരുമാനം എടുത്തതിന്റെ പേരിൽ ആ തീരുമാനം Undue haste ആണോ എന്ന് അറിയാൻവേണ്ടി ജസ്റ്റിസ് നരേന്ദ്രനെ ഏകാംഗ കമ്മിഷനായി ജുഡീഷ്യൽ എൻക്വയറിക്കുവേണ്ടി നിയമിച്ചത് അങ്ങയുടെ സർക്കാരല്ലേ ? ശ്രീ.കെ. കരുണാകരനും ശ്രീ. ടി.എം. ജേക്കബിനും ബാധകമായ അതേ കാര്യം അങ്ങേയ്ക്കും

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫിനും ബാധകമല്ലേ ? എന്തുകൊണ്ട് അന്വേഷിക്കാൻ തയ്യാറാകുന്നില്ല. ക്രമക്കേടു നടന്നു. മാലഫൈഡ് എന്നുപറഞ്ഞുകഴിഞ്ഞാൽ ആ ക്രമക്കേട് ആരൊക്കെ നടത്തി, ആരൊക്കെ കോഴ വാങ്ങി, എത്ര കോഴ വാങ്ങി ഇതറിയണ്ടേ ? ഇതറിയണമെങ്കിൽ ജുഡീഷ്യൽ അന്വേഷണം നടത്താൻ തയ്യാറാകണം. ഹൈക്കോടതി സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷണം നടത്താൻ തയ്യാറാകണം. ബഹുമാനപ്പെട്ട ജോസഫ് ഒരു കാര്യം പറഞ്ഞു. ഞാൻ മുഖ്യമന്ത്രി ആയിരുന്ന അവസരത്തിൽ, എന്റെ സുഹൃത്തായ ശ്രീ. വി.എം. സുധീരൻ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്ന സന്ദർഭത്തിൽ മെഡിക്കൽ ഡിപ്പാർട്ടുമെന്റിൽ ചില ലക്ചറർമാരെ നിയമിച്ച കാര്യത്തിൽ, മന്ത്രിസഭ എടുത്ത തീരുമാനമല്ല, അതിനെക്കുറിച്ച് ഹൈക്കോടതിയിൽ പോയപ്പോൾ എന്തോ പരാമർശമുണ്ടായി. ആ പരാമർശനം ഞാൻ മുഖ്യമന്ത്രിയായിരുന്ന കഴിഞ്ഞ നിയമസഭയിൽ ബഹുമാനപ്പെട്ട നായനാരോ, ശ്രീ. വി.എസ്. അച്യുതാനന്ദനോ, ശ്രീ. കെ. ഇ. ഇസ്മയിലോ ആരും ഉന്നയിച്ചില്ല. ഉന്നയിക്കാത്തതുകൊണ്ട് എനിക്ക് മറുപടിയും പറയേണ്ടി വന്നില്ല. അതു ഒരു മന്ത്രിസഭാ തീരുമാനവുമല്ല. മെഡിക്കൽ കോളേജ് ലക്ചറർമാരുടെ നിയമനത്തിൽ എന്തോ അപാകതയുണ്ടെന്നുള്ളത് ഡിപ്പാർട്ടുമെന്റ് തീരുമാനമാണ്. അതന്വേഷിക്കാമോ എന്നാണ് ശ്രീ. ജോസഫ് ചോദിച്ചത്. ശ്രീ. ജോസഫേ ഔദാര്യം എന്നോടു വേണ്ട. എനിക്കു നിങ്ങളുടെ ഔദാര്യം വേണ്ട, അന്ന് മുഖ്യമന്ത്രിയായിരുന്ന എനിക്കു അതിനെപ്പറ്റി അറിയുകപോലുമില്ല. മെഡിക്കൽ ഡിപ്പാർട്ടുമെന്റ് തലത്തിൽ നടന്ന കോളേജ് ലക്ചറർമാരുടെ നിയമനത്തെക്കുറിച്ച് കോടതിയിൽനിന്നും ഒരു കമന്റ് പറഞ്ഞു. അന്ന് ഞാൻ രാജി വച്ചോ എന്നാണ് ചോദ്യം. ഏതായാലും ശ്രീ. പി.ജെ. ജോസഫ് പറഞ്ഞ സ്ഥിതിക്ക് എനിക്ക് ശ്രീ. ജോസഫിനോട് ഒരു കാര്യം പറയണം. ബഹുമാന്യനായ ജോസഫേ എനിക്ക് നിങ്ങളുടെയാരുടേയും ഔദാര്യം വേണ്ട. ശ്രീ. വി.എം. സുധീരൻ ആരോഗ്യവകുപ്പുമന്ത്രിയും ഞാൻ മുഖ്യമന്ത്രിയുമായിരുന്ന കാലഘട്ടത്തിൽ ആരോഗ്യ വകുപ്പിലെ ലക്ചറർമാരുടെ നിയമനത്തിൽ ഈ പറയുന്നതുപോലെ അപകടമുണ്ടെങ്കിൽ അതിനെക്കുറിച്ചും ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ടുതന്നെ അന്വേഷിക്കുക............(ബഹളം)...........(ബഹളം)........... അന്ന് ഞാൻ മുഖ്യമന്ത്രിയും ശ്രീ. വി. എം. സുധീരൻ ആരോഗ്യ വകുപ്പുമന്ത്രിയുമായിരുന്നപ്പോൾ മെഡിക്കൽ ഡിപ്പാർട്ടുമെന്റിലെ കോളേജ് അധ്യാപക നിയമനം നടന്നതിൽ ക്രമക്കേട് ഉണ്ടായിട്ടുണ്ടോ ? അതിൽ മുഖ്യമന്ത്രിയായിരുന്ന എനിക്ക് എന്തെങ്കിലും പങ്കുണ്ടോ ? ഹൈക്കോടതിയിലെ ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷണം നടത്തുക. ആ കാര്യത്തിൽ മാത്രമല്ല, മറ്റു കാര്യങ്ങളിലും അന്വേഷണം നടത്തുക. ശ്രീ. ജോസഫ് ചോദിച്ചു. ഞങ്ങളാരെങ്കിലും രാജിവച്ചിട്ടുണ്ടോ എന്ന് മുൻകാലപ്രാബല്യം ചോദിക്കുന്നു. ഞാൻ പറയുന്നു അതിലും ഔദാര്യം വേണ്ട. ആ കാര്യത്തിലും പ്രത്യേക പരിഗണന വേണ്ട. ഹൈക്കോടതിയിലെ സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷണം നടത്തുന്നതുവരെ പ്ലസ്ടു പ്രശ്നത്തിൽ നടന്ന ക്രമക്കേടിനെക്കുറിച്ച് ഹൈക്കോടതിയിലെ സിറ്റിംഗ് ജഡ്ജിയെകൊണ്ട് അന്വേഷണം നടത്തുന്നതുവരെ, ബഹുമാനപ്പെട്ട നായനാരും ശ്രീ. പി.ജെ. ജോസഫും രാജിവച്ച് പുറത്തു നിൽക്കുക. അതുപോലെതന്നെ



LIBRARY ARCHIVES Kerala Legislative Assembly

ഈ അന്വേഷണം പൂർത്തിയാവുന്നതുവരെ പ്രതിപക്ഷനേതാവ് എന്ന നേതൃസ്ഥാനം രാജിവയ്ക്കാൻ ഞാനും തയ്യാറാണ്. ഞാൻ റെഡി. നിങ്ങളും രാജിവയ്ക്കുക. ശ്രീ. നായനാരും, ശ്രീ. പി.ജെ. ജോസഫും രാജി വയ്ക്കുക. ഞാനും രാജിവയ്ക്കാം. റെഡിയാണോ ? ധൈര്യമുണ്ടെങ്കിൽ പറയണം...... (ബഹളം).........

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : അങ്ങ് മുഖ്യമന്ത്രിയായിരുന്നപ്പോൾ രാജിവച്ചോ ?

ശ്രീ. എ. കെ. ആന്റണി : എന്റെ ബഹുമാനപ്പെട്ട നായനാരേ, മുഖ്യമന്ത്രി സ്ഥാനവും കേന്ദ്രമന്ത്രി സ്ഥാനവുമൊക്കെ രാജി വയ്ക്കുന്നതിൽ എനിക്ക് ഒരു പ്രശ്നവുമില്ല. ഞാൻ പലപ്പോഴും രാജിവച്ചിട്ടുമുണ്ട്. ഞാൻ പ്രതിപക്ഷ നേതൃസ്ഥാനം രാജിവയ്ക്കാൻ തയ്യാറാണ്. മുഖ്യമന്ത്രിസ്ഥാനം രാജിവയ്ക്കാൻ തയ്യാറുണ്ടോ ? ശ്രീ. ജോസഫ് തയ്യാറുണ്ടോ ? എല്ലാ കാര്യവും അന്വേഷിക്കുക. ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. എ. കെ. ആന്റണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റ് അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : പ്ലസ്ടു പ്രശ്നത്തിൽ ............... (ബഹളം).............. കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് യാതൊരു പ്രശ്നവുമില്ല എന്നുള്ള തരത്തിലാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി ഇന്ന് അടിയന്തിരപ്രമേയത്തിന്റെ ചർച്ചാവേളയിലെ സന്ദർഭമുപയോഗിച്ചുകൊണ്ടു പറഞ്ഞത്. യാഥാർത്ഥ്യവുമായി നിരക്കുന്നതാണോ ഈ സംഗതിയെന്ന് ഇവിടെ വിശദീകരിക്കേണ്ട യാതൊരു കാര്യവുമില്ല. ഇതു സംബന്ധിച്ച് അനുദിനം പുറത്തുവന്നുകൊണ്ടിരിക്കുന്ന വിവരങ്ങളും, അങ്കലാപ്പിലായി നാടുനീളെ അലഞ്ഞുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികളും............ഓരോ നിയോജകമണ്ഡലത്തിലെ എം.എൽ.എ മാരും അവനവന്റെ വീടുകളിൽപ്പോയിരിക്കുമ്പോൾ വിഷമിച്ച് മുഖവുമായി വരുന്ന കുട്ടികളെയും അവരുടെ രക്ഷിതാക്കളെയുമാണ് കാണുന്നത്. അരോടുള്ള മറുപടിയാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അടിയന്തിരപ്രമേയത്തിനുള്ള മറുപടിയായി പറഞ്ഞതെന്നുള്ള വിവരം എല്ലാ നിയമസഭാസാമാജികർക്കും അറിയാവുന്നതാണ്. പിന്നോക്ക വിഭാഗങ്ങൾക്കൊക്കെ മുൻഗണന കൊടുത്തുവെന്നാണ് അദ്ദേഹം പറഞ്ഞത്. ഏറ്റവും അവസാനമിറക്കിയ പ്ലസ്ടു ലിസ്റ്റിൽ മലപ്പുറം ജില്ലയിൽ ഒരു ഗവൺമെന്റ് സ്കൂളിന്പോലും കൊടുത്തിട്ടില്ല. എന്നിട്ടാണ് ഈ പ്രസംഗം അങ്ങ് നടത്തുന്നത്. കേരളത്തിലാണ് ഈ വിദ്യാഭ്യാസ പരിഷ്ക്കാരം നടന്നത്. ഭരണത്തിലിരിക്കുന്ന എല്ലാവരും അങ്ങയുടെ മെസേജ് ഉൾക്കൊള്ളുന്നുണ്ടോ എന്നു ചോദിച്ചാൽ, കൂട്ടുത്തരവാദിത്വമാകുമ്പോൾ ഒന്നിച്ചു ഭരിക്കുമ്പോൾ അങ്ങയെ ന്യായീകരിക്കേണ്ട ആവശ്യം വരികയാണ്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. അതിലേയ്ക്കു കടന്നാൽ പല വിഷമതകളുമുണ്ടാകും. പക്ഷെ

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലാണ് ഈ വിദ്യാഭ്യാസ പരിഷ്ക്കാരം നടത്തിയത്. ഇവിടെ ഒരു വിഭാഗത്തിനും ഒരാനുകൂല്യവും കൊടുത്തിട്ടില്ല എന്ന അഭിപ്രായമാണ് എനിക്കുള്ളത്. വിദ്യാഭ്യാസപരമായി വളരെ മുന്നോക്കം നിൽക്കുന്ന ധാരാളം സ്ഥാപനങ്ങളുണ്ട്. അങ്ങ് വളരെ അഭിമാനത്തോടുകൂടി പല സ്കൂളുകളിലും പ്ലസ്ടു കൊടുത്തതിനെക്കുറിച്ച് പറഞ്ഞു. പ്രീഡിഗ്രി ഡീലിംഗ് ചെയ്തു. പ്ലസ്ടു തുടങ്ങിയ സ്കൂളുകളിൽ പോയി നോക്കാനും പറയുന്നുണ്ട്. രക്ഷിതാക്കളും കുട്ടികളും അങ്ങോട്ട് പോകാൻ ആഗ്രഹിക്കുന്നില്ല. ഇത്ര ധൃതിപിടിച്ച് നടത്തേണ്ട വിദ്യാഭ്യാസ പരിഷ്ക്കാരമാണോ ഇത്. കുറച്ചു നേരത്തെ തുടങ്ങാമായിരുന്നില്ലേ. എന്താണ് അറച്ചുനിന്നത് ? നിങ്ങളുടെ എല്ലാവരുടെയും മനസ്സാക്ഷിയുടെ ചോദ്യമാണ് ഞാൻ ചോദിക്കുന്നത്. ഇതൊക്കെ ആരെങ്കിലും ഇവിടെ പറയണ്ടേ ? എല്ലാവരുടെയും മനസ്സാക്ഷിക്കനുസരിച്ചുള്ള കാര്യങ്ങൾ തന്നെയാണ് ഞാനും പറയുന്നത്. ലക്ഷക്കണക്കിനുവരുന്ന വിദ്യാർത്ഥികളുടെ ഭാവിയുടെ കാര്യമാണ്. ഹൈക്കോടതി വിധിക്കുശേഷം തങ്ങൾ ചേരേണ്ട സ്കൂളോ കോളേജോ ഏതാണെന്ന് ഏതെങ്കിലും കുട്ടിയ്ക്ക് നിശ്ചയമുണ്ടോ ? എസ്.എസ്.എൽ.സി. പാസ്സായ ഒരു കുട്ടി എവിടെയാണ് അപേക്ഷ കൊടുക്കേണ്ടതെന്ന് അറിയണ്ടേ ? യാഥാർത്ഥ്യങ്ങളൊക്കെ മറച്ചുവച്ചുകൊണ്ടാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രി സംസാരിക്കുന്നത്. ഹൈക്കോടതി വിധിയെക്കുറിച്ച് അദ്ദേഹം ധാരാളം കാര്യങ്ങൾ പറഞ്ഞു. അതിനെക്കുറിച്ച് ഞാൻ ചോദ്യം ചെയ്യുന്നില്ല. രാജിവയ്ക്കണ്ട എന്നുള്ളതിനെക്കുറിച്ചുള്ള ന്യായങ്ങൾ ആണ് അദ്ദേഹം പറഞ്ഞത്. അതിന് അദ്ദേഹത്തിന് അവകാശമുണ്ട്. ഇവിടെ പ്രശ്നം അതല്ല. ഈ രാജ്യത്ത് പ്രതിഫലനമുണ്ടാക്കിയ ഒരു ഹൈക്കോടതി വിധിയുണ്ട്. വിദ്യാഭ്യാസരംഗത്ത് ഇപ്പോൾ അനിശ്ചിതാവസ്ഥ നിലനിൽക്കുകയാണ്. 10-ാം ക്ലാസിനുശേഷം കുട്ടികൾ എവിടെ പഠിക്കണമെന്നോ എവിടെ അപേക്ഷ കൊടുക്കണമെന്നോ, എവിടെ പോകണമെന്നോ നിശ്ചയമില്ലാത്ത സ്ഥിതി തുടരുന്നു. ഇതാണ് ഇന്നത്തെ അടിയന്തിരപ്രമേയത്തിൽ ചർച്ച ചെയ്യണമെന്നു പറഞ്ഞത്. അത് ചർച്ച ചെയ്യണ്ട എന്നുപറഞ്ഞാൽ പിന്നെ എന്താണ് ചർച്ച ചെയ്യേണ്ടത്. ഇതിലും വലിയ പ്രതിസന്ധി കേരളത്തിൽ മുൻപ് ഉണ്ടായിട്ടുണ്ടോ ? കുട്ടികളും രക്ഷിതാക്കളും ത്രിശങ്കുവിൽ നിൽക്കുകയാണ്. ഇതിനെക്കുറിച്ചുവന്ന മറ്റ് ആക്ഷേപങ്ങളും കൂടിയാകുമ്പോൾ ആളുകളുടെ മനസ്സിലുണ്ടായിട്ടുള്ള ധാരണ എന്താണെന്ന് നിങ്ങൾക്ക് മനസ്സിലാകില്ല. പിന്നോക്ക വിഭാഗങ്ങളൊക്കെ മാനസിക വിഷമത്തിലാണ്. അതൊന്നും പറഞ്ഞിട്ട് കാര്യമില്ല. അനവധികാലമായി ഞങ്ങൾ വളർത്തിക്കൊണ്ടുവന്ന കോളേജുകളിലുള്ള സൗകര്യങ്ങൾ വെറുതെയായി. അതിന് മുന്നിൽ തകർന്ന സ്വപ്നങ്ങളുമായി ജനങ്ങൾ വിഷമിച്ചു നിൽക്കുകയാണ്. ഇതൊന്നും ഉൾക്കൊള്ളാതെ യാതൊരു അനുഭാവവുമില്ലാതെ......... വിദ്യാഭ്യാസ വകുപ്പുമന്ത്രി വളരെനേരം സംസാരിച്ചു എന്നുള്ളതുകൊണ്ട് പ്രശ്നം പരിഹരിക്കുകയില്ല. ഇത് കേരളമാണ്. അതുകൊണ്ട് ഞാൻ ഇതിനെക്കുറിച്ച് ഒന്നും പറയുന്നില്ല. ഇവിടെ പറഞ്ഞകൂട്ടത്തിൽ അദ്ദേഹം ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ നൽകിയ ലിസ്റ്റെന്നു പറഞ്ഞു. ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ നൽകിയ ലിസ്റ്റല്ല, അങ്ങും, മറ്റ് എം.എൽ.എ മാരും പ്രസംഗിക്കുമ്പോഴൊക്കെ ഇത് ക്വാട്ട് ചെയ്ത് പറയുന്നുണ്ട്. ഈ ലിസ്റ്റിൽ നിന്ന് 28 സ്കൂളുകൾക്ക് കൊടുത്തില്ലേ എന്ന്.

LIBRARY ARCHIVES Kerala Legislative Assembly

ക്രമക്കേടില്ലാതെ ധൈര്യമായി കുറച്ച് സ്കൂളുകൾക്ക് കൊടുക്കാൻ കഴിഞ്ഞത് ഒരു കണക്കിന് ഇവരെല്ലാംകൂടി നൽകിയ ലിസ്റ്റിൽ നിന്നാണ്. അതിനെക്കുറിച്ച് ആക്ഷേപം വരുന്നില്ലെന്നുപറയുന്നത് ശരിയാണ്. കാരണം ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ നൽകിയ ലിസ്റ്റല്ല ലീഗ് എം.എൽ.എ. മാർ കൊടുത്ത ലിസ്റ്റുമല്ല. എം.ഇ.എസ്., എം.എസ്.എസ്., ഫറൂക്ക് കോളേജ് കമ്മിറ്റി തുടങ്ങിയ മുസ്ലീം വിദ്യാഭ്യാസ സംഘടനകൾ യോഗം കൂടി സമരം പ്രഖ്യാപിച്ച് സമരസമിതിയുടെ ആഭിമുഖ്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഒരു പെറ്റീഷൻ കൊടുത്തു. ചീഫ് വിപ്പിനൊക്കെ അത് അറിയാം. ഇതെല്ലാം ലീഗിന്റെ മാനേജ്മെന്റൊന്നുമല്ല. എല്ലാവരുംകൂടി ചർച്ച ചെയ്ത് വളരെ ഡെമോക്രാറ്റിക്കായി തയ്യാറാക്കിയ ലിസ്റ്റാണ് അവകാശം നിഷേധിക്കപ്പെട്ടിരിക്കുന്നു. ഒരെണ്ണം കിട്ടിയില്ലെങ്കിൽ വിഷമമാണെന്നുപറഞ്ഞ് സമരസമിതി കൊടുത്ത ലിസ്റ്റാണ് ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ കൊടുത്ത ലിസ്റ്റല്ല. അതുകൊണ്ടുതന്നെ അതിൽ യാതൊരു കൃത്രിമവും ഉണ്ടായില്ലെന്നുള്ളതിന്റെ പേരിൽ അഭിമാനിക്കേണ്ടത് നിങ്ങളല്ല, ഞങ്ങളാണ്. അതുപോലെ ഞങ്ങളുടെ കാലത്ത് കോടതി സ്റ്റേ ചെയ്ത 71 കോളേജുകളുടെ കാര്യം പറഞ്ഞു. ആ സ്റ്റേ പിന്നീട് സുപ്രീംകോടതി നീക്കം ചെയ്യുകയും ആ കോളേജുകളൊക്കെ നിയമ പ്രകാരം ഇപ്പോൾ പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. പിന്നെ ക്രീമിലെയറിന്റെ കാര്യത്തെ സംബന്ധിച്ച് സുപ്രീംകോടതിയിൽ നിന്നും കേരളാ ഗവൺമെന്റിനെ സംബന്ധിക്കുന്ന വിമർശനം ഉണ്ടായി. ആ വിമർശനം അഭിമാനപൂർവ്വം സ്വീകരിച്ച്, ആ വിമർശനത്തിനു വിധേയമായി, നിയമസഭയിൽ നിയമംകൊണ്ടുവന്ന് പാസ്സാക്കുകയാണ് ഉണ്ടായത്. നിങ്ങളിൽ ഒരു വിഭാഗം ഇക്കാര്യത്തിൽ ഞങ്ങളുമായി യോജിച്ചു. എല്ലാപേരും യോജിച്ചില്ല. വ്യക്തിപരമായി പറയട്ടെ, അതിൽ എന്തെങ്കിലും ക്രിട്ടിസിസം ഉണ്ടായിട്ടുണ്ടെങ്കിൽ ആ ക്രിട്ടിസിസം ഇവിടത്തെ പിന്നോക്ക ജനവിഭാഗങ്ങൾക്കുവേണ്ടി അഭിമാനപൂർവ്വം ശിരസാവഹിക്കുവാൻ കഴിയുന്ന ഒരു നിലപാടാണ് ഞങ്ങൾ അന്ന് സ്വീകരിച്ചിരുന്നത്. അതു ഇതുപോലുള്ള വിഷയമല്ല എന്നുള്ളത് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി മനസ്സിലാക്കണം. ഞാൻ കൂടുതലൊന്നും പറയുന്നില്ല. കാരണം കൂടുതൽ പറഞ്ഞിട്ട് യാതൊരു കാര്യവും ഉണ്ടെന്ന് തോന്നുന്നില്ല. റിസൽട്ട് വന്നിട്ട് എത്ര ദിവസമായി ? പറഞ്ഞിട്ട് എന്താണ് കാര്യം ? യാതൊരു രക്ഷയുമില്ലാത്ത സ്ഥിതി ആയിക്കഴിഞ്ഞിരിക്കുന്നു. ഇതെല്ലാം എളുപ്പം പരിഹരിച്ച് കുട്ടികളെ രക്ഷപ്പെടുത്താൻ എന്തെങ്കിലും മാർഗ്ഗം ഉണ്ടോയെന്ന് നോക്കുക. അല്ലാതെ ഇവിടെനിന്ന് നമ്മൾ സംസാരിച്ചിട്ട് യാതൊരു കാര്യവുമില്ല. നിങ്ങൾ കൈയടിച്ചോളൂ എനിക്ക് വിരോധമില്ല. പക്ഷെ അധികാര സ്ഥാനത്തിരിക്കുന്നത് നിങ്ങളാണെന്നുള്ള ഓർമ്മവേണം. കുട്ടികളെ രക്ഷിക്കേണ്ട ചുമതല ഭരിക്കുന്ന ആളുകൾക്കാണ്. അതുകൊണ്ട്.........

ശ്രീ. പി. സി. ജോർജ് : ആ ചുമതല രണ്ടുകൂട്ടർക്കും ഉണ്ട്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : എന്റെ ശ്രീ. പി. സി. ജോർജേ, തുഗ്ളക്കിന്റെ പരിഷ്ക്കാരങ്ങളൊക്കെ നടത്തുമ്പോൾ അതൊന്ന് ആലോചിച്ചിരുന്നുവെങ്കിൽ ഇന്ന് ഈ വിഷമം ഉണ്ടാവില്ലല്ലോ. ഞാനും എന്റെ പാർട്ടിയും ഇതിൽ പ്രതിഷേധിച്ച് വാക്കൗട്ട് നടത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. എം. മാണി : സർ, ഹൈക്കോടതി ജഡ്ജ്മെന്റിനെ വിലയിരുത്തുമ്പോൾ ഈ ജഡ്ജ്മെന്റിലെ ഫാക്ട്സിന്റെ അടിസ്ഥാനത്തിൽ, ഇതിന്റെ പ്രത്യേക ചുറ്റുപാടുകളുടെ അടിസ്ഥാനത്തിലല്ലേ വിലയിരുത്തേണ്ടത്. ഇതിനു സിമിലറായിട്ടുള്ള ജഡ്ജ്മെന്റ് ഇതിനു മുമ്പ് ഉണ്ടായിട്ടില്ല. ഹൈക്കോടതിക്ക് ഏതെങ്കിലും ഒരു നിയമ നിർമ്മാണം അസാധുവാണെന്നും ഭരണഘടനാ വിരുദ്ധമാണെന്നും പറയാം. ഹൈക്കോടതിക്ക് ഏതെങ്കിലും കാര്യത്തിൽ കോർട്ടലക്ഷ്യം ഉണ്ടെന്ന് പറയാം. പയ്യാവൂർ കേസിൽ ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറി കണ്ടംപ്ട് ഓഫ് കോർട്ട് പ്രവർത്തിച്ചു എന്നുപറഞ്ഞു. ചീഫ് സെക്രട്ടറി ഹൈക്കോടതിയിൽ പോയി ക്ഷമപറഞ്ഞു. ഞങ്ങൾ 54 എം.എൽ.എ. മാരിൽ ആരുംതന്നെ അതിന്റെ പേരിൽ ആരെങ്കിലും രാജിവയ്ക്കണമെന്ന് ഒപ്പിട്ട് ഒന്നും നൽകിയില്ല. ഞങ്ങൾ ഈ നടുത്തളത്തിൽ വരികയും ചെയ്തില്ല. ഓരോ സംഗതിയും വിലയിരുത്തേണ്ടത് സംഗതിയുടെ ഹിസ്റ്റോറിക്കലായിട്ടുള്ള ബാഗ്ഗ്രൗണ്ടും, അതിൽ ചർച്ച ചെയ്യുന്ന വിഷയങ്ങളും അതിൽ അന്തർലീനമായിട്ടുള്ള വിഷയങ്ങളും അടിസ്ഥാനപ്പെടുത്തിയായിരിക്കണം. ഞാൻ ഇവിടെ ഒരു കാര്യം പറയട്ടെ, ഇൻഡിവിഡുവലായിട്ടുള്ള കേസ്, ഏതെങ്കിലും ഒരു സ്കൂളിന്റെ പെർമിഷൻ അല്ലെങ്കിൽ ഒരു സ്കൂൾ അനുവദിച്ചത് ഹൈക്കോടതി റദ്ദാക്കിയതിനെക്കുറിച്ച് ആണെങ്കിൽ നമുക്ക് മനസ്സിലാകും. ഒരു ഇൻഡിവിഡുവൽ ഐറ്റം, ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ടോ? ഒരു ഗവൺമെന്റ് പെർമിറ്റുചെയ്ത 360 സ്കൂളുകൾ, പ്ലസ്ടു വിദ്യാഭ്യാസത്തിന്റെ മുഴുവൻ മാനദണ്ഡങ്ങളും ലംഘിച്ച്, മാർഗനിർദ്ദേശ തത്വങ്ങൾ ലംഘിച്ച്, ടോട്ടൽ ആർബിട്രറിയായി, ടോട്ടൽ മാലഫൈഡായി ആരോപിച്ചുകൊണ്ട് 360 സ്കൂളുകൾ റദ്ദുചെയ്ത ഗുരുതരമായ ഒരു പ്രശ്നമാണ് ഇവിടെ അന്തർലീനമായിരിക്കുന്നത്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇത് ഗൗരവമാണെന്ന് പറയുന്നു. ഹൈക്കോടതി ജഡ്ജ്മെന്റിൽ ഇത് ഗൗരവമായ മാലഫൈഡാണ്. ഞാൻ ഒന്നുപറയാം, കോടതികളിൽ എവിഡൻസ് ആക്ട് അനുസരിച്ച് അഡ്മിഷനാണ് ഏറ്റവും പ്രധാനപ്പെട്ട തെളിവ്. ഇവിടെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അടിയന്തിരപ്രമേയത്തിനു എന്തു മറുപടിയാണ് പറഞ്ഞത് ? ഹൈക്കോടതിവിധി ഗൗരവമല്ല എന്നുപറഞ്ഞില്ല. ഹൈക്കോടതിവിധിയിൽ മാലഫൈഡ്സ് ആരോപിച്ചിട്ടുണ്ടെന്ന് സമ്മതിച്ചു. അതിന്റെ ഡിഫൻസ് ഹൈക്കോടതിയുടെ ആരോപണം ശരിയാണെന്ന് അഡ്മിറ്റുചെയ്തു. പക്ഷെ ഡിഫൻസ് എന്താണ് ?

ശ്രീ. പി. സി. ജോർജ് : അങ്ങ് എന്താണ് പറയുന്നത് ?

ശ്രീ. കെ. എം. മാണി : ചൂടാവല്ലേ, ഞാൻ ശാന്തമായിട്ട് പറയാം. ഡിഫൻസ് എന്താണ് ? ഡിഫൻസ് എന്നുപറയുന്നത്, ഇതിനുമുമ്പ് ഇങ്ങനെ ഹൈക്കോടതിവിധി ഉണ്ടായിട്ടുണ്ട്. അവർ രാജിവച്ചോ ? നിങ്ങൾ അനങ്ങിയോ; ഞാൻ ആദ്യമായിട്ട് പറയട്ടെ, ഇതുപോലൊരു ജഡ്ജ്മെന്റ് ഇതിനുമുൻപ് ഉണ്ടായിട്ടില്ല. രണ്ടാമത്, അന്ന് ഹൈക്കോടതി എന്തെങ്കിലും പരാമർശിച്ചിട്ടുണ്ടെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾ അനങ്ങിയോ എന്നാണ് ചോദ്യം. നിങ്ങൾ എന്തു ചെയ്തു ? അന്നുവേണമെങ്കിൽ നിങ്ങൾക്ക് ആ വിഷയം നിയമസഭയിൽ ഉന്നയിക്കാമായിരുന്നു. നിങ്ങൾക്ക് ഉത്തമവിശ്വാസം ഉണ്ടായിരുന്നുവെങ്കിൽ പ്രതിഷേധിക്കാമായിരുന്നു. അന്ന് അതിനു എതിരെ നിങ്ങൾക്ക് ശബ്ദിക്കാമായിരുന്നു. നിങ്ങൾക്ക് ഉത്തമവിശ്വാസം ഇല്ലാതിരുന്നതുകൊണ്ട് നിങ്ങൾ അതു ഒരു വിഷയമായിട്ട് എടുത്തില്ല. ഞങ്ങളാണോ അതിനു ഉത്തരവാദി ? എന്തായാലും ഇതുപോലൊരു സിമിലറായിട്ടുള്ള ജഡ്ജ്മെന്റായിരുന്നില്ല അത്. ശ്രീ. എ.കെ. ആന്റണി പറഞ്ഞു. അതു സിമിലറായിരുന്നില്ല. ഞാൻ ആ ജഡ്ജ്മെന്റിലേയ്ക്ക് കടക്കുകയാണ്.

മി. സ്പീക്കർ : പ്ലീസ്................. പ്ലീസ്..................

ശ്രീ. കെ. എം. മാണി : ഒറ്റ പോയിന്റ്, ഇവിടെ ഈ ജഡ്ജ്മെന്റിന്റെ 59-ാമത്തെ പേജിൽ ചർച്ച ചെയ്തിട്ടുള്ളത് എന്താണ്? അഞ്ച് ഗവൺമെൻറ് ഉത്തരവുകൾ പ്ലസ്ടു അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ചാണ്. പ്ലസ്ടു അനുവദിക്കുന്നത് സംബന്ധിച്ച്, ഗവൺമെന്റ് ഇറക്കിയ അഞ്ച് വിജ്ഞാപനങ്ങൾ, ആ വിജ്ഞാപനത്തിൽ പറഞ്ഞ മുഴുവൻ മാർഗ്ഗനിർദ്ദേശ തത്വവും മുഴുവൻ മാനദണ്ഡവും ഈ ഗവൺമെന്റ് ലംഘിച്ചു. അതാണ് ചർച്ച ചെയ്യുന്നത്. "What is worse, it is totally contrary to the procedure established by the Government itself under five orders which are issued in exercise of the executive powers of the Government..." ബഹുമാനപ്പെട്ട പി. ജെ. ജോസഫിനു ഇവിടെ പറയുവാൻ ഉത്തരവാദിത്വമില്ലേ. അങ്ങ് ഒപ്പിട്ടിറക്കിയ അഞ്ച് ഗവൺമെന്റ് ഓർഡറുകൾ അപ്പാടെ ലംഘിച്ചുകൊണ്ട് പ്ലസ്ടു അനുവദിക്കുവാൻ ഇടയായ സാഹചര്യം എന്താണ് ? നിങ്ങൾക്ക് ഈ നിയമസഭയിൽ പറയുവാൻ ഉത്തരവാദിത്വമില്ലേ? ദുരൂഹ സാഹചര്യം എന്താണ്? അതാണ് ഇവിടത്തെ പ്രധാനപ്പെട്ട വിഷയം. മാലഫൈഡ്സ് അത് അങ്ങ് പറഞ്ഞു ജനറൽ സ്റ്റേറ്റ്മെന്റാണ് എന്ന്. അങ്ങനെയല്ല. ഞാൻ പറയാം.

മി. സ്പീക്കർ : പ്ലീസ് ............... പ്ലീസ് ...............

ശ്രീ. കെ. എം. മാണി : ഇതോടെ തീർക്കുകയാണ്.

മി. സ്പീക്കർ : വന്നകാര്യമായതുകൊണ്ടാണ്. അദ്ദേഹം കുറേക്കൂടെ ആഡുചെയ്തു. പറഞ്ഞതാണ്. പുതിയ പോയിന്റ് എന്തെങ്കിലും ഉണ്ടെങ്കിൽ പറയാം. പുതിയ പോയിന്റ് ഏതും സ്വാഗതം ചെയ്യാം.

**Shri. K.M. Mani** : This is a finding sir. ജനറലായിട്ടുള്ള ഒബ്സർവേഷനല്ല. അഞ്ചു ഗവൺമെന്റ് ഓർഡറുകൾ ലംഘിച്ച സാഹചര്യത്തിൽ പറഞ്ഞത്. "If a procedure laid down by the executive has not ..........." അതാണല്ലോ ? .......... (ബഹളം......) കൊച്ചുകുട്ടികളെപ്പോലെ സംസാരിക്കരുത്. സർക്കാർ ഇറക്കിയ അഞ്ചു ഗവൺമെന്റ് ഉത്തരവുകൾ സർക്കാർതന്നെ ലംഘിച്ചു. അതാണ് പറഞ്ഞത്. ".......If a procedure laid down by the executive has not been followed by the executive itself, there is no hestitation in our mind that it would suffer from the vice of arbitrariness and malafides...". ഞാൻ പറയാം. നിങ്ങൾ മനസ്സിലാക്കണം. ബഹുമാനപ്പെട്ട പി.ജെ. ജോസഫ് പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ഇതു മാലഫൈഡാണ് സാരമില്ലെന്ന്. മാലഫൈഡ് എന്നുപറഞ്ഞാൽ ഗൗരവമുള്ളതല്ല. ഞാൻ Law Lexicon & Legal Maxims-ൽ മാലഫൈഡിനെപ്പറ്റി പറഞ്ഞത്, Mala fide is opposed to bona fide, (1) Back fight (2) Dishonest- intention നോടുകൂടി anything done with dishonest intention. മാലഫൈഡ് എന്നു പറഞ്ഞത് dishonest intention നോടുകൂടി ഒരു മന്ത്രി പ്രവർത്തിച്ചാൽ അതു മാലഫൈഡിയാണ്. അതാണ് ഡിക്ഷണറിയിലെ മീനിംഗ്....................(ബഹളം..................) ഞാൻ പറയട്ടെ, .......ലാ ലെക്സിക്കനിൽ സെക്കന്റ് എഡിഷനിൽ പേജ് 1398-ൽ ................

മി. സ്പീക്കർ : ഇത് നമുക്കു ഇവിടെ തീർപ്പു കൽപ്പിക്കാൻ പറ്റില്ല; ഡിബേറ്റു ചെയ്യേണ്ട കാര്യവുമില്ല. അതിന്റെ ആവശ്യമില്ല.

ശ്രീ. കെ. എം. മാണി : അതിലെ ഒരു സെന്റൻസു വായിക്കാം. " It is a colourable exercise of power. Mala fide means it is a colourable exercise of power, i.e. an exercise of power which is obstensibly so, but which is really a pretext with the ulterin objective for achieving some other end." മാലാഫൈഡ് എന്നു പറയുന്നത് മറ്റേതോ കാര്യസാദ്ധ്യതക്കുവേണ്ടി ഒരു അൾട്ടീരിയർ ഒബ്ജക്ടീവിനു വേണ്ടി ഡിസ്ഹോണസ്റ്റായിട്ട് പ്രവർത്തിക്കുന്നതാണെന്ന് ലീഗൽ ലെക്സിക്കനകത്തു പറയുന്നുണ്ടെങ്കിൽ ഞങ്ങളുടെ കേസ് അതാണ്. എന്താണ് ഈ ulterior objective ? എന്താണ് ഈ ദുരുദ്ദേശം? പുറത്തു പറയണമെങ്കിൽ ഒരു എൻക്വയറി വേണം. ഹൈക്കോടതി കണ്ട വിഷയം തന്നെ ലോകായുക്ത നിയമത്തിലെ രണ്ടാം വകുപ്പിൽ പറയുന്നത് കറപ്ഷനെക്കുറിച്ചാണ്. കൈക്കൂലി വാങ്ങുന്നതും കോഴ വാങ്ങുന്നതും അഴിമതിയാണ്. പക്ഷെ ലോകായുക്തനിയമത്തിലെ രണ്ടാം വകുപ്പിൽ പറയുന്ന പ്രകാരം അഴിമതി തന്നെന്ന് കോടതി കണ്ടെത്തിയിരിക്കുന്നു. രാജി വയ്ക്കേണ്ടതാണ്. പക്ഷെ കോഴ വാങ്ങിയിട്ടുണ്ടോ, ഇല്ലയോ എന്നുള്ള കാര്യത്തിൽ ഞങ്ങൾ പ്രവേശിക്കുന്നില്ല. കാരണം അതിനുവേണ്ടിയുള്ള കേസല്ല ഞങ്ങളുടെ മുൻപിലുള്ളത്. മാനദണ്ഡങ്ങൾ ലംഘിച്ചു എന്നു മാത്രമേയുള്ളൂ. കോടതി കോഴ വാങ്ങിയിട്ടില്ല. എന്നു പറഞ്ഞിട്ടില്ല. കോഴ വാങ്ങി. പ്ലസ്ടുവിന്റെ പിന്നിൽ അന്തർലീനമായ അഴിമതി, സ്വജനപക്ഷപാതം, ഇതിന്റെ പിന്നിൽ നടന്ന കോഴകൾ എന്നിവ മുഴുവൻ പുറത്തു വരണമെന്നുണ്ടെങ്കിൽ ulterior objective എന്താണ്; എന്താണ് ഈ ദുരുദ്ദേശം അതു പുറത്തു വരണമെങ്കിൽ പ്രതിപക്ഷം എഴുതി തന്നതുപോലെ ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കണം. അതുകൊണ്ട് മാലഫൈഡ് എന്നു പറഞ്ഞാൽ ഏയ്, ഒന്നുമില്ല, വക്കീലന്മാർ എനിക്ക് ഉപദേശം നൽകിയിട്ടുണ്ട്. ഒന്നുമില്ല എന്നാണ് പറയുന്നത്. മാലഫൈഡ് എന്നു പറയുന്നത് ഡിസ്ഹോണസ്റ്റായിട്ട് ചെയ്തു എന്നാണ്. മാലഫൈഡ് എന്നു പറയുന്നത് വേറെ ഉദ്ദേശത്തോടുകൂടി ചെയ്തതാണ്. ദുരുദ്ദേശത്തോടുകൂടി ചെയ്തതാണ്. മറ്റു ചില കാര്യങ്ങൾക്കു വേണ്ടി ചെയ്തതാണ്. അതെന്താണെന്ന് കേരളത്തിലെ പതിനായിരക്കണക്കിന് വരുന്ന വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും അറിയണം. ഇത് കേരളത്തിലെ രക്ഷിതാക്കളുടെ കേസാണ്. വിദ്യാർത്ഥികളുടെ കേസാണ്. കലുഷിതമായ

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസരംഗം സമുദ്ധരിക്കാൻ വേണ്ടിയുള്ള കേസാണ്. അതുകൊണ്ട് ഇതിനെ നിസ്സാരമായി തള്ളരുത്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇതിനെ നിസ്സാരമായി തള്ളരുത്. ഇവിടെ ശ്രീ. എ. കെ. ആന്റണി വെല്ലുവിളിക്കുകയുണ്ടായി. ശ്രീ. ആന്റണിയുടെ വെല്ലുവിളി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയും സ്വീകരിക്കണം. ഇതേപ്പറ്റി ഒരു എൻക്വയറി നടത്താൻ ഗവൺമെന്റ് തയ്യാറാകണം. അതിനു തയ്യാറാകാത്ത ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റ് അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

പ്രൊഫ. എ. വി. താമരാക്ഷൻ : സർ, കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖല വലിയ പ്രതിസന്ധിയിലാണ്. സംസ്ഥാനത്തെ ലക്ഷക്കണക്കായ വിദ്യാർത്ഥികളും രക്ഷകർത്താക്കളും ഇപ്പോഴും കടുത്ത ആശങ്കയിലാണ്. കൊല്ലം പട്ടണത്തിൽ ക്രിസ്തുരാജാ സ്കൂളിൽ പ്ലസ്ടുവിന് അഡ്മിഷൻ കിട്ടിയതിൽ ഏറ്റവും കുറഞ്ഞ മാർക്ക് 535 ആണ്. അവിടെയുള്ള ഗവൺമെന്റ് സ്കൂളിൽ 520 മാർക്കുള്ള കുട്ടിക്കാണ് ഏറ്റവും കുറഞ്ഞ സെലക്ഷൻ കൊടുത്തിരിക്കുന്നത്. ബഹുമാനപ്പെട്ട സി.പി.ഐ. നേതാവ് കെ.എസ്. ആനന്ദിന്റെ പെങ്ങളുടെ കുട്ടിക്ക് 516 മാർക്കാണ്. ആ കുട്ടിക്കുപോലും അഡ്മിഷൻ കിട്ടിയിട്ടില്ല. ഇവിടെ വിദ്യാഭ്യാസ വകുപ്പുമന്ത്രി പറയുന്നത് 1,14,000 കുട്ടികൾ ഇന്ന് അഡ്മിഷന് പോയി എന്നാണ്. ഇന്നു രാവിലത്തെ വിവരമാണ് ഞാൻ പറയുന്നത്. 520 മാർക്കിൽ താഴെയുള്ള ഒരൊറ്റ കുട്ടിക്കും കൊല്ലം പട്ടണത്തിൽ ഒരു സ്കൂളിലും അഡ്മിഷൻ കിട്ടിയിട്ടില്ല. ഇത് ഇവർക്ക് മനസ്സിലാകുകയില്ല. ഈ സംസ്ഥാനത്തെ രക്ഷകർത്താക്കളുടെയും കുട്ടികളുടെയും പ്രശ്നം ഇവർക്ക് മനസ്സിലാകുകയില്ലേ ? ബഹുമാനപ്പെട്ട എം.എൽ.എ മാരേ നിങ്ങളുടെ മണ്ഡലത്തിലെ വിദ്യാർത്ഥികളും രക്ഷകർത്താക്കളും അനുഭവിക്കുന്ന ആശങ്ക മനസ്സിലാകുകയില്ലേ ? മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ട് പ്ലസ്ടു അനുവദിച്ചതിൽ വിപുലവും വ്യാപകവുമായ അഴിമതി നടന്നിരിക്കുന്നു എന്നാണ് ഞങ്ങൾ അസംബ്ലിയിൽ ഉന്നയിച്ചത്. അതിനെക്കുറിച്ച് ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷണം വേണമെന്നാണ് ആവശ്യപ്പെട്ടത്. ഇപ്പോൾ ഹൈക്കോടതി വിധി വന്നു. ഹൈക്കോടതിവിധിയിൽ എന്താണ് പറഞ്ഞിരിക്കുന്നത് ? നിയമസഭയിൽ പ്രതിപക്ഷം ഉന്നയിച്ച ആരോപണം ശരിയാണെന്നു സമ്മതിക്കുന്നതല്ലേ ഹൈക്കോടതിവിധി. നിയമസഭയിൽ മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ട് പ്ലസ്ടു അനുവദിച്ചതിൽ, അതും വ്യക്തിഗത മാനേജുമെന്റുകൾക്ക് അനുവദിച്ചതിൽ വിപുലവും വ്യാപകവുമായ അഴിമതി നടന്നുവെന്ന് നിയമസഭയിൽ ഞങ്ങൾ എണ്ണിയെണ്ണിപ്പറഞ്ഞു. മലയാളമനോരമ, മാതൃഭൂമി, മാധ്യമം, കേരളകൗമുദി എന്നീ പത്രങ്ങൾ കേരളത്തിൽ പരമ്പരകളെഴുതി. ഇവർ കണ്ടില്ലേ ? പ്ലസ്ടുവിൽ നടന്ന അഴിമതികളെ സംബന്ധിച്ച് നാലു പത്രങ്ങളും പരമ്പരകളെഴുതി. ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയും വന്നു. അതിലെന്താണ് പറഞ്ഞിരിക്കുന്നത് ? മാനദണ്ഡങ്ങൾ ലംഘിച്ചുവെന്നാണ്. എന്തിനാണ് മാനദണ്ഡം ലംഘിക്കുന്നത് ? എന്തിനുവേണ്ടി ഗവൺമെന്റ് മാനദണ്ഡങ്ങൾ ലംഘിച്ചു ? ഗവൺമെന്റിന്

LIBRARY ARCHIVES Kerala Legislative Assembly

യഥേഷ്ടം, അവർക്കിഷ്ടമുള്ള സ്കൂളുകളിൽ കൊടുക്കാൻ വേണ്ടിയാണ് മാനദണ്ഡം ലംഘിച്ചത്. അവിടെയാണ് അഴിമതി. വ്യക്തിഗത സ്കൂളുകൾക്ക് പ്ലസ്ടു അനുവദിച്ചതിൽ എല്ലാ മാനദണ്ഡങ്ങളും ലംഘിച്ചത് കാശ് വാങ്ങിക്കാൻ വേണ്ടിയാണെന്നത് പരോക്ഷമായി കണ്ടെത്തിയിരിക്കുകയല്ലേ കോടതി ? ദുരുദ്ദേശപരമായും സ്വേച്ഛാപരമായും പെരുമാറി എന്ന് കോടതി പറയുന്നു. ഇതു പറയുമ്പോൾ കോടതി ഒരു കാര്യം ചൂണ്ടിക്കാണിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി അതു വായിച്ചുനോക്കണം. സുപ്രീംകോടതി ജഡ്ജ്മെന്റ് ചൂണ്ടിക്കാണിക്കുകയാണ് കോടതി. എന്താണ് പറഞ്ഞിരിക്കുന്നത് ? "It was emphasised that Government cannot act like a private individual in imposing conditions solely with the objective extracting profit from the persons with whom it deals. Governmental actions must be based on standards which are not arbitrary or unauthorised."

മി. സ്പീക്കർ : ഇതൊക്കെ വായിച്ചതാണ്.

പ്രൊഫ. എ. വി. താമരാക്ഷൻ : ഇതു വായിച്ചില്ല, സുപ്രീംകോടതി ജഡ്ജ്മെന്റ് വച്ചുകൊണ്ട് പറയുകയാണ്. എന്താണ് പറഞ്ഞിരിക്കുന്നത്? "It was emphasised that Government cannot act like a private individual in imposing conditions solely with the objective of extracting profit from the persons with whom it deals. Governmental actions must be based on standards which are not arbitrary or unauthorised. Non-arbitrariness is a necessary concomitant of the rule of law." ഇതിൽകൂടുതൽ കോടതി പറയണോ ? ആർബിട്രറിയായി, ദുരുദ്ദേശപരമായി ഇതിന്റെ പിന്നിൽ അഴിമതി നടന്നു എന്നു പറയുകയല്ലേ ?' ഇതിൽകൂടുതൽ ഒരു കോടതി പറയണോ ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയും അതിനെ മറികടക്കാൻ വേണ്ടി ഒന്നു-രണ്ട് കാര്യങ്ങൾ പറഞ്ഞു. ക്രീമിലെയർ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. അത് ഇതാണോ ? ഇതു കാശു വാങ്ങിച്ച കാര്യമല്ലേ ? ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന അവസരത്തിൽ ശ്രീ. വി. എം. സുധീരൻ ആരോഗ്യവകുപ്പുമന്ത്രിയായിരുന്നു. അന്നു നടന്ന ഒരു കാര്യത്തെക്കുറിച്ചാണ് പറഞ്ഞത്. അന്ന് എന്താണ് സംഭവിച്ചത്? നമ്മുടെ സംസ്ഥാനത്ത് മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റിക്ക് മെഡിക്കൽ കോളേജിലെ ലക്ചറർമാർക്കും ആരോഗ്യവകുപ്പിലെയും ഇ.എസ്.ഐ. വകുപ്പിലെയും ഡോക്ടർമാർക്ക് ..............

മി. സ്പീക്കർ : അത് ഡിബേറ്റിന്റെ സമയത്താണ് പറയാനുള്ളത്.

പ്രൊഫ. എ. വി. താമരാക്ഷൻ : സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിലെ അഡ്മിഷന് മെഡിക്കൽ കോളേജിലെ ലക്ചറർമാർക്കും ഇ.എസ്.ഐ. ഡോക്ടർമാർക്കും ക്വാട്ടയുണ്ട്. ശ്രീ. വി. എം. സുധീരൻ ആരോഗ്യവകുപ്പു മന്ത്രിയായിരുന്ന അവസരത്തിൽ മെഡിക്കൽകോളേജിലെ ഡോക്ടർമാർക്ക് അർഹമായ പരിഗണന കിട്ടുന്നില്ല എന്നു പറഞ്ഞ് അവർ സമരം നടത്തി. ആ സമരത്തിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ആ ക്വാട്ട കൂട്ടിക്കൊടുത്തു.



LIBRARY ARCHIVES Kerala Legislative Assembly

അതിനെയാണ് കോടതി പറഞ്ഞത്. അതിലെവിടെയാണ് അഴിമതി ? അതിൽ അഴിമതി ഉണ്ടോ ? ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ഡോക്ടർമാർക്ക് സൂപ്പർ സ്പെഷ്യാലിറ്റിയിൽ അൽപം ക്വാട്ട കൂട്ടിക്കൊടുത്തു. കുട്ടികളുടെ ഭാവിക്കുവേണ്ടിയാണ്. മെഡിക്കൽ കോളേജിലെ കുട്ടികളെ പഠിപ്പിക്കുന്നവർ അവരല്ലേ ? അതു ഗവൺമെന്റ് ചെയ്തതിന്റെ പേരിൽ കോടതി വിധി ചൂണ്ടിക്കാണിച്ചുകൊണ്ടാണ് ന്യായീകരിക്കാൻ പോകുന്നത്. ഇത്തരത്തിൽ തരംതാണ രീതിയിലുള്ള മറുപടി പറയുന്നത് ശരിയല്ല. ഞാൻ ദീർഘിപ്പിക്കുന്നില്ല. നഗ്നമായ അഴിമതി നടന്നിരിക്കുന്നു എന്ന് ബഹുമാനപ്പെട്ട കോടതി പറഞ്ഞ സാഹചര്യത്തിൽ ഞങ്ങൾ ഉത്തരവാദിത്വത്തോടുകൂടി പറയുന്നു. ഇതേക്കുറിച്ച് ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കാൻ തയ്യാറാണെങ്കിൽ മുഴുവൻ തെളിവുകളും ഞങ്ങൾ ഹാജരാക്കും. ഓരോ സ്കൂളിനെ സംബന്ധിച്ചും തെളിവ് ഹാജരാക്കും. ഒരു സിറ്റിംഗ് ജഡ്ജിയെ വച്ചാൽ ഞങ്ങൾ വ്യക്തമായ തെളിവു തരാമെന്ന് പല മാനേജുമെന്റുകളും ഇപ്പോൾ പറയുന്നു. എന്നിട്ടും വിദ്യാഭ്യാസ വകുപ്പുമന്ത്രി പറയുന്നതെന്താണ് ? കഴിഞ്ഞ ലിസ്റ്റിൽ കൊടുത്ത എല്ലാ സ്കൂളുകൾക്കും ഇനിയും കൊടുക്കുമെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇന്നലേയും പറഞ്ഞിരിക്കുകയാണ്. കോടതിയെപ്പോലും ലംഘിച്ചുകൊണ്ടാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇതു പറഞ്ഞിരിക്കുന്നത്. ഞാൻ ചോദിക്കട്ടെ, എലിജിബിലിറ്റി ലിസ്റ്റ് വന്നാൽ കാശുവാങ്ങാൻ വേണ്ടി പലരും നിങ്ങളുടെ വീട്ടുപടിക്കൽ സത്യാഗ്രഹമിരിക്കാനുണ്ടാകും. കൊടുത്ത കാശ് വാങ്ങാൻ വേണ്ടി പല നേതാക്കന്മാരുടേയും വീടുകളിൽ പല മാനേജർമാരും ആത്മഹത്യ ചെയ്യുന്ന സ്ഥിതി കേരളത്തിലുണ്ടാകും. അതുണ്ടാകാൻ പോവുകയാണ്. ആ ലിസ്റ്റിലുള്ളവർക്കെല്ലാം കൊടുക്കാനാണ് നിങ്ങളിപ്പോൾ ആലോചിക്കുന്നത്. ഞങ്ങൾ ഇനിയും കോടതിയിൽ പോകും. എനിക്കുപറയാനുള്ളത് നീതിപൂർവ്വമായി നടന്നില്ലെങ്കിൽ പലതും കേരളത്തിൽ നടക്കാൻ പോകുകയാണ്. ഈ സാഹചര്യത്തിൽ ഗവൺമെന്റിന്റെ നിഷേധാത്മകമായ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു. (പ്രൊഫ. എ. വി. താമരാക്ഷനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട ശ്രീ. ബാബുദിവാകരനും സഭവിട്ട് പുറത്തുപോയി).

ശ്രീ. ടി. എം. ജേക്കബ് : സർ, ഇവിടെ ഈ വിഷയവുമായി ബന്ധപ്പെട്ടുവരുന്ന രണ്ടാമത്തെ അടിയന്തിര പ്രമേയമാണിത്. കഴിഞ്ഞമാസം 19-ാം തീയതി ഒരു അടിയന്തിരപ്രമേയം വന്നു. അതിനുശേഷം ഏകദേശം ഒരുമാസം കഴിഞ്ഞ് ഇന്ന് വീണ്ടും ഈ സഭയിൽ ഒരു അടിയന്തിരപ്രമേയം വന്നിരിക്കുകയാണ്. ഈ അടിയന്തിരപ്രമേയത്തിൽ ഞങ്ങൾ ആവശ്യപ്പെട്ടിരിക്കുന്നത് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണമെന്നുള്ളതാണ്. അതിന് സാദ്ധ്യമല്ല എന്നുള്ള ഒരു സമീപനം ഗവൺമെന്റ് സ്വീകരിച്ചുകഴിഞ്ഞു. അതിൽ പ്രതിഷേധിച്ചാണ് ഞങ്ങളിപ്പോൾ ഇറങ്ങിപ്പോകാൻ ശ്രമിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ കഴിഞ്ഞമാസം തന്നെ ഞങ്ങൾ എഴുതിക്കൊടുത്ത കത്തിന് ന്യായമായ ഒരു മറുപടി തരികയോ ഒരു ചർച്ചയ്ക്ക് വിളിക്കുകയോ ചെയ്യാൻ ഗവൺമെന്റ് സന്നദ്ധമായില്ല. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ

LIBRARY ARCHIVES Kerala Legislative Assembly

ഓർമ്മയിലേയ്ക്ക് ഒരുകാര്യം ചൂണ്ടിക്കാണിക്കട്ടെ. 1986 മേയ് മാസത്തിൽ പ്രീഡിഗ്രി ബോർഡ് രൂപീകരിക്കാൻ തീരുമാനമെടുത്തതിനെത്തുടർന്നുണ്ടായ സമരവുമായി ബന്ധപ്പെട്ട് അന്നത്തെ മുഖ്യമന്ത്രി മുൻകൈ എടുത്ത് ഇപ്പോൾ അവിടെയിരിക്കുന്ന ബഹുമാനപ്പെട്ട ഇ.കെ. നായനാർ പ്രതിപക്ഷനേതാവായിരിക്കുമ്പോൾ അദ്ദേഹം അടക്കമുള്ള ആളുകളെ വിളിച്ച് രണ്ടു പ്രാവശ്യം ചർച്ച നടത്തി. ആദ്യത്തെ ചർച്ച വന്ന അവസരത്തിൽ ആവശ്യമുള്ള മെറ്റീരിയൽസ് നിങ്ങൾ തരണം എന്നിട്ടേ ഞങ്ങൾ ചർച്ചയ്ക്ക് തയ്യാറാകുകയുള്ളുവെന്ന് അവിടെയിരിക്കുന്ന മുഖ്യമന്ത്രി പറഞ്ഞു. എന്തെല്ലാം മെറ്റീരിയൽസ് വേണമെന്നു ചോദിച്ചു. അവർ ഒരു ലിസ്റ്റ് പറഞ്ഞു. അന്ന് അന്തരിച്ചുപോയ പി.എസ്. ശ്രീനിവാസനുമുണ്ടായിരുന്നു. പറയുന്നതൊക്കെ കൊടുക്കരുതോ. എന്തിനാ ചെറുപ്പത്തിലേ ഇങ്ങനെ വാശിപിടിക്കുന്നത് എന്ന് അദ്ദേഹം എന്നോട് ചോദിച്ചു. എനിക്ക് വാശിയില്ല, അവർ ആവശ്യപ്പെടട്ടെ, എല്ലാം കൊടുക്കാമെന്നുപറഞ്ഞു. ആവശ്യപ്പെട്ടതെല്ലാം കൊടുത്തു. രണ്ടാമത് വീണ്ടും ഞങ്ങൾ ചർച്ചയ്ക്ക് വിളിച്ചു. വളരെ ന്യായമായി ദീർഘനേരം ഞങ്ങൾ ചർച്ച നടത്തി. നിങ്ങളുടെ സംശയങ്ങൾ ദുരീകരിക്കാൻ കഴിയുന്നവിധത്തിൽ ഞങ്ങൾ പറഞ്ഞു. എന്നിട്ട് അത് നിങ്ങൾ കേട്ടില്ല. അതിനുശേഷം വിദ്യാഭ്യാസ വകുപ്പുമന്ത്രി എന്നുള്ള നിലയിൽ ഈ പ്രശ്നവുമായി ബന്ധപ്പെട്ട് ഈ മേഖലയിലെ എല്ലാ വിഭാഗം ആളുകളേയും ഓരോരുത്തരെയായി അവർ ആവശ്യപ്പെട്ട രൂപത്തിൽ ഒന്നും രണ്ടും മൂന്നും പ്രാവശ്യംവീതം വിളിച്ച് ഞങ്ങൾ ചർച്ച നടത്തി. ഇത്രയും ഗുരുതരമായ ഒരു വിഷയമുണ്ടായപ്പോൾ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ചില കാര്യങ്ങൾ പറഞ്ഞു. ഞങ്ങൾ ചില ആശങ്കകൾ ഇവിടെ ഉന്നയിച്ചു. ഞങ്ങൾ ഉന്നയിച്ച ഈ വിഷയത്തെക്കുറിച്ച് ഗവൺമെന്റിനുള്ള ക്ലാരിഫിക്കേഷൻ എന്താണ് ? ഇതിൽ എന്തൊക്കെയാണ് ഗവൺമെന്റ് ചെയ്യാനുദ്ദേശിക്കുന്നത് ? ഞങ്ങളെക്കൂടി ഒരു മേശയ്ക്ക്ചുറ്റുമിരുത്തി ചർച്ച ചെയ്യാൻ നിങ്ങൾക്ക് എന്താണ് ഇത്ര മടി ? അല്ലെങ്കിൽ ഈ സഭയിൽ അത് ചർച്ച ചെയ്യാൻ എന്താണ് മടി ? ആദ്യം മുഖ്യമന്ത്രി സൗകര്യമില്ല എന്നു പറഞ്ഞു. ജനാധിപത്യ സംവിധാനത്തിൽ ശുദ്ധ മര്യാദകേട് എന്നവാക്ക് അതിന് ഉപയോഗിക്കേണ്ടിവരും. അങ്ങനെയൊരു സമീപനം സ്വീകരിക്കുന്നത് ആർക്കും ഭൂഷണമല്ല. ഭരണം എക്കാലവും ഇദ്ദേഹത്തിന്റെ കൈയിൽത്തന്നെയാണോ ഇരിക്കാൻ പോകുന്നത് ? ശ്രീ. കരുണാകരന് വയസ്സുകാലത്ത് പൂതിയാണെന്ന് അദ്ദേഹം പറഞ്ഞു. നിങ്ങൾ തമ്മിൽ പ്രായത്തിൽ ഒറ്റ വയസ്സിന്റെ വ്യത്യാസമേയുള്ളൂ എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങേയ്ക്ക് പൂതിയുണ്ടോ ഇവിടെയിരിക്കാൻ ? അതുപോലെ ശ്രീ. കെ. കരുണാകരനും കാണുമായിരിക്കും. വയസ്സായാൽ ആരും ഭരിക്കാൻ പാടില്ലായെന്നുണ്ടോ ? നിങ്ങൾ തമ്മിൽ ഒരു വയസ്സിന്റെ വ്യത്യാസമേയുള്ളൂ എന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ട് ശ്രീ. കരുണാകരന്റെ പൂതികൊണ്ടാണ് ഗവൺമെന്റ് രാജി വയ്ക്കണമെന്ന് പറയുന്നത് എന്ന് അങ്ങയെപ്പോലുള്ള ഒരാൾ പറയുന്നത് ശരിയല്ല. ഇവിടെ ശ്രീ. പി. ജെ. ജോസഫ് സംസാരിച്ച കൂട്ടത്തിൽ ശ്രീ. കെ. ഇ. ഇസ്മയിൽ കൈക്കൂലി വാങ്ങിയെന്ന് പറഞ്ഞു. ആരാണ് പറഞ്ഞത് ? ഞങ്ങളാരും പറഞ്ഞിട്ടില്ല. റവന്യൂ വകുപ്പുമന്ത്രി ശ്രീ. കെ.ഇ. ഇസ്മയിൽ 5 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

കൈക്കൂലി വാങ്ങിയെന്ന് ഞങ്ങളാരും പറഞ്ഞിട്ടില്ല. ശ്രീ. ആർ. ബാലകൃഷ്ണപിള്ള പത്തനാപുരം താലൂക്കിൽ എൻ.എസ്.എസ്. യൂണിയന്റെ ആളാണ്. അദ്ദേഹത്തിന് ആ പ്രദേശത്തെക്കുറിച്ച് അറിയാം. മുഹമ്മദൻ സ്കൂൾ സർക്കാർ സ്കൂളാണെന്ന് അദ്ദേഹത്തിന് അറിയാം. അവിടുത്തെ എം.എൽ.എ ആയിരുന്ന ആളാണ് അദ്ദേഹം. അദ്ദേഹം പറഞ്ഞു എന്നുപറഞ്ഞിട്ടാണ് ഇവിടെ ഇതുപറയുന്നത്. എന്തിനാണ് അത് ? അതിനിപ്പോൾ കൂട്ടുപ്രതിയായിട്ട് ശ്രീ. കെ.ഇ. ഇസ്മയിലിനെ കൂടെ വിളിക്കണോ ? അതിന്റെ ആവശ്യമില്ലല്ലോ, അതൊന്നും ശരിയല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കോടതിയെ സംബന്ധിച്ച് ചോദിച്ചല്ലോ ? നമ്മുടെ ചീഫ് സെക്രട്ടറി ശ്രീ. മോഹൻകുമാർ, എനിക്ക് വളരെ സ്നേഹമുള്ള ഒരു ഉദ്യോഗസ്ഥനാണ്. അദ്ദേഹം ഹൈക്കോടതിയിൽ പോയി കൈയും കെട്ടിനിന്ന് വിയർത്തില്ലേ ? നിങ്ങൾ ക്രീമിലെയറിന്റെ വിഷയം പറഞ്ഞല്ലോ. ഇവിടെ എക്സിക്യൂട്ടീവ് ഉത്തരവുകൾക്കെതിരെ എത്രയോ വിജയങ്ങളുണ്ടാകുന്നുണ്ട് ? ചില ഇൻഡിവിഡുവൽ കേസുകൾ, അതൊക്കെ ഒരു വിഷയമായി ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി. ജെ. ജോസഫ് എടുത്തുദ്ധരിക്കുക എന്നുവച്ചാൽ, അദ്ദേഹം ഇപ്പോഴല്ലല്ലോ മന്ത്രിയായത്, ഇതിനുമുമ്പും മന്ത്രിയായിട്ടുള്ള ആളല്ലേ ? ശ്രീ. പി.ജെ. ജോസഫ് റവന്യൂ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ഇറക്കിയ ഉത്തരവുകൾ കോടതി റദ്ദാക്കിയിട്ടില്ലേ ? ഉണ്ട്. നിരവധി ഉത്തരവുകൾ കോടതി റദ്ദാക്കിയിട്ടുണ്ട്. അങ്ങനെ കോടതി ഉത്തരവുകൾ റദ്ദാക്കുമ്പോൾ പറയുന്ന കാര്യങ്ങൾ, അതല്ലായെങ്കിൽ ഒരു ഇഷ്യൂ ആയി അതുവരണം. ഞാൻ അവസാനിപ്പിക്കാം. ഇവിടെയിപ്പോൾ വേറെ ചർച്ചയൊന്നുമില്ലല്ലോ ?........ബഹളം................ ഞാൻ ഇപ്പോൾ വേറെ ചർച്ചയൊന്നും ഇല്ലെന്നാണ് പറഞ്ഞത്. ഈ വിഷയത്തെ സംബന്ധിച്ച് ഇൻഡിവിഡുവലായിട്ടുവരുന്ന ഒരു പെറ്റീഷൻ അതൊക്കെ എടുത്തിട്ട്, ഇവിടെ ലാ മിനിസ്റ്ററുണ്ട്. ക്യാബിനറ്റ് മീറ്റിംഗ് കഴിഞ്ഞ് പത്രക്കാരോട് ബ്രീഫ് ചെയ്തപ്പോൾ അദ്ദേഹം പറഞ്ഞു ഇവർ ഈ സ്കൂളിനെക്കുറിച്ച് ഹൈക്കോടതിയിൽ ചലഞ്ച് ചെയ്തിട്ടുണ്ട്. Let us wait for the decision. അത് ക്ലാരിഫൈ ചെയ്ത് ബഹുമാനപ്പെട്ട ടി. ശിവദാസമേനോനും പറഞ്ഞു. കോടതിവിധിവന്നു. ജൂൺമാസം 19-ാം തീയതി നിയമസഭയിൽ അവതരിപ്പിച്ചു. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി.ജെ. ജോസഫ് പറഞ്ഞത് ഇവിടുത്തെ സൗകര്യങ്ങളെക്കുറിച്ച് പറയുന്നില്ലല്ലോ ? സ്ഥലത്തെക്കുറിച്ച് പറയുന്നില്ലല്ലോ ? അന്ന് ഞാൻ ഈ കാര്യങ്ങളെല്ലാം പറഞ്ഞതാണ്. അന്ന് 257 പള്ളിക്കൂടമേ കൊടുത്തുള്ളൂ. പക്ഷേ നിയമസഭ പിരിയുമ്പോൾ അത് 360 ആയി ഉയർന്നു. പിന്നെയും നിങ്ങൾ കൊടുത്തു. അന്ന് സ്ഥലസൗകര്യമില്ലെന്ന് ഞങ്ങൾ പറഞ്ഞത് ശരിയാണെന്നുവന്നു. നിങ്ങളുടെ ഉത്തരവുകൾ നിങ്ങൾ ലംഘിച്ചു എന്ന് ഞങ്ങൾ പറഞ്ഞത് ശരിയാണെന്നുപറഞ്ഞു. ഇതിനകത്ത് ബഹുമാനപ്പെട്ട മന്ത്രി legal malafides ആണ് പറഞ്ഞിരിക്കുന്നത്. വേറെ political malafides ഇല്ല. ഞാൻ പഠിച്ച നിയമം വച്ച് പറയാം. There is no term like legal malafides. ഇതിനകത്ത് പറയുന്നത് Malafides will not be legal. ഞാൻ പഠിച്ചിരിക്കുന്ന നിയമം അതാണ്. ഇതിന് അദ്ദേഹം വേറൊരു വ്യാഖ്യാനം കൊടുക്കുകയാണ്. Malafides എന്നുപറഞ്ഞാൽ അത് ഈ സർക്കാരിനെ സംബന്ധിച്ചിടത്തോളം വലിയൊരു strictures ആണ്. ഇത്

LIBRARY ARCHIVES Kerala Legislative Assembly

കംപ്ലീറ്റായി 360 സ്കൂളിന്റെയും അനുമതി റദ്ദാക്കി. എന്നിട്ട് ഇതുമുഴുവൻ റീകൺസിഡർ ചെയ്യുകയാണെന്നാണ് പറഞ്ഞത്. ഇത് ബഹുമാനപ്പെട്ട മന്ത്രിസഭയിൽ പറഞ്ഞതാണ്. ഇത് ഇനിയും കോടതിയിലേയ്ക്ക് പോകും. അങ്ങുപറഞ്ഞ ഒരുവാക്ക് ഞാൻ പറയാം. 360-ൽ ഒരു പള്ളിക്കൂടവും കുറയാൻ പോകുന്നില്ല എന്ന് അങ്ങുപറഞ്ഞു. ............ബഹളം.......... തർക്കം വേണ്ട, പ്രൊസീഡിംഗ്സ് ഇവിടെയുണ്ടല്ലോ വെരിഫൈ ചെയ്തു നോക്കാം, ഇവിടെ റിക്കോർഡ് ചെയ്യുന്നുണ്ട്. ഞാനിവിടെയിരുന്ന് കുറിച്ചുവച്ചു, അതുകൊണ്ടു പറഞ്ഞതാണ്. ഇനി എന്റെ ഭാഗത്ത് വീഴ്ചയുണ്ടെങ്കിൽ ഞാൻ തിരുത്തിക്കൊള്ളാം. ഞാൻ കേട്ടതാണ് പറഞ്ഞത്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് എടുത്തിരിക്കുന്ന നിലപാടിനെ സംബന്ധിച്ച് പ്രതിപക്ഷനേതാവ് ചോദിച്ച ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ മറുപടി പറഞ്ഞു. 608 അഡീഷണൽ ബാച്ചിലും ഇന്ന് ക്ലാസ് തുടങ്ങുമോ ? തുടങ്ങുമെന്ന് മന്ത്രി പറഞ്ഞു. ഞാൻ കൃത്യമായി പറയുന്നു. ഈ 608 അഡീഷണൽ ബാച്ചിലും

12 P.M.] ഈ മാസം 20-ാം തീയതിവരെ അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. തുഗ്ളക് ഭരണപരിഷ്ക്കാരമെന്നു പറയാൻ കാരണമെന്താണ് ? കഴിഞ്ഞ വർഷം കൊടുത്ത സ്കൂളുകളിൽ ഇപ്പോൾ പ്ലസ്ടു ഉണ്ട്. അവിടെ ഇപ്പോൾ രണ്ട് സയൻസ് ബാച്ചുള്ളിടത്ത് പിന്നെ രണ്ടും കൂടെ കൊടുത്തുവെന്നിരിക്കട്ടെ, ആ രണ്ട് സയൻസ് ബാച്ചിലേയ്ക്ക് 20-ാം തീയതി വരെ അപേക്ഷ ക്ഷണിച്ചിരിക്കുന്നു. കമ്മ്യൂണിറ്റി ക്വാട്ടയെക്കുറിച്ച് കോടതി പറഞ്ഞു മെരിറ്റിന്റെയടിസ്ഥാനത്തിൽ തീരുമാനിക്കണമെന്ന് എങ്ങനെ കമ്മ്യൂണിറ്റി ക്വാട്ട തീരുമാനിക്കും ? എങ്ങനെ കുട്ടികൾക്ക് അഡ്മിഷൻ കൊടുക്കാൻ സാധിക്കും? കമ്മ്യൂണിറ്റി ക്വാട്ട മുഴുവനായിട്ട് മാത്രമേ കൊടുക്കാൻ പറ്റൂ. ഇതാണ് തുഗ്ളക് ഭരണ പരിഷ്ക്കാരമെന്നു പറയുന്നത്. ഇതൊക്കെ നടക്കുന്ന കാര്യമാണോ ? നിങ്ങൾ തന്നെ എഴുതിയിരിക്കുന്ന കാര്യമാണ്. എന്നിട്ട് മന്ത്രി തറപ്പിച്ച് ഇവിടെ പറയുകയാണ്. ഞാൻ ജഡ്ജുമെന്റിലെ ഒരൊറ്റ സെന്റൻസ് വായിക്കുകയാണ്. ഇവിടെ മന്ത്രി പറഞ്ഞു, പ്രീഡിഗ്രി അബോളിഷൻ ആക്ട് ............... (ബഹളം).................. 1997. മന്ത്രിപറഞ്ഞ ബെയിസിക് ആയിട്ടുള്ള എറർ ഞാൻ പറയാം. മൂന്നു വർഷം കൊണ്ട് പ്രീഡിഗ്രി കംപ്ലീറ്റായിട്ട് ഡീലിങ്ക് ചെയ്യുമെന്ന് നിയമത്തിൽ പറഞ്ഞിട്ടുണ്ട് എന്ന് അദ്ദേഹം പറഞ്ഞു. ഈ നിയമത്തിൽ ഒരു സ്ഥലത്തും അങ്ങനെ ഒരു പരാമർശവുമില്ല. ഇതു ഓർഡിനൻസായിട്ട് വന്നതിനുശേഷം ആക്ടായി മാറ്റിയതാണ്. ബില്ലു കൊണ്ടു വന്നു. പിന്നെ ആക്ടായി. ഇതിനകത്ത് ഒരു സ്ഥലത്തും അതു പറയുന്നില്ല. മൂന്നു വർഷം കൊണ്ട് എന്നുള്ളത് ഒരു സ്ഥലത്തുമില്ല. അങ്ങ് തിരുത്തണം. മൂന്നു വർഷം കൊണ്ട് എന്ന് വെറുതെ ന്യായീകരിച്ചിട്ടു കാര്യമില്ല. രണ്ടാമത് അങ്ങ് പറഞ്ഞതെന്താണ്? കോടതി അങ്ങനെ പറഞ്ഞല്ലോ ? കോടതി ഈ മാസം 7-ാം തീയതി ഇറക്കിയ ജഡ്ജുമെന്റിലെ രണ്ടു സെന്റൻസ് ഞാൻ വായിക്കാം. "We must note that yet no order under section 3(1) of the Pre-degree Abolition Act, 1997 have been issued. At any rate, there is no controversy before us that there is no order yet published by the Government regarding the abolition of the Pre-degree course. That apart." കോടതി 7-ാം തീയതി ഇറക്കിയ ഉത്തരവിൽ ഹൈക്കോടതി മുൻപാകെ നിങ്ങൾ കടലാസ് കൊടുത്തെങ്കിൽ, കോടതി

LIBRARY ARCHIVES Kerala Legislative Assembly

ഇതു പറയുമോ ? നിങ്ങൾ കൊടുത്ത അഞ്ചു ഉത്തരവുകളും പാലിച്ചിട്ടില്ലെന്ന് കോടതി പറഞ്ഞു. പ്രീഡിഗ്രി അബോളിഷൻ ആക്ടിന്റെ ബെയിസിസിൽ എംപവേർഡ് കമ്മിറ്റി കൂടി, എംപവേർഡ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സെക്ഷൻ 3 (1) നോട്ടിഫിക്കേഷൻ വരണം. എന്താണ് എ.ജി. അവിടെ സബ്മിറ്റ് ചെയ്തതെന്നറിയാമോ ? എംപവേർഡ് കമ്മിറ്റിക്ക് പ്രത്യേക പ്രൊസീഡ്യുവറും റൂൾസുമുണ്ട്. ഞാൻ വായിച്ചു നോക്കിയതാണ്. ഇവർ ഓരോന്നിനെക്കുറിച്ചും പറയണം. അത് അബദ്ധമാണെന്ന് തോന്നിയപ്പോൾ എ.ജി. സർട്ടിഫൈ ചെയ്തു. We have not issued any order എന്നു പറഞ്ഞു കോടതിയിൽ. അപ്പോൾ കോടതി എന്താണ് പറഞ്ഞത്. There is a notice before us. അതുകൊണ്ട് നിങ്ങൾ പറയുന്ന കാര്യങ്ങളിൽ എന്തെങ്കിലും നീതിയോ ന്യായമോ പുലർത്താൻ കഴിയുന്നില്ല. നിങ്ങൾ ഈ സഭയെ തെറ്റിദ്ധരിപ്പിക്കുന്ന സ്റ്റേറ്റുമെന്റ് നടത്തിയിരിക്കുന്നു. കോടതി ഇതിൽ കൂടുതൽ ശക്തമായ ഭാഷയിൽ ഒരു ഗവൺമെന്റിനെ വിമർശിക്കാനില്ല നിങ്ങൾക്കു മാനവും നാണവുമുണ്ടെങ്കിൽ ഒരു നിമിഷം പോലും അവിടെയിരിക്കാതെ...................., അഴിമതി നടന്നിട്ടുണ്ട്. കോഴ വാങ്ങിയിട്ടുണ്ട്. ലക്ഷക്കണക്കിന് രൂപ ഓരോ സ്കൂളിനും വാങ്ങിയിട്ടുണ്ട് എന്ന് ഞങ്ങൾ പറഞ്ഞു. ബഹുമാനപ്പെട്ട പി.ജെ. ജോസഫിനോടുള്ള എല്ലാ ആദരവോടും കൂടി പറയട്ടെ, അദ്ദേഹം പറഞ്ഞു. എനിക്കുമെതിരെ ആക്ഷേപമുണ്ട്. ശ്രീ. ആർ. ബാലകൃഷ്ണപിള്ളയ്ക്കെതിരെ ആക്ഷേപമുണ്ട്. ബാക്കി മന്ത്രിമാർക്കുമെതിരെയുമുണ്ട്. നിങ്ങൾ ഞങ്ങളെ സ്പെയർ ചെയ്യരുത്. നിങ്ങൾ കൊടുത്ത കുരിയാർകുറ്റി-കാരപ്പാറ കേസ് എഫ്.ഐ.ആർ.-ൽ നിൽക്കുകയാണ്. യോഗ്യന്മാർ എനിക്കു ചാർജ്ജു ഷീറ്റുപോലും തന്നിട്ടില്ല. മുഖ്യമന്ത്രിയോടു എനിക്കു ഒരു അപേക്ഷയുണ്ട്. എനിക്കെതിരെ എന്തു ആക്ഷേപമുണ്ടെങ്കിലും നിങ്ങൾ അതു ശക്തിയായി നേരിടണം. ഇവിടെ ഒരു മന്ത്രിയേയും നിങ്ങൾ സ്പെയർ ചെയ്യരുത്. മന്ത്രിമാരായിരുന്നവരെ ആരേയും നിങ്ങൾ സ്പെയർ ചെയ്യരുത്. നിങ്ങൾക്ക് ഇനി അവശേഷിക്കുന്ന കാലത്ത്, നിങ്ങൾ എത്ര കള്ളക്കേസ് വേണമെങ്കിലും എടുത്തുകൊള്ളൂ. നേരിടാൻ ഞങ്ങൾ തയ്യാറാണ്. ഐ.എ.എസ്. കാരെ പ്രതിയാക്കി ഇതിന്റെ പങ്കായിട്ട് അവരും കിടക്കട്ടെ. എന്നെ സ്പെയർ ചെയ്യണ്ട, എനിക്ക് നിങ്ങളുടെ ഔദാര്യം വേണ്ട. ഇവിടെ കോടതിയുണ്ടല്ലോ ? അവിടെ വച്ച് നമുക്ക് കാണാം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ഇരിപ്പുണ്ട്. എവിടെനിന്ന് കണ്ടെത്തും നിങ്ങൾ പണം? പത്തു മുന്നൂറു കോടി രൂപയുടെ കമിറ്റുമെന്റ് ഈ രാജ്യത്തുണ്ടാക്കി വച്ചിട്ട് ഈ രാജ്യത്തെ നശിപ്പിക്കാൻ ശ്രമിക്കുകയാണ്. അതുകൊണ്ട് ഈ സർക്കാരിന്റെ തെറ്റായ നയത്തിൽ ഞങ്ങൾ പ്രതിഷേധിക്കുന്നു. ഈ വിഷയം ഇവിടെ ചർച്ച ചെയ്യാത്തതിൽ ഞങ്ങൾക്കുള്ള അമർഷം രേഖപ്പെടുത്തികൊണ്ട് ഈ വാക്കൗട്ടിൽ ഞങ്ങളും പങ്കെടുക്കുന്നു. (ശ്രീ. ടി. എം. ജേക്കബും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട ശ്രീ. ജോണിനെല്ലൂരും സഭവിട്ട് പുറത്തുപോയി.)

(ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും ശ്രീമതി കെ.ആർ. ഗൗരിഅമ്മയും സഭവിട്ട് പുറത്തുപോയി.)

അല്പസമയത്തിനുള്ളിൽ പ്രതിപക്ഷാംഗങ്ങൾ സഭയിൽ വീണ്ടും ഹാജരായി.

LIBRARY ARCHIVES Kerala Legislative Assembly

# IV ശ്രദ്ധക്ഷണിക്കൽ

മി. സ്പീക്കർ : ശ്രദ്ധക്ഷണിക്കൽ .......... ശ്രീ. തമ്പാനൂർ രവി ................ ശ്രീ. തമ്പാനൂർ രവിയെ ബഹുമാനപ്പെട്ട സ്പീക്കർ ക്ഷണിച്ച ഉടനെതന്നെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കാൻ എഴുന്നേൽക്കുകയും സ്പീക്കർ അദ്ദേഹത്തെ സംസാരിക്കാൻ അനുവദിക്കുകയും ചെയ്തു.

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : സർ, കഴിഞ്ഞ രണ്ടു മാസമായി തുടരുന്ന വിദ്യാഭ്യാസ പ്രതിസന്ധി പരിഹരിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് കാണിക്കുന്ന കുറ്റകരമായ അനാസ്ഥയിലും ഹൈക്കോടതിയിൽ നിന്നും വളരെ വ്യക്തമായി, ഈ ഗവൺമെന്റിന്റെ നടപടികൾ ക്രമവിരുദ്ധമാണ്, ഭരണഘടനാ വിരുദ്ധമാണ്, ദുരുദ്ദേശപരമാണ് എന്ന് പറഞ്ഞതിനുശേഷവും അധികാരത്തിൽ കടിച്ചു തൂങ്ങുന്ന ഈ ഗവൺമെന്റിന്റെ നിലപാടിലും പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ ഇന്നുമുതൽ ഈ നിയമസഭയ്ക്കകത്ത് അനിശ്ചിതകാല നിരാഹാര സമരം ആരംഭിക്കുകയാണ്. സർവ്വശ്രീ. കെ. ബാബു, പി.ജെ. ജോയി, ബാബു ദിവാകരൻ, ജോണി നെല്ലൂർ, മാമ്മൻമത്തായി, ശ്രീമതി ശോഭനാ ജോർജ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഇന്ന് സഭയ്ക്ക് അകത്ത് അനിശ്ചിതകാലത്തേയ്ക്ക് നിരാഹാര സത്യാഗ്രഹം ആരംഭിക്കുകയാണ്.

മി. സ്പീക്കർ : പ്ലീസ്, പ്ലീസ്.................. ചെയർ ഒരു കാര്യം വീണ്ടും വീണ്ടും അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ആ തീരുമാനം പുനഃപരിശോധിക്കണം. സഭാനടപടികൾ നടത്തിക്കൊണ്ടുപോകാൻ സഹകരിക്കണം. സഭാ നടപടികൾ തുടരുകയാണ്.

സർവ്വശ്രീ. കെ. ബാബു, പി.ജെ. ജോയി, ബാബു ദിവാകരൻ, ജോണി നെല്ലൂർ, മാമ്മൻ മത്തായി, ശ്രീമതി ശോഭനാ ജോർജ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ സഭയുടെ നടുത്തളത്തിൽ സഭാ കവാടത്തിന് അഭിമുഖമായി നിലത്തിരുന്ന് അനിശ്ചിതകാല നിരാഹാര സത്യാഗ്രഹം ആരംഭിച്ചു. പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയുടെ നടത്തളത്തിനു സമീപം വന്നു നിന്ന് സത്യാഗ്രഹമിരിക്കുന്നവർക്ക് അഭിവാദ്യങ്ങളർപ്പിച്ചുകൊണ്ട് മുദ്രാവാക്യങ്ങൾ മുഴക്കി തുടർന്നുള്ള സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു. പ്രതിപക്ഷകക്ഷി നേതാക്കന്മാർ അവരവരുടെ സ്ഥാനങ്ങളിൽ എണീറ്റു നിന്ന്, പ്ലസ്ടു പ്രശ്നത്തിന്മേൽ ജുഡീഷ്യൽ അന്വേഷണത്തിന് ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നുണ്ടായിരുന്നു. സമാധാനപരമായി സഭയ്ക്കുള്ളിൽ സത്യാഗ്രഹം നടത്തുമ്പോൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനു മുന്നിൽ വാച്ച് ആന്റ് വാർഡ് ജീവനക്കാർ സംരക്ഷണ വലയം സൃഷ്ടിക്കേണ്ട ആവശ്യമില്ലെന്ന് ചില പ്രതിപക്ഷ അംഗങ്ങൾ വിളിച്ചു പറയുന്നുണ്ടായിരുന്നു.

മി. സ്പീക്കർ : വാച്ച് ആന്റ് വാർഡ് അവിടെ നിന്നു കൊള്ളട്ടെ.......... വാച്ച് ആന്റ് വാർഡ് എന്നു പറയുന്നത് ചെയറിനുവേണ്ടി മാത്രമുള്ളതല്ല. അവരുടെ സേവനം ഈ സഭയിലെ ഓരോ അംഗത്തിനും വേണ്ടിയുള്ളതാണ്. സഭാനടപടികൾ നടത്തിക്കൊണ്ടുപോകാൻ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. സഭാ നടപടികൾ തുടരുകയാണ്. ഐറ്റം നമ്പർ II, ശ്രദ്ധക്ഷണിക്കൽ...........

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തമ്പാനൂർ രവി............ (ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല.) ഐറ്റം നമ്പർ II, ഇല്ല. അടുത്തത് ഐറ്റം നമ്പർ III, പേപ്പേഴ്സ് ലെയ്ഡ് ഓൺ ദ ടേബിൾ ...................... ബഹുമാനപ്പെട്ട മുഖ്യമന്ത്രി.

# V Papers Laid on the Table

## Report of R. Gopalakrishna Pillai Commission of Inquiry Regarding Communal Clashes at Vizhinjam

Chief Minister **(Shri. E.K. Nayanar)** : Sir, I lay on the Table the Report of R.Gopalakrishna Pillai Commission of Inquiry Regarding Communal clashes on May 14 and July 10, 1995 at Vizhinjam together with the memorandum of action taken by the Government thereon.

# VI ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

## വിഴിഞ്ഞത്തുണ്ടായ വർഗ്ഗീയ സംഘട്ടനങ്ങളെക്കുറിച്ച് അന്വേഷിച്ച ആർ. ഗോപാലകൃഷ്ണപിള്ള കമ്മീഷൻ റിപ്പോർട്ടും അതിന്മേൽ ഗവൺമെന്റ് സ്വീകരിച്ച നടപടികളും

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, 1995 മേയ് 14, ജൂലായ് 10 എന്നീ തീയതികളിൽ വിഴിഞ്ഞത്തുണ്ടായ വർഗ്ഗീയ സംഘട്ടനങ്ങളെക്കുറിച്ച് അന്വേഷിച്ച് ആർ. ഗോപാലകൃഷ്ണപിള്ള കമ്മീഷൻ റിപ്പോർട്ടിനേയും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളേയും സംബന്ധിച്ച് ചട്ടം 300 അനുസരിച്ച് തയ്യാറാക്കിയ പ്രസ്താവന ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.†

(ബഹളം കാരണം പ്രസ്താവന നടത്തുന്നതിന് തടസ്സം നേരിട്ടതിനാൽ എഴുതി തയ്യാറാക്കിയ പ്രസ്താവന സ്പീക്കറുടെ അനുമതിയോടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയുടെ മേശപ്പുറത്തുവച്ചു.

മി. സ്പീക്കർ : ഐറ്റം നമ്പർ V ; സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം ബഹുമാനപ്പെട്ട ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി............

# VII സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) : 1999-ലെ കേരള സ്പോർട്സ് ബില്ലിനെ സംബന്ധിച്ചുള്ള സെലക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 2000 ജൂലായ് 17-ാം തീയതി വരെ ദീർഘിപ്പിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ കെ. ഇ. ഇസ്മയിൽ) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു. 1999 ലെ കേരളാ സ്പോർട്സ് ബില്ലിനെ സംബന്ധിച്ചുള്ള

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

സെലക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 2000 ജൂലൈ 17-ാം തീയതി വരെ ദീർഘിപ്പിക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

മി. സ്പീക്കർ : അടുത്തത് റിപ്പോർട്ട് സമർപ്പണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി.....................

## VIII റിപ്പോർട്ട് സമർപ്പണം

### കാര്യോപദേശക സമിതിയുടെ മുപ്പത്തിമൂന്നാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, കാര്യോപദേശക സമിതിയംഗവും സഭാ നേതാവുമായ ഞാൻ സമിതിയുടെ മുപ്പത്തിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : ബി.എ.സി. റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു. അടുത്തത് , ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി ..................

### 1999-ലെ കേരള സ്പോർട്സ് ബില്ലിനെ സംബന്ധിച്ച സെലക്ടു കമ്മിറ്റി റിപ്പോർട്ട്

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) : സർ, 1999-ലെ കേരള സ്പോർട്സ് ബില്ലിനെ സംബന്ധിച്ച സെലക്ടു കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

നിയമ വകുപ്പുമന്ത്രി .....................

### 2000-ത്തിലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ VII-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ 2000-ത്തിലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളിക്ഷേമനിധി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു. അടുത്തത്, സബ്ജക്ട് കമ്മിറ്റികളുടെ പീരിയോഡിക്കൽ റിപ്പോർട്ടുകൾ.

### ഒന്നുമുതൽ പത്തുവരെയുള്ള സബ്ജക്ട് കമ്മിറ്റിയുടെ 1998-99 വർഷത്തേക്കുള്ള ആനുകാലിക റിപ്പോർട്ടുകൾ

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 1998-99 വർഷത്തേക്കുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കുന്നു................. (ബഹളം).........

(പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിന് സമീപം നിന്ന് സഭാനടപടികൾ തടസ്സപ്പെടുത്തുന്ന വിധത്തിൽ മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ടിരുന്നു.)



LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : റവന്യൂ വകുപ്പുമന്ത്രി ..............................

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 1998-99 വർഷത്തേയ്ക്കുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കുന്നു........(ബഹളം)........

മി. സ്പീക്കർ : ജലസേചന വകുപ്പുമന്ത്രി.....................

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, III-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സബ്ജക്ട് കമ്മിറ്റി III ന്റെ 1998-99 വർഷത്തേയ്ക്കുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : വ്യവസായ വകുപ്പുമന്ത്രി ......................

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, IV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സബ്ജക്ട് കമ്മിറ്റി IV-ന്റെ 1998-99 വർഷത്തേക്കുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : ഗതാഗതവകുപ്പുമന്ത്രി......

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ.സി.കെ. നാണു) : സർ, V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 1998-99 വർഷത്തേയ്ക്കുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : വിദ്യാഭ്യാസ വകുപ്പുമന്ത്രി...................

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 1998-99 വർഷത്തേയ്ക്കുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : ഭക്ഷ്യ വകുപ്പുമന്ത്രി................

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 1998-99 വർഷത്തേയ്ക്കുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കുന്നു. .................... (ബഹളം)........................

മി. സ്പീക്കർ : ധനകാര്യ വകുപ്പുമന്ത്രി...............

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 1998-99 വർഷത്തേയ്ക്കുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : വിദ്യുച്ഛക്തി വകുപ്പുമന്ത്രി...............

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ IX-ാം നമ്പർ

LIBRARY ARCHIVES Kerala Legislative Assembly

സബ്ജക്ട് കമ്മിറ്റിയുടെ 1998-99 വർഷത്തേയ്ക്കുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി................

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 1998-99 വർഷത്തേയ്ക്കുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

**പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ അൻപത്തിഎട്ടാമത് റിപ്പോർട്ട്**

മി. സ്പീക്കർ : ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ ................

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : സർ, പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ അൻപത്തിയെട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു. ശ്രീ. പി.സി. ജോർജ്.........

**ഹർജികൾ സംബന്ധിച്ച സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട്**

ശ്രീ. പി. സി. ജോർജ് : ഹർജികൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## IX റിപ്പോർട്ട് പരിഗണന

**കാര്യോപദേശക സമിതിയുടെ മുപ്പത്തിമൂന്നാമത് റിപ്പോർട്ട്**

മി. സ്പീക്കർ : ബി.എ.സി. റിപ്പോർട്ട് പരിഗണന, ബഹുമാനപ്പെട്ട മുഖ്യമന്ത്രി........

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : ബി.എ.സി. യുടെ മുപ്പത്തിമൂന്നാമത് റിപ്പോർട്ട് പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഞാൻ പിൻതാങ്ങുന്നു.

മി. സ്പീക്കർ : ഭേദഗതി ഇല്ല ; റിപ്പോർട്ട് പരിഗണനയ്ക്കെടുക്കുന്നു..............

കര്യോപദേശക സമിതിയുടെ 33-ാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു. ............ (ബഹളം) ................

(പാർട്ടിനേതാക്കൾ ഒഴികെയുള്ള പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയുടെ നടുത്തളത്തിൽ ഇറങ്ങി 'പ്ലസ്ടു കൂട്ടുകച്ചവടം അവസാനിപ്പിക്കുക.' 'ജുഡീഷ്യൽ

LIBRARY ARCHIVES Kerala Legislative Assembly

അന്വേഷണം നടത്തുക,' 'പ്ലസ്ടൂ മുഴുവൻ അഴിമതിയാണേ' 'യു.ഡി.എഫ്. സിന്ദാബാദ്' ഹൈക്കോടതി പറഞ്ഞിട്ടും അന്വേഷണമില്ലേ സർക്കാരേ തുടങ്ങിയ മുദ്രാവാക്യങ്ങൾ വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## X റൂളിംഗ്

### (1) സഭയ്ക്കുള്ളിൽ അനിശ്ചിതകാല നിരാഹാര സമരം നടത്തുന്നത് സംബന്ധിച്ച്

മി. സ്പീക്കർ : ഇന്നത്തെ തുടർന്നുള്ള നടപടിക്രമങ്ങളിലേയ്ക്ക് സഭയ്ക്ക് കടക്കേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതനുസരിച്ച് ഇവിടെ ഇന്ന് ആരംഭിച്ചിരിക്കുന്ന സമരം, ഈ നിയമസഭയ്ക്കുള്ളിൽ നടത്തുന്ന ഒരു അനിശ്ചിതകാല സമരമാണ്, കേരള നിയമസഭ കഴിഞ്ഞ കാലങ്ങളിലൊന്നും തന്നെ അംഗീകരിച്ചിട്ടില്ലാത്ത, കീഴ്‌വഴക്കമായി സ്വീകരിച്ചിട്ടില്ലാത്ത ഒരു നടപടിക്രമമാണ്. അതുകൊണ്ട് ചെയറിന് വീണ്ടും വീണ്ടും അപേക്ഷിക്കാനുള്ളത്. ഒരു തവണയല്ല നൂറുവട്ടം പറയുന്നു ഇതിനെ സംബന്ധിച്ച് പുനഃപരിശോധിക്കണമെന്നാണ്. നിയമസഭാ നടപടികൾ നടത്തിക്കൊണ്ട് പോകുന്നതിനുവേണ്ടി ജനാധിപത്യം സംരക്ഷിക്കാൻ വേണ്ടി പ്രതിപക്ഷം സഹകരിക്കണം.................. (ബഹളം)............. നമ്മുടെ സഭയിൽത്തന്നെ തുടർന്നു വന്നിട്ടുള്ള കീഴ്‌വഴക്കം................. ഇത്തരം അവസരങ്ങളിൽ നിയമസഭയ്ക്ക് പുറത്ത് അനിശ്ചിതകാല സമരം നടത്തുക എന്നതാണ്. പലപ്പോഴും അതിവിടെ ഉണ്ടായിട്ടുണ്ട്. നിയമസഭയ്ക്ക് പുറത്ത് ഇതൊരു നടപടിയായിട്ട് കഴിഞ്ഞ സഭകളിലും ഉണ്ടായിട്ടുണ്ട്. അതല്ലാതെ നിയമസഭയ്ക്കുള്ളിൽ ഇത് ആവർത്തിക്കുന്നത് ഒരിക്കലും ജനാധിപത്യത്തിന് ഭൂഷണമല്ല എന്ന കാര്യം ചെയർ പറയാൻ ആഗ്രഹിക്കുകയാണ്. സഭാനടപടികൾ തുടർന്നുകൊണ്ട് പോകുന്നതിനുവേണ്ടി നിങ്ങളുടെ തീരുമാനം പുനഃപരിശോധിക്കണം, വീണ്ടും ആലോചിക്കണമെന്ന് ചെയർ അഭ്യർത്ഥിക്കുകയാണ് ............(ബഹളം).............. ഒരു കാര്യംകൂടി ചെയർ ഇവിടെ ആവർത്തിക്കാൻ ആഗ്രഹിക്കുന്നു. കേരള നിയമസഭയെ സംബന്ധിച്ചിടത്തോളം ഇതൊരു അസാധാരണമായ സ്ഥിതിവിശേഷമാണ്. കഴിഞ്ഞ കാലങ്ങളിലൊന്നും ഇങ്ങനെയുള്ള ഒരു സംഭവം അംഗീകരിച്ച കീഴ്‌വഴക്കമില്ല. അതുകൊണ്ട് സഭാ നടപടികൾ തുടർന്നു കൊണ്ട് പോകുന്നതിനുവേണ്ടിയുള്ള പ്രതിപക്ഷത്തിന്റെ സമീപനമെന്താണെന്ന് അറിയാൻ ചെയറിന് ആഗ്രഹമുണ്ട്...........(ബഹളം)............. (ബഹളം) .......... ചെയർ പറയുന്നത് എന്താണെന്ന് കേൾക്കാൻ പോലും കഴിയാത്ത രീതിയിൽ സഭാംഗങ്ങൾ ബഹളംവച്ച് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു. വളരെ ഗൗരവമുള്ള ഒരു പ്രശ്നമെന്നുള്ള നിലയിൽ സഭാ നടപടികളെ സംബന്ധിച്ച് അസാധാരണമായിട്ടുള്ള അങ്ങേയറ്റം ഗൗരവമായിട്ടുള്ള ഒരു പ്രശ്നമെന്നുള്ള നിലയിൽ ഇതിനെ സംബന്ധിച്ചിടത്തോളം ഒരു തീരുമാനം കൈക്കൊള്ളുന്നതിന് ചെയറിന് അല്പം സാവകാശം വേണം. അതിനാൽ അല്പസമയത്തേയ്ക്ക് സഭാനടപടികൾ നിർത്തിവയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സഭാനടപടികൾ ഉച്ചയ്ക്ക് 12.15-ന് അല്പസമയത്തേയ്ക്ക് നിർത്തിവയ്ക്കുകയും 12.47-ന് സഭ വീണ്ടും സമ്മേളിക്കുകയും ചെയ്തു.)

**(2) അജണ്ട അനുസരിച്ചുള്ള ബിസിനസ്സുകൾ പൂർത്തിയാക്കേണ്ടത് സംബന്ധിച്ച്**

മി. സ്പീക്കർ: ഓർഡർ .............. ഓർഡർ.......... കേരള നിയമസഭയുടെ ചരിത്രത്തിൽ അസാധാരണമായിട്ടുള്ള ഒരു സ്ഥിതിവിശേഷമാണ് ഇപ്പോൾ നാമിവിടെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഒന്നും പോകുന്നില്ല. ഇതിനൊരു പരിഹാരം കണ്ടെത്തുക എന്ന അതിയായ ആഗ്രഹം വച്ചുകൊണ്ട്. അവസാനത്തെ പരിശ്രമം എന്ന നിലയ്ക്ക് സഭ അല്പസമയത്തേയ്ക്ക് നിർത്തിവയ്ക്കുകയുണ്ടായി. ഈ സ്ഥിതിക്ക് മാറ്റം വരുത്തുന്നതിനുവേണ്ടിയുള്ള പരസ്പര ചർച്ചകളും കൂടിയാലോചനകളും നടത്തുകയുണ്ടായി. എന്നിട്ടൊന്നുംതന്നെ അതിന് ഫലപ്രാപ്തി ഉണ്ടായില്ല എന്ന കാര്യം വളരെ ഹൃദയവേദനയോടുകൂടി ഞാൻ ഈ സഭ മുമ്പാകെ അവതരിപ്പിക്കുകയാണ്. ഇന്നത്തെ ബിസിനസ്സ് രണ്ട് രൂപത്തിലുള്ളതാണ്. തുടർന്നുള്ള സഭാ നടപടികൾ എങ്ങനെ നടത്തണമെന്നതിനെ സംബന്ധിച്ച് ബിസിനസ്സ് അഡ്വൈസറി കമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ട്, ജൂലൈ 26 വരെയുള്ള ബിസിനസ്സ് സഭയിൽ അവതരിപ്പിക്കുകയും സഭ അത് അംഗീകരിക്കുകയും ചെയ്തതാണ്. അതിന്റെ ആദ്യ ദിവസത്തെ ബിസിനസ്സാണ് ഇന്നിവിടെ നടക്കുന്നത്. ഈ ദിവസത്തെ ബിസിനസ്സുകളെ സംബന്ധിച്ച് മുൻകൂട്ടി തീരുമാനങ്ങൾ എടുക്കുകയും അറിയിപ്പുകൾ നൽകുകയും ചെയ്തിരുന്നു. അതിന്റെയടിസ്ഥാനത്തിൽ ബിസിനസ്സിലേക്ക് കടന്നപ്പോഴാണ് അല്പസമയത്തേയ്ക്ക് സഭാനടപടികൾ നിർത്തിവയ്ക്കാൻ ഞാൻ നിർബന്ധിതനായത്. എന്തായാലും ഇന്നത്തെ അജണ്ട അനുസരിച്ചുള്ള ബിസിനസ്സ് തുടരുകയാണ്. (.ബഹളം.................. ബഹളം...................)

(അജണ്ട അനുസരിച്ചുള്ള തുടർ നടപടികളിലേക്ക് ബഹു. സ്പീക്കർ കടന്നപ്പോൾ പ്രതിപക്ഷ കക്ഷി അംഗങ്ങൾ യു.ഡി.എഫ്. സിന്ദാബാദ്, 'അഴിമതി വിരുദ്ധ സമരം സിന്ദാബാദ്' തുടങ്ങിയ മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ട് വീണ്ടും സഭയുടെ നടുത്തളത്തിലിറങ്ങി നിരാഹാര സത്യാഗ്രഹം നടത്തുന്ന അംഗങ്ങളുടെ ചുറ്റും കൂടി നിന്ന് സഭാനടപടികൾ തടസ്സപ്പെടുത്തുന്നതിന് ശ്രമിച്ചുകൊണ്ടിരുന്നു.)

(........... ബഹളം ............ ബഹളം...........)

മി. സ്പീക്കർ: ഇന്നത്തെ അജണ്ടയിലെ 8-ാം മത്തെ ഇനമായ ധനകാര്യത്തിലേയ്ക്ക് കടക്കുകയാണ്. ബഹളം... ബഹളം.........)

(പ്രതിപക്ഷാംഗങ്ങളുടെ ബഹളത്തിനിടയിൽ താഴെപ്പറയുംപ്രകാരം സഭാ നടപടികൾ തുടർന്നു.)

LIBRARY ARCHIVES Kerala Legislative Assembly

# XI ധനകാര്യം

## 2000-2001 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൽമേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XX ശുദ്ധജലവിതരണവും ശുചീകരണവും
(1,92,13,35,000)

ധനാഭ്യർത്ഥന നമ്പർ XXIV തൊഴിലും തൊഴിലാളിക്ഷേമവും
(82,43,63,000)

ധനാഭ്യർത്ഥന നമ്പർ XXXVIII ജലസേചനം
(1,93,35,47,000)

ബഡ്ജറ്റ് എസ്റ്റിമേറ്റ് 2000-2001

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | 27-3-2000-ത്തിൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
|---|---|---|---|---|---|---|
| | | റവന്യൂ രൂപ | മൂലധനം രൂപ | റവന്യൂ രൂപ | മൂലധനം രൂപ | ആകെ രൂപ |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XX | ശുദ്ധജല വിതരണവും ശുചീകരണവും. | 69,40,01,000 | 26,66,66,000 | 1,38,80,01,000 | 53,33,34,000 | 1,92,13,35,000 |
| XXIV | തൊഴിലും തൊഴിലാളി ക്ഷേമവും. | 41,19,38,000 | 2,44,000 | 82,38,77,000 | 4,86,000 | 82,43,63,000 |
| XXXVIII | ജലസേചനം. | 32,65,58,000 | 64,02,16,000 | 65,31,14,000 | 1,28,04,33,000 | 1,93,35,47,000 |

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടേയും തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടേയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കു നേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2000-2001 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

## ധനാഭ്യർത്ഥന നമ്പർ XXV

ബഡ്ജറ്റ് എസ്റ്റിമേറ്റ് 2000-2001

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ | XXV | പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം. |
| | | (2,96,12,70,000) |

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | 27-3-2000-ത്തിൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
|---|---|---|---|---|---|---|
| | | റവന്യൂ രൂപ | മൂലധനം രൂപ | റവന്യൂ രൂപ | മൂലധനം രൂപ | ആകെ രൂപ |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XXV | പട്ടികജാതി/ പട്ടികവർഗ്ഗ /മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം. | 1,39,24,46,000 | 8,81,89,000 | 78,48,92,000 | 17,63,78,000 | 2,96,12,70,000 |

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2000-2001 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) : സർ, പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ | XXIX | കൃഷി |
| | | (2,80,57,45,000) |

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റ് എസ്റ്റിമേറ്റ് 2000-2001

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | 27-3-2000-ത്തിൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
|---|---|---|---|---|---|---|
| | | റവന്യൂ രൂപ | മൂലധനം രൂപ | റവന്യൂ രൂപ | മൂലധനം രൂപ | ആകെ രൂപ |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XXIX | കൃഷി | 1,29,82,81,000 | 10,45,91,000 | 2,59,65,61,000 | 20,91,84,000 | 2,80,57,45,000 |

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2000-2001 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

ധനാഭ്യർത്ഥന നമ്പർ XV പൊതുമരാമത്ത്
(3,55,89,91,000)

ധനാഭ്യർത്ഥന നമ്പർ XVII വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്ക്കാരം.
(18,96,72,05,000)

ധനാഭ്യർത്ഥന നമ്പർ XXI ഭവനനിർമ്മാണം
(41,43,99,000)

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റ് എസ്റ്റിമേറ്റ് 2000-2001

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | 27-3-2000-ത്തിൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
|---|---|---|---|---|---|---|
| | | റവന്യൂ രൂപ | മൂലധനം രൂപ | റവന്യൂ രൂപ | മൂലധനം രൂപ | ആകെ രൂപ |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XV | പൊതുമരാമത്ത് | 1,29,80,95,000 | 48,14,00,000 | 2,59,61,90,000 | 96,28,01,000 | 3,55,89,91,000 |
| XVII | വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്ക്കാരം | 9,40,94,69,000 | 7,41,33,000 | 18,81,89,38,000 | 14,82,67,000 | 18,96,72,05,000 |
| XXI | ഭവന നിർമ്മാണം | 16,58,20,000 | 4,13,79,000 | 33,16,40,000 | 8,27,59,000 | 41,43,99,000 |

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടേയും വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2000-2001 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 236 (3) അനുസരിച്ച് ധനാഭ്യർത്ഥന നമ്പർ XX, XXIV, XXXVIII, XXV, XXIX, XV, XVII, XXI -എന്നിവ സംബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ : നാലു മന്ത്രിമാരുടെ ഡിമാന്റുകളിലും കട്ട്മോഷൻ ഒന്നുമില്ല.

(പ്രതിപക്ഷാഗംങ്ങൾ മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല. ധനാഭ്യർത്ഥനകളിന്മേൽ ചർച്ചയും ഉണ്ടായില്ല.)

മി. സ്പീക്കർ : ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടേയും തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ



LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥനയുടേയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യവിവരപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2000-20001 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തിയാക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ......................

പ്രതികൂലിക്കുന്നവർ ......................

പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2000-2001 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ......................

പ്രതികൂലിക്കുന്നവർ ......................

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2000-2001 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ......................

പ്രതികൂലിക്കുന്നവർ ......................

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടേയും വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യ വിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2000-2001 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കന്നവർ.........................

പ്രതികൂലിക്കുന്നവർ ......................

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Page 61 of 63

## റൂളിംഗ്

### സഭാ നടപടികൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്തത് സംബന്ധിച്ച്

മി. സ്പീക്കർ : ഇന്നത്തെ ബിസിനസ് കഴിഞ്ഞിരിക്കുന്നു. തുടർന്നുള്ള ദിവസങ്ങളിലെ ബഡ്ജറ്റ് നടപടികളെ സംബന്ധിച്ച് ജൂലൈ 26 വരെ പരിഗണിക്കേണ്ട ബിസിനസ്സുകൾ ഉൾപ്പെടുന്ന ബി.എ.സി. റിപ്പോർട്ട് ഇവിടെ അംഗീകരിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് തുടർന്നുള്ള ബിസിനസ്സുകൾ നടത്തേണ്ടതായിട്ടുള്ളത്. എന്നാൽ ചെയറിന് അതനുസരിച്ച് മുന്നോട്ടു പോകുവാൻ കഴിയാത്ത സ്ഥിതി വിശേഷം ഇവിടെ സംജാതമായിരിക്കുന്നു. ആയതിനാൽ ബഹുമാനപ്പെട്ട മുഖ്യ മന്ത്രിക്ക് ബി.എ.സി. റിപ്പോർട്ടിനെ സംബന്ധിച്ച് പറയാനുള്ളത് പറയാം.

## XII കാര്യോപദേശകസമിതി 33-ാമത് റിപ്പോർട്ടിലെ ശുപാർശയിന്മേൽ ഭേദഗതി വരുത്തണമെന്ന പ്രമേയം

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : "സഭ സുഗമമായി നടത്തിക്കൊണ്ടു പോകുന്നതിന് സഹായകമല്ലാത്ത സ്ഥിതിവിശേഷം സംജാതമായിരിക്കുന്നതിനാൽ സഭ അംഗീകരിച്ച കാര്യോപദേശ സമിതിയുടെ മുപ്പത്തിമൂന്നാമത് റിപ്പോർട്ടിലെ ശുപാർശകൾ ഭേദഗതി ചെയ്ത ഉപധനാഭ്യർത്ഥനകൾ ഉൾപ്പെടെയുള്ള ധനകാര്യ ബിസിനസുകൾ ഇന്ന് തന്നെ പരിഗണനയ്ക്കെടുത്ത് പാസ്സാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

## റൂളിംഗ്

### പ്രതിപക്ഷാംഗങ്ങളിൽ ചിലർ സഭയുടെ നടുത്തളത്തിൽ നിരാഹാര സത്യാഗ്രഹം നടത്തുന്നതിലൂടെ ഉണ്ടായ സഭാ സ്തംഭനത്തെത്തുടർന്ന് ശേഷിച്ച ധനാഭ്യർത്ഥനകൾ പാസ്സാക്കുന്നത് സംബന്ധിച്ച്

മി. സ്പീക്കർ : ഓർഡർ ................ ഓർഡർ ................ ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയ്ക്ക്. ഇനിയാണ് വളരെ പ്രധാനപ്പെട്ട കാര്യങ്ങൾ വരുന്നത്. വളരെ അസാധാരണമായ ഒരു സ്ഥിതിവിശേഷമാണ് ഈ സഭയിൽ സംജാതമായിരിക്കുന്നത്. ഈ സഭാസമ്മേളനം ആരംഭിച്ചത് ജൂൺ 19-നാണ്. 2000-2001-ലെ സംസ്ഥാന ബഡ്ജറ്റ് പാസ്സാക്കുകയെന്ന നിയമസഭയുടെ പരമപ്രധാനമായ കടമയാണ് ഈ സമ്മേളനത്തിന് നിർവ്വഹിക്കാനുള്ളത്. അതോടൊപ്പം അത്യാവശ്യം ചില നിയമനിർമ്മാണങ്ങൾ കൂടി നടത്തുകയായിരുന്നു ഉദ്ദേശം. ജൂൺ 19-ന് ആരംഭിച്ച നിയമസഭ ജൂൺ 28 വരെ സമ്മേളിച്ചുവെങ്കിലും സഭാനടപടികൾ ഒരു ദിവസംപോലും പൂർണ്ണമായി നടത്തിത്തീർക്കുവാൻ നമുക്ക്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞിട്ടില്ല. എല്ലാ ദിവസവും ചടങ്ങ് നിർവ്വഹിക്കൽ മാത്രമായിരുന്നു. ഇതിനിടയിൽ സംഘർഷഭരിതമായ ചില സംഭവങ്ങൾ ഈ സഭയിൽ ഉണ്ടായി. എങ്കിലും അച്ചടക്ക നടപടികളിലേയ്ക്കൊന്നും കടക്കാതെ തികച്ചും സംയമനം പാലിച്ച് അനുരഞ്ജനത്തിന്റെ മാർഗ്ഗമാണ് ചെയർ സ്വീകരിച്ചത്. ഇത്രയും ദീർഘമായ ഒരു സഭാസ്തംഭനം കേരള നിയമസഭയുടെ ചരിത്രത്തിൽത്തന്നെ ആദ്യത്തെ അനുഭവമാണ്. ജൂൺ 28-ന് നാടകീയമായ ചില സംഭവവികാസങ്ങൾ ഈ സഭയിൽ അരങ്ങേറി. ബഹുമാനപ്പെട്ട നാലു സാമാജികർ സഭയുടെ നടുത്തളത്തിൽ അനിശ്ചിതകാല നിരാഹാരസത്യാഗ്രഹം ആരംഭിച്ചു. കേരള നിയമസഭ അംഗീകരിച്ച ഒരു സമര മാർഗ്ഗമല്ല ഇതെന്നും, ബഹുമാനപ്പെട്ട അംഗങ്ങൾ ദയവുചെയ്ത് പിന്തിരിയണമെന്നും നിയമസഭയുടെ നല്ല പാരമ്പര്യം കാത്തുസൂക്ഷിക്കണമെന്നും ചെയർ അഭ്യർത്ഥിച്ചു. 1975-ൽ ഇത്തരത്തിൽ ഒരു അസാധാരണ സംഭവമുണ്ടായി എന്നത് വസ്തുതയാണ്. പക്ഷേ പിന്നീട് ആരും അത് ആവർത്തിച്ചിട്ടില്ല എന്നു മാത്രമല്ല, അനിശ്ചിതകാല സത്യാഗ്രഹ സമരം സഭയ്ക്ക് പുറത്ത് നടത്തുക എന്ന പതിവാണ് ഇവിടെ അംഗീകരിച്ചു പോന്നിട്ടുള്ളത്. സഭയ്ക്കുള്ളിൽ അനിശ്ചിതകാല സമരം ഒരു കീഴ്വഴക്കമായി അംഗീകരിച്ചാൽ ഈ സഭ മേലിൽ ഒരിക്കലും സുഗമമായി നടത്താൻ സാധിക്കുകയില്ല. ഈ രീതി തുടർന്നാൽ നാളെ ഈ സഭയുടെ ഗതി എന്താകുമെന്ന് ചോദിക്കുവാൻ ചെയർ ആഗ്രഹിക്കുകയാണ്. അനിശ്ചിതകാല നിരാഹര സമരം സഭയ്ക്കുള്ളിൽ തുടരാൻ തീരുമാനിച്ചാൽ ചെയറിന് മുന്നിൽ രണ്ട് മാർഗ്ഗങ്ങൾ മാത്രമാണ് അവശേഷിക്കുക. ഒന്ന്, സമരക്കാരായ സാമാജികരെ നീക്കംചെയ്ത് അവരുടെമേൽ അച്ചടക്ക നടപടി സ്വീകരിക്കുക ; മറ്റു സാമാജികർ ഈ പാത പിൻതുടർന്നാൽ അവരേയും നീക്കം ചെയ്യുക ; അവരുടെ മേലും അച്ചടക്ക നടപടി സ്വീകരിക്കുക. രണ്ട്, മറ്റു മാർഗ്ഗങ്ങൾ ഒന്നും ഇല്ലാതെ വരുന്ന സാഹചര്യത്തിൽ ബഡ്ജറ്റ് പാസ്സാക്കി കൊടുക്കുക എന്ന ഭരണഘടനാ ബാദ്ധ്യത നിറവേറ്റുക. ഈ രണ്ടു മാർഗ്ഗങ്ങളിൽ ഏത് സ്വീകരിക്കാമെന്ന് ആലോചിക്കുന്ന വേളയിലാണ് സഭയുടെ അന്തരീക്ഷത്തിന് അയവു വരുത്തുവാൻ വേണ്ടി മൂന്നാമത് ഒരു നിർദ്ദേശം ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുന്നോട്ടു വച്ചത്. അങ്ങനെയാണ് സഭ താൽക്കാലികമായി നിർത്തി വയ്ക്കപ്പെട്ടത്. ഇന്ന് വീണ്ടും സഭ ചേർന്നുവെങ്കിലും കഴിഞ്ഞ ഒരു മാസക്കാലമായി തുടരുന്ന സഭാസ്തംഭനം അതേപടി ഇപ്പോഴും തുടരുകയാണ്. ഇവിടെ അവശേഷിക്കുന്നത് രണ്ട് മാർഗ്ഗങ്ങൾ മാത്രമാണ്. ഒന്ന് സഭാ നടത്തിപ്പിനുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതിന് സമരക്കാരായ സാമാജികരെ നീക്കം ചെയ്യുക: അവരുടെ മേൽ നടപടി സ്വീകരിക്കുക അത് ബലപ്രയോഗത്തിനും സംഘർഷത്തിനും വഴിവയ്ക്കും. രണ്ട് ഭരണഘടനാ ബാദ്ധ്യത നിറവേറ്റാൻവേണ്ടിമാത്രം നിലവിലുള്ള റൂളുകൾ തന്നെ സസ്പെന്റ് ചെയ്തുകൊണ്ട് സംസ്ഥാന ബഡ്ജറ്റ് പാസ്സാക്കിക്കൊടുക്കുക. അങ്ങേയറ്റത്തെ ക്ഷമാശീലവും സംയമനവുമാണ് ചെയറിനുള്ളത്. അനുരഞ്ജനത്തിനുള്ള മാർഗ്ഗങ്ങളെല്ലാം ചെയർ ആരാഞ്ഞു. ഒരു പോംവഴിയും ചെയർ കാണുന്നില്ല. സാധാരണ നിലയിൽത്തന്നെ സഭ നടത്തുക എന്നു പറഞ്ഞാൽ ഒരു മൽപ്പിടിത്തത്തിനും സംഘർഷത്തിനും മസിൽപവ്വറിനുമുള്ള വേദിയായി നിയമസഭ മാറുകയായിരിക്കും ഫലം. അങ്ങനെയുള്ള ഒരു അനിഷ്ട

സംഭവത്തിലേയ്ക്ക് ഈ സഭാവേദിയെ കൊണ്ടുപോകാൻ ചെയർ ആഗ്രഹിക്കുന്നില്ല. 10-ാം കേരള നിയമസഭയുടെ നാലു വർഷക്കാലത്തെ നല്ല പാരമ്പര്യം ഉയർത്തിപ്പിടിച്ചുകൊണ്ട് ജനാധിപത്യത്തിന്റെ ശ്രീകോവിലായ ഈ നിയമസഭയുടെ പരിപാവനത സംരക്ഷിക്കുന്നതിനുവേണ്ടിമാത്രം ബഡ്ജറ്റ് പാസ്സാക്കിക്കൊടുക്കുക എന്ന എന്നിൽ അർപ്പിതമായ ആ ഭരണഘടനാ ബാദ്ധ്യത നിറവേറ്റാൻ ഞാൻ ആഗ്രഹിക്കുന്നു. ഉദാത്തമായ ജനാധിപത്യ മൂല്യബോധം എന്റെ നടപടികൾക്ക് സാധൂകരണം നൽകുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

ഓർഡർ.................. ഓർഡർ .......................... കാര്യോപദേശക സമിതിയുടെ 33-ാമത് റിപ്പോർട്ട് ഭേദഗതി ചെയ്യുന്നതിനായി മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ......................

പ്രതികൂലിക്കുന്നവർ ......................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

പ്രമേയത്തിന്റെയടിസ്ഥാനത്തിൽ തുടർന്നുള്ള നടപടികളിലേക്ക് കടക്കുവാൻ ചെയർ നിർബന്ധിതനാകുകയാണ്.

## ധനകാര്യം (തുടർച്ച)

ധനാഭ്യർത്ഥന നമ്പർ V — കാർഷികാദായ നികുതിയും വില്പന നികുതിയും (38,06,60,000)

ധനാഭ്യർത്ഥന നമ്പർ VIII — എക്സൈസ് (26,50,13,000)

**ബഡ്ജറ്റ് എസ്റ്റിമേറ്റ് 2000-2001**

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | 27-3-2000-ത്തിൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
|---|---|---|---|---|---|---|
| | | റവന്യൂ രൂപ | മൂലധനം രൂപ | റവന്യൂ രൂപ | മൂലധനം രൂപ | ആകെ രൂപ |
| (1) | (2) | (3) | (4) | (5) | (6) | (7) |
| V | കാർഷികാദായ നികുതിയും വില്പന നികുതിയും | 19,03,30,000 | | 38,06,60,000 | | 38,06,60,000 |
| VIII | എക്സൈസ് | 13,25,06,000 | | 26,50,13,000 | | 26,50,13,000 |

LIBRARY ARCHIVES Kerala Legislative Assembly